വില ₹30/-

# ജീവനും വെളിച്ചവും

ജനുവരി 2024



## ക്രിസ്തുമസ് പുതുവത്സര ആശംസകൾ

MANGALAM TRAVEL & TOURS
THE TRAVEL PROFESSIONALS

THE TRAVEL MAESTRO
MANGALAM HOLIDAYS
INDIA Pvt.Ltd



Prayerful Birthday Wishes to
Most Rev. Dr. Thomas J.Netto
May God Continue to lead you and keep you Strong



**ജീവനും വെളിച്ചവും**

**തിരുവനന്തപുരം**
**ലത്തീൻ അതിരൂപത**
**പ്രസിദ്ധീകരണം**

2024 ജനുവരി
പുസ്തകം - 48 ലക്കം - 1
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. ഡാനിയേൽ ആർ.
ഫാ. സജു റോൾഡോൻ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. അസ്സീസി ജോൺ സുമേഷ്
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഡേവിഡ്സൻ ജസ്റ്റസ്
ഫാ. ജോർജ്ജ് ഗോമസ്
ഫാ. വിജിൽ ജോർജ്ജ്
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
സതീഷ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.



*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


## മുഖവിചാരം



# ക്രിസ്തുമസ് എന്ന മഹാത്ഭുതം

സ്വർഗ്ഗം നഷ്ടപ്പെടുത്തിയ ദൈവം ചെളിയും മണ്ണും നിറഞ്ഞ ഭൂമിയിൽ മണ്ണ് കൊണ്ട് നിർമ്മിച്ച മനുഷ്യനായി തീർന്നത് ലോകം കണ്ട ഏറ്റവും വലിയ അത്ഭുതം ആയിരുന്നു. ആ അത്ഭുതം സംഭവിച്ചപ്പോൾ ലോകം മഞ്ഞു പുതച്ചുറങ്ങുകയായിരുന്നു പണ്ഡിതർ തങ്ങളുടെ ഗ്രന്ഥശാലകളിൽ ഇരുന്ന് അറിവ് തിരയുകയായിരുന്നു. രാജാക്കന്മാർ ചെങ്കോലും രാജകിരീടവും അന്തപുരങ്ങളിൽ സുരക്ഷിതമാക്കുകയായിരുന്നു. ജോലിക്കാർ അർഹമായ നിദ്ര അവകാശപ്പെടുത്തുകയായിരുന്നു. അവിചാരിതമായ ഒരു സ്ഥലത്ത് അപ്രതീക്ഷിതമായ ഒരു സമയത്ത് ഭൂമിയിൽ സ്വർഗ്ഗത്തിന്റെ സാന്നിധ്യം നിറയുന്നു. അപ്രധാനമായ ഒരു ബാല്യത്തിന് മുമ്പിൽ  വിശക്കുന്ന വിയർപ്പൊഴുക്കുന്ന ആട്ടിടയന്മാരും ഗ്രന്ഥപ്പുരകൾ വിട്ടറങ്ങിയ ജ്ഞാനികളും തങ്ങളുടെ കിടപ്പാടം വിട്ടുകൊടുത്ത നാൽക്കാലികളും തങ്ങളുടെ ജീവിതനിയോഗം കണ്ടെത്തി. അഭൗമികത ഭൗതികതയെ സ്പർശിച്ചു,  ആശീർവദിച്ചു വിശുദ്ധീകരിച്ചു. തങ്ങളുടെ രാജകുമാരനെ നഷ്ടപ്പെടുത്താൻ സ്വർഗം തയ്യാറായപ്പോൾ ഭൂമി തന്റെ ആയുസ്സിലെ ഏറ്റവും വലിയ കൃപ സമ്മാനമായി സ്വീകരിച്ചു.

നിശബ്ദമായി നൽകാൻ
നിസ്വാർത്ഥമായി നൽകാൻ
നിരന്തരം നൽകാൻ
എളിമയോടെ നിലനിൽക്കാൻ

ക്രിസ്തുമസ് എന്ന മഹാത്ഭുതം നമ്മെ ഒരിക്കൽകൂടി ഓർമിപ്പിക്കുന്നു....

ജീവനും വെളിച്ചത്തിന്റെയും പ്രിയ വായനക്കാർക്ക് ഹൃദയം നിറഞ്ഞ ക്രിസ്തുമസ് പുതുവത്സരാശംസകൾ !

- പത്രാധിപർ

## പ്രതികരണങ്ങൾ




### നവോത്ഥാനത്തിൽ ക്രൈസ്തവ മിഷണറിമാരുടെ പങ്ക്

കഴിഞ്ഞ ലക്കം ജീവനും വെളിച്ചവും മാസകയിൽ പ്രസിദ്ധീകരിച്ച ശ്രീ. ജോൺസൺ റോച്ചിന്റെ 'കേരളീയ നവോത്ഥാനവും ക്രൈസ്തവ മിഷണറിമാരും' എന്ന ലേഖനം അറിവും വെളിച്ചവും പകരുന്നതാണ്. ചരിത്രം എത്ര മറച്ചുവച്ചാലും യാഥാർത്ഥ്യം ഒരിക്കൽ മറനീക്കി പുറത്തുവരും. മിഷണറിമാരുടെ ത്യാഗോജ്ജ്വലമായ പരിശ്രമവും ത്യാഗവും മറ്റുപല നവോത്ഥാന നായകരുടെ നാമം നൽകി തമസ്കരിക്കുന്നത് നീതിയുക്തമല്ല. കാലം കണക്കുചോദിക്കും. വളരെ വിശദമായും കാര്യകാരണസഹിതവും പ്രതിപാദിക്കുന്ന നവോത്ഥാന ലേഖനത്തിനും ലേഖകനും അഭിവാദ്യങ്ങൾ. ഒപ്പം ലേഖനം പ്രസിദ്ധീകരിച്ച ജീവനും വെളിച്ചത്തിന്റെ പ്രവർത്തകർക്കും.

**ജോണി ജോർജ്,** കണ്ണാംതുറ

# ജോസഫച്ചൻ: മഹനീയ വ്യക്തിത്വത്തിനുടമ

ശ്രേഷ്ഠമായ പൗരോഹിത്യത്തിന്റെ ധന്യമാർന്ന 50 വർഷങ്ങൾ പൂർത്തിയാക്കിയ മോൺ. ഡോ. സി.ജോസഫ് അച്ചനുമായുള്ള അഭിമുഖം ശ്രദ്ധേയമായിരുന്നു. നമ്മുടെ അതിരൂപതയിലെ മൺമറഞ്ഞ ഭാഗ്യസ്മരണാർഹരായ പിതാക്കന്മാരോടും നിലവിലുള്ള പിതാക്കന്മാരോടുമൊപ്പം സ്തുത്യർഹമായ സേവനം ചെയ്യാൻ സൗഭാഗ്യം സിദ്ധിച്ച ജോസഫച്ചൻ രൂപതയുടെ ചരിത്രത്തോടൊപ്പം നടന്ന മഹനീയ വ്യക്തിത്വത്തിനുടമയാണ്. രൂപതയുടെ നാളിതുവരെയുള്ള കുതിപ്പും കിതപ്പുമെല്ലാം അദ്ദേഹം ആഴത്തിൽ മനസ്സിലാക്കിയിട്ടുണ്ട്. 1937 ൽസ്ഥാപിതമായ രൂപതയെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടും നിലപാടും കാനോൻ നിയമത്തെക്കുറിച്ചുള്ള പാണ്ഡിത്യവും ജോസഫച്ചനെ വ്യത്യസ്തനാക്കുന്നു. കാലം തളർത്താത്ത കർമധീരനായ ജോസഫച്ചൻ പ്രകാശം പരത്തുന്ന വൈദികനെന്നത് അതിരൂപതയ്ക്കാകമാനം അഭിമാനം പകരുന്ന കാര്യമാണ്.

വൈദികരും സഭയെ നയിക്കുന്നവരും രാഷ്ട്രീയക്കാരെപ്പോലെ ഉരുളയ്ക്കുപ്പേരി മറുപടി പറയാതെ പരസ്യമായ വാക്പ്പോരിനും ഏറ്റുമുട്ടലിനും സംഘർഷത്തിനും പോകാതെ ഭരണ നേതൃത്വവുമായും രാഷ്ട്രീയക്കാരുമായും ആരോഗ്യകരമായ ഊഷ്മള ബന്ധം നിലനിർത്തിക്കുന്നതാണ് സഭയ്ക്കെപ്പോഴും ഗുണകരം. രാഷ്ട്രീയ അജണ്ടയുടെയുള്ള സമീപനങ്ങളും നടപടികളും പക്ഷം ചേരലുകളും എന്നുമെപ്പോഴും സഭയ്ക്ക് ദോഷമേ ഉണ്ടാക്കൂ. രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടും നയസമീപനങ്ങളെക്കുറിച്ചുള്ള ആഴമായ അവബോധവും ജാഗ്രതയും സഭ പുലർത്തണം. ഇല്ലെങ്കിലത് യേശു വിഭാവനം ചെയ്യുന്ന ദൈവരാജ്യ വീക്ഷണവുമായി ഒരിക്കലും യോജിച്ചുപോവുകയില്ല. സഭാമക്കളുടെ പരിശുദ്ധാത്മ നിറവിലേക്കുള്ള വിശുദ്ധമായ ജീവിതക്രമമാണ് സഭയുടെ തേജസിനാധാരം. ബുദ്ധിപരമായി മാത്രം കാര്യങ്ങളെ വിലയിരുത്തിയും അപഗ്രഥിച്ചുമുള്ള പ്രയാണം സഭയുടെ വളർച്ചയ്ക്ക് വിഘാതം സൃഷ്ടിക്കും.



ഭൗതികവളർച്ച കുറേയേറെ നേടിയെങ്കിലും ആത്മീയ വളർച്ചയിൽ വിചാരിച്ചത്ര മുന്നോട്ടുപോകാനോ പ്രകാശിക്കാനോ കഴിഞ്ഞിട്ടില്ലെന്നുള്ളത് ഖേദകരം തന്നെ. നമ്മുടെ തീരപ്രദേശങ്ങളിൽ സഭാമക്കൾ പരിതാപകരമായ ഭൗതിക സാഹചര്യങ്ങളിൽ കഴിയുന്നത് ഈ ആധുനിക യുഗത്തിൽ നാം ഗാഢമായി ചിന്തിക്കേണ്ടതാണ്. മിഷൻ രൂപതയാണെങ്കിലും മിഷൻ ഇടവകയുടെ വളർച്ചയ്ക്കും സംരക്ഷണത്തിനും വേണ്ടി അധികമൊന്നും ചെയ്യാൻ രൂപതയ്ക്ക് കഴിഞ്ഞില്ലെന്ന അച്ചന്റെ നിരീക്ഷണം ശരിതന്നെയാണ്.

ജോസഫച്ചന്റെ ബാല്യകാലവും ദൈവവിളിയെക്കുറിച്ചുള്ള പങ്കുവയ്ക്കലുമെല്ലാം പുതുതലമുറയ്ക്ക് പ്രചോദനം നൽകുന്നതാണ്. ആവേശം പകരുന്നതാണ്. പ്രാർത്ഥനാന്തരീക്ഷമുള്ള കുടുംബങ്ങളിലെ മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതവും ദൈവാശ്രയ ബോധവും കുട്ടികളെ വൈദികാന്തസിലേക്കും ദൈവവിളിക്ക് പ്രത്യുത്തരം നൽകാനും സഹായകരമാണ്. രൂപതയുടെ സമസ്ത മേഖലകളെയും ഗാഢമായി ഉൾക്കൊണ്ട് നടത്തിയ ജോസഫ് അച്ചനുമായുള്ള മനോഹര അഭിമുഖം തയ്യാറാക്കിയ ദീപക് ആന്റോ അച്ചൻ പ്രത്യേക അഭിനന്ദനവും ആശംസയും അർഹിക്കുന്നു.

**- ജെറാൾഡ് ബി.മിരാൻഡ**
തോന്നയ്ക്കൽ

# താളുകളിൽ


**പുതിയ ക്രിസ്മസിന്റെ സത്യം, സൗന്ദര്യം** 6
ഡോ. ജോർജ്ജ് ഓണക്കൂർ

**സോറി, ഹൃദയം വളരുന്നില്ല** 8
സുനിൽ സി.ഇ.

**സ്വീകരിക്കലല്ല, നൽകലാണ് ക്രിസ്മസ്** 11
ഫാ. ഡൈസൻ

**ക്രിസ്മസ്: മഞ്ഞുകാലത്തെ ആത്മീയവസന്തം** 18
സിന്ദുമോൾ തോമസ്

**പിറവിയുടെ പുതിയ പാഠങ്ങൾ** 20
ജോയിഷ് ജോസ്

**യേശുനാഥന്റെ ദിവ്യജനന ചരിത്രം പുത്തൻപാനയിൽ** 22
എഫ്. ആന്റണി പുത്തൂർ

**ഗ്രേഷ്യയിലെ ആദ്യ പുൽക്കൂട് 800–ാം വാർഷികം** 24
രതീഷ് ഭജനമഠം

**ചരിത്രപഥം** 26
ഇഗ്നേഷ്യസ് തോമസ്

**കവിത** 10, 13

**കഥ** 14, 28

**വാർത്തകൾ** 30

**നീർച്ചാൽ** 32

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.








ലേഖനം

**യുദ്ധങ്ങളില്ലാത്ത ഒരു കാലം; കലഹങ്ങളില്ലാത്ത പ്രകാശം; മനുഷ്യസമൂഹത്തെ പലതായി അകറ്റുന്നതിനുപകരം ഒന്നായി ഒരുമിപ്പിക്കുന്നതിന് സഹായിക്കുന്ന ദൈവികമായ അനുഭവം; അത് ഉൾക്കൊള്ളാതെ ആഘോഷങ്ങളിൽ മുഴുകുന്ന ക്രിസ്മസിന് അർത്ഥമില്ല.**

# പുതിയ ക്രിസ്മസിന്റെ സത്യം, സൗന്ദര്യം

മനുഷ്യരാശിയുടെ പുരോഗതിയിൽ ഇടർച്ച സംഭവിക്കാതെ കാത്തുപരിപാലിക്കുന്ന പ്രവാചക ശബ്ദങ്ങളും നീതിമാന്മാരുടെ അനുശാസനങ്ങളും സംസ്കാര ചരിത്രത്തിൽ പല ഘട്ടങ്ങളിലും അടയാളപ്പെടുത്തിയിട്ടുണ്ട്. അവരുടെ വാക്കുകൾ നീതിയുടെ ശബ്ദങ്ങളാണ്; നന്മയുടെ വഴിവിളക്കുകളാണ് അവർ. ഈ സാധാരണ ഗതിചലനത്തിൽ നിന്ന് വ്യത്യസ്തമായി മനുഷ്യരക്ഷ ഉറപ്പു നൽകുന്ന മഹാസാന്നിദ്ധ്യം, ഭൂമിയിൽ ദൈവത്തിന്റെ അനന്തകൃപയുടെ സാന്നിദ്ധ്യം അനുഭവപ്പെടുന്നത് ദൈവം മനുഷ്യനായി അവതരിച്ച അദ്ഭുതത്തിന് സാക്ഷിയാകുമ്പോഴാണ്. രണ്ടായിരം വർഷം മുമ്പ് അദ്ഭുതകരമായ ആ ദൈവകൃപ മനുഷ്യനെ തേടിയെത്തിയെന്ന് നാം വിശ്വസിക്കുന്നു.

യുദ്ധങ്ങൾ നിമിത്തവും സമൂഹത്തിൽ പടർന്നുപിടിച്ച നിരാശയും ദുഃഖങ്ങളും വഴിയും സംഭവിച്ച മനുഷ്യസമൂഹത്തിന്റെ അനാഥത്വത്തിനും അശരണത്വത്തിനും അറുതിവരുത്താൻ സ്രഷ്ടാവായ ദൈവത്തിന്റെ കരുണ ഭൂമിയിലേക്ക് നക്ഷത്രവെളിച്ചമായി കടന്നുവന്നുവെന്ന് വിശ്വാസം. അത് രാത്രിയിലെ താരോദയമാണ്. ഭൂമിയിൽ വീശിയടിച്ച നനവൂറുന്ന കുളിർകാറ്റാണ്. അപസ്വരങ്ങളെ ഇല്ലായ്മ ചെയ്യുന്ന സ്നേഹത്തിന്റെ ശുദ്ധസംഗീതമാണ്. യൂദയാനാട്ടിൽ ദൈവാശ്രയത്തിൽ കഴിഞ്ഞിരുന്ന പരിശുദ്ധയായ ഒരു ഗ്രാമീണ ബാലികയ്ക്ക് ജ്ഞാനോദയം ഉണ്ടായി. ദൈവത്തിന്റെ ശബ്ദം അവളുടെ ഹൃദയത്തിൽ മാറ്റൊലികൊണ്ടു. 'കൃപ നിറഞ്ഞവളേ നിനക്ക് സമാധാനം. മനുഷ്യരക്ഷയ്ക്കായി അവതരിക്കുന്ന ദൈവപുത്രന് നീ ജന്മം നൽകും. ലോകത്തിന് മുഴുവൻ സംഭവിക്കാനിരിക്കുന്ന വലിയ നന്മയുടെ ഉറവിടമായി നീ ഭവിക്കും.'



ഡോ. ജോർജ് ഓണക്കൂർ

രാത്രികാലത്ത് ബേത്ലഹേം താഴ്വരയിൽ ആടുമാടുകളെ മേയ്ച്ചു കഴിഞ്ഞിരുന്ന ഇടയന്മാർക്കുമുണ്ടായി ദൈവദൂതന്റെ ദർശനം. ആകാശമണ്ഡലത്തിൽ നിന്ന് ഇറങ്ങി വന്ന അദ്ഭുതകരമായ ദൈവീകദർശനം: 'ഭൂമിയിൽ നന്മനിറഞ്ഞവർക്ക് സമാധാനം. ലോകത്തിന് മുഴുവൻ സംഭവിക്കാനിരിക്കുന്ന സന്തോഷത്തിന്റെ സദ്വാർത്ത നിങ്ങളെ അറിയിക്കുന്നു. ബേത്ലഹേമിൽ സത്രത്തിലെ പുൽത്തൊഴുത്തിൽ നിങ്ങൾക്കായി രക്ഷകൻ ജനിച്ചിരിക്കുന്നു. പിള്ളക്കച്ചകളിൽ പൊതിഞ്ഞ് കിടക്കുന്ന ശിശു സമാധാനത്തിന്റെ ചൈതന്യമാണ്. രക്ഷകനായ ദൈവപുത്രനാണ്.'

കിഴക്ക് വിശേഷപ്പെട്ട പ്രകാശനക്ഷത്രം ദർശിച്ച് യാത്ര പുറപ്പെട്ട ജ്ഞാനികളും ഇതേ ലക്ഷ്യത്തിലേക്ക് യാത്ര ചെയ്തു. എല്ലാവരും വന്നുകണ്ടത് എളിമയുടെ പുൽക്കൂട്ടിൽ ശയിക്കുന്ന ശിശുവിനെയാണ്.

ഇത് ഒരു അദ്ഭുതമാണ്. മനുഷ്യസമൂഹത്തെ നന്മയിലേക്ക് നയിക്കാനും അവർക്ക് നേർവഴി കാണിക്കാനും ജന്മമെടുത്ത മഹാത്മാക്കളുടെ ഉദ്ഭവസ്ഥാനം എളിമയുടെ സങ്കേതങ്ങളാണ്. അവിടെ നിന്നാണ് നീതിയുടെ സൂര്യൻ ഉദയം ചെയ്യുന്നത്. ബേത്ലഹേമിലെ ശിശു കേവലം നന്മയുടെ വെളിച്ചം പ്രസരിപ്പിച്ച താരകം മാത്രമല്ല. അതിനപ്പുറം രക്ഷയുടെ ചൈതന്യമാണ്; മനുഷ്യനായി തീർന്ന

ദൈവം തന്നെയാണ്. യേശുവിനെ കാലം കൊണ്ടാടുന്നത് രക്ഷകൻ എന്നാണ്. മറിച്ച് പാപത്തിൽ വീഴ്ത്തിയ മനുഷ്യനെ രക്ഷയുടെ പൂർണതയിൽ എത്തിക്കുക എന്നതാണ് അഥവാ നന്മയിലേക്ക് വീണ്ടെടുക്കുക എന്നതാണ് യേശുവിന്റെ ജീവിതം ലക്ഷ്യമാക്കുന്നത്.

ഇത് അസാധാരണമായ, അത്യപൂർവ്വമായ ഒരു ജീവിതചിത്രം. മനുഷ്യനെ പാപാവസ്ഥകളിൽ നിന്ന് പൂർണമായി മോചിപ്പിച്ച് ശാന്തിയുടെ, നിത്യമായ സ്വർഗാനുഭവത്തിന്റെ അവകാശികളാക്കുക; ഒരു പുതിയ ജന്മത്തിന്റെ സ്വർഗീയപ്രഭ അനുഭവവേദ്യമാക്കുക.

സാധാരണഗതിയിൽ ചരിത്രത്തിൽ കണ്ടുമുട്ടുന്ന മഹത്വ്യക്തികളുടെ ജീവിതവുമായി യേശുവിന്റെ ജീവിതനിയോഗത്തെ താരതമ്യം ചെയ്യുക സാധ്യമല്ല. അത് മനുഷ്യരക്ഷയ്ക്ക് പൂർണമായി സമർപ്പണം ചെയ്തതാണ്. എല്ലാ മനുഷ്യർക്കും ആ രക്ഷയുടെ ചിറകിനു കീഴിൽ അഭയം ലഭിക്കുന്നു. 'സകലമനുഷ്യർക്കും സംഭവിക്കാനിരിക്കുന്ന വലിയ നന്മ' പ്രത്യേക പഠനത്തിനും ധ്യാനത്തിനും വിഷയമാക്കേണ്ടതാണ്. അത് ഏതെങ്കിലും ഒരു ജനപദത്തിനോ പ്രത്യേക വിശ്വാസം പുലർത്തുന്നവർക്കോ ആയി പരിമിതപ്പെടുത്താവുന്നതല്ല. യേശുവിന്റെ രക്ഷാകരജീവിതം മനുഷ്യരാശിക്ക് മുഴുവൻ നൽകപ്പെട്ട സംരക്ഷണത്തിന്റെയും ശാന്തിയുടെയും അനുഭവമാണ്. അതിൽ നിന്ന് അകന്നു നിൽക്കുകയോ അകറ്റി മാറ്റുകയോ ചെയ്യപ്പെടാൻ പാടുള്ളതല്ല. പലപ്പോഴും ക്രിസ്തുവിന്റെ രക്ഷയെ ഒരു മതവ്യവസ്ഥയോ കേവലം ജീവിതദർശനമോ ആയി ചുരുക്കി കാണുന്നത് ദൈവീകമായ മനോഭാവമല്ല. യേശു മനുഷ്യരാശിയുടെ മുഴുവൻ രക്ഷകനാണ്. മനുഷ്യസൃഷ്ടിയിൽ പിതാവായ ദൈവം അവലംബിക്കുന്ന മഹത്വദർശനം വിശുദ്ധ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത്; അത് ഇങ്ങനെയാണ്: "ആദിയിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവനെ സൃഷ്ടിച്ചു."

ദൈവസൃഷ്ടിയായ മനുഷ്യൻ കാലഗതിയിൽ പാപങ്ങളിൽ നിപതിച്ചു. മനുഷ്യപുത്രനായി അവതരിച്ച ദൈവം എല്ലാ മനുഷ്യരുടെയും രക്ഷയാണ് ആഗ്രഹിച്ചത്. അതിനെ പ്രത്യേക ദേശത്തിനോ ആചാരങ്ങൾക്കോ വിശ്വാസങ്ങൾക്കോ അനുരൂപമായി സങ്കുചിതപ്പെടുത്താൻ പാടില്ലാത്തതാണ്. ഇതാണ് യഥാർത്ഥ മാനവികത. ദൈവികമായ വിശുദ്ധിയുടെ അടയാളം. ക്രിസ്മസിന്റെ, രക്ഷയുടെ വാഗ്ദാനവും അതുതന്നെ.

ഭൂമി പല ഖണ്ഡങ്ങളായി വിഭജിച്ച് വേറിട്ട ഭരണവ്യവസ്ഥകൾക്ക് കീഴിൽ പുലരുന്നു. പല പേരുകളിൽ അറിയപ്പെടുന്നു. ഒരു ഖണ്ഡത്തിൽ ജീവിക്കുന്നവർ ഇതര പ്രദേശങ്ങളിൽ കഴിയുന്നവരിൽനിന്ന് അകറ്റി നിർത്തപ്പെടുന്ന രാഷ്ട്രീയ സംവിധാനം നിലവിലുണ്ട്. വിവിധ ഭൂഖണ്ഡങ്ങളും രാജ്യങ്ങളും നിലനിൽക്കുന്നു. രാജ്യാതിർത്തികളുടെ പേരിൽ സംഘർഷങ്ങളും അസമാധാനവും വളരുന്നു. പക്ഷേ ഇവിടെ ഓർമ്മിക്കാതെ പോകുന്ന ഒരു സത്യമുണ്ട്. രണ്ടു പേരുകളിൽ അറിയപ്പെടുന്ന അയൽഭൂമികകൾ തമ്മിൽ നിലനിൽക്കുന്ന സംഘർഷം പലപ്പോഴും അധികാരത്തിന്റെ സൃഷ്ടിയാണ്. അവർ തമ്മിലാണ് സംഘർഷങ്ങൾ സംഭവിക്കുന്നത്. മനുഷ്യർ തമ്മിൽ ഇങ്ങനെ വിദ്വേഷഭരിതമായ മാനസികാവസ്ഥകൾ പുലരുന്നുണ്ടോ? ഭരണകർത്താക്കളാണ് പലപ്പോഴും യുദ്ധങ്ങൾ സൃഷ്ടിക്കുന്നത്. കയ്യേറ്റങ്ങൾ നടത്തുന്നത്. ഇതിൽ ഹോമിക്കപ്പെടുന്നത് സാധാരണമനുഷ്യരും. അവർ പലപ്പോഴും സ്ത്രീകളാണ്. കുട്ടികളാണ്. യുദ്ധങ്ങളെക്കുറിച്ചോ അധിനിവേശങ്ങളെക്കുറിച്ചോ ചിന്തിക്കാത്ത സാധാരണജനസമൂഹം. അവരുടെ മനസിൽ ശാന്തിയും വെളിച്ചവും സ്നേഹവും മാത്രം. പക്ഷേ ഭരണാധികാരികളുടെ സങ്കുചിതമായ ആക്രമണ ശൈലിയിൽ അവ അവഗണിക്കപ്പെടുന്നു എന്നുമാത്രം.

ഇക്കാലത്ത് നാം ക്രിസ്മസ് ആഘോഷിക്കുമ്പോൾ വീണ്ടെടുക്കേണ്ടത് വിശ്വശാന്തിയും മനുഷ്യസാഹോദര്യവുമാണ്. മനുഷ്യൻ എവിടെയായാലും അവൻ സമാധാനം ആഗ്രഹിക്കുന്നു. സമസ്തലോകത്തിനും സംഭവിക്കാനിരിക്കുന്ന വലിയ സന്തോഷത്തിലാണ് പ്രതീക്ഷ. അതു നഷ്ടമാകാതിരിക്കാൻ മനുഷ്യരെല്ലാം ദൈവത്തിന്റെ മക്കളാണെന്നും ഒരേ സത്യത്തിന്റെ അവകാശികളാണെന്നും തിരിച്ചറിയാൻ കഴിയുന്ന അനുഗ്രഹം ആധുനിക മനുഷ്യന് അന്യമാകരുത്. അഥവാ യേശുവിന്റെ തിരുരക്തംവഴി വീണ്ടെടുത്ത മനുഷ്യരക്ഷ, അതിന്റെ സത്യം, അവകാശം വ്യർത്ഥമായി പോകരുത്. യുദ്ധങ്ങളില്ലാത്ത ഒരു കാലം; കലഹങ്ങളില്ലാത്ത പ്രകാശം; മനുഷ്യസമൂഹത്തെ പലതായി അകറ്റുന്നതിനുപകരം ഒന്നായി ഒരുമിപ്പിക്കുന്നതിന് സഹായിക്കുന്ന ദൈവികമായ അനുഭവം; അത് ഉൾക്കൊള്ളാതെ



ആഘോഷങ്ങളിൽ മുഴുകുന്ന ക്രിസ്മസിന് അർത്ഥമില്ല. ക്രിസ്തു വീണ്ടും ജനിക്കണം. പണ്ട് ബേത്‌ലഹേമിലെ പുൽക്കൂട്ടിൽ എന്നപോലെ ഇപ്പോൾ മനുഷ്യഹൃദയങ്ങളിൽ ആകണം ആ തിരുപ്പിറവി സംഭവിക്കേണ്ടത്. അതിന് കളങ്കമേശാത്ത മനസോടെ, പ്രാർത്ഥനാപൂർവ്വം പരസ്നേഹത്തിൽ ആനന്ദം ഉൾക്കൊണ്ട്, പുൽക്കൂടിന്റെ വിശുദ്ധി വീണ്ടെടുത്ത് നമ്മുടെ ഹൃദയങ്ങളെ ഒരുക്കുക എന്നത് ആകണം പുതിയ ക്രിസ്മസിന്റെ സത്യവും സൗന്ദര്യവും. ■



**ഈ പുതുവത്സരത്തിൽ ഓരോ ജീവിതത്തെയും സമീപിക്കുമ്പോൾ ഇളകി തുടങ്ങിയ മനസ് വല്ലാതെ ഉലഞ്ഞുപോയേക്കാം. അപ്പോൾ എന്റെ ഹൃദയത്തിൽ നീ ഒതുങ്ങിനിൽക്കുന്നില്ല എന്നു പറയാനാവട്ടെ...**

# സോറി, ഹൃദയം വളരുന്നില്ല



സുനിൽ സി.ഇ.

എണ്ണമറ്റ ധാതുക്കളുടെ ചരിത്രഖനിയായി വലിച്ചെറിയും പോയ വർഷങ്ങളിലെ കലണ്ടറിനെ. ചിലർക്ക് പുറംചട്ട, ചിലത് തീയ്ക്ക് ഇരയാകും. അങ്ങനെ നീളുന്നു പോയവർഷത്തിന്റെ സവിശേഷതകൾ. ഇപ്പോൾ ഘടികാരത്തെപ്പോലെ കലണ്ടറിനെയും ഭയന്നുതുടങ്ങിയിരിക്കുന്നു - എങ്കിലും കൈപിടിച്ച് കുറെ അത്ഭുതങ്ങളും. അത്രയ്ക്കാണ് ഒരു കലണ്ടറിന് താങ്ങേണ്ടിവരുന്ന പീഡനങ്ങൾ. പുതുമയെപ്പറ്റിയും ക്രിസ്തുവാക്യങ്ങളിൽ വ്യാഖ്യാനിക്കേണ്ടിയിരിക്കുന്നു - പഴയവീഞ്ഞ് പഴയ തോൽക്കുടങ്ങളിൽ തന്നെയിരുന്നോട്ടെ, പുതിയത് പുതിയ തോൽക്കുടങ്ങളിലും - പോയതിനെപ്പറ്റി പരിഭവം അരുതേ എന്നൊരു കൂട്ടിച്ചേർക്കലും ഈ വാക്കിൽ തപസ്സനുഷ്ഠിക്കുന്നു.

ഒരു നേരമ്പോക്കിൽ നിന്ന് കടുത്ത മാറിപ്പാർക്കലിലേക്കുള്ള തിരക്കിലാണ് - പലതിനെയും നിരകാരിച്ചുകൊണ്ട്, കൂട്ടത്തിൽ അപരനും, കിടക്കപങ്കിട്ടവളും ഒക്കെ അവശേഷിക്കുന്നു. മനഃപൂർവം മറക്കുന്ന അവശിഷ്ടങ്ങൾ പോലെ. നിന്റെ (എന്റെ) പുതിയ ആകാശവും, പുതിയ ഭൂമിയും ഒക്കെ അപരനെ നിരാകരിക്കലാകാതിരിക്കട്ടെ. പഴയതിൽ സ്നേഹത്തിന്റെയും എളിമയുടെയുമൊക്കെ വീര്യമുള്ള ബന്ധങ്ങൾ നിറയ്ക്കുമ്പഴാണ് പുതിയ നിയോഗങ്ങൾക്കൊക്കെ ലഹരി ലഭിക്കുക. വെറും അനാചാരങ്ങളുടെ ഇരുട്ടിലേക്ക് കിനിഞ്ഞിറങ്ങുന്ന കണ്ണീർത്തുള്ളികൾ കാണാനിടവരാതിരിക്കട്ടെ. ഇനിയും ജന്മങ്ങൾ കയർതുമ്പിൽ ഒടുങ്ങാതിരിക്കട്ടെ.

ഭ്രാന്തമായ അന്യവൽക്കരണത്തിന്റെ ഇരുണ്ട തടവുമുറികളായി ശുഷ്കിച്ചുപോകുന്നു നാമൊക്കെ. പോയ വർഷങ്ങളുടെ ഉടലിന്റെ വലിപ്പവും ദൈർഘ്യവും വർധിച്ചു. എന്നിട്ടും വിടരാത്ത ഹൃദയവുമായി നാമൊക്കെ... ഉടലിനെ ഒതുക്കിവയ്ക്കാൻ പുതിയ അങ്കികൾ തുന്നുന്നതുപോലെ ഹൃദയത്തെയും ഒരുക്കിവയ്ക്കാൻ സെൽഫിഷ് മോട്ടീവിന്റെ അങ്കികൾ നെയ്യുന്ന തിരക്കിലാണ് ചിലരൊക്കെ... രതിവൈകൃതത്തിന് ഒരുദിനം, ആത്മഹത്യയ്ക്ക് മറ്റൊരു ദിനം ഇങ്ങനെ ചില

തിനൊക്കെ മാത്രമായി അവശേഷിക്കുന്ന ചാർട്ടായി ശോഷിച്ചുപോകുന്നു (ചിലപ്പോഴൊക്കെ) പുതുകലണ്ടർ. ഇതിനെയാണ് ഹൃദയത്തിന്റെ കുട്ടിത്തമെന്നും, കന്നത്തരമെന്നുമൊക്കെ പേരിട്ടുവിളിക്കുക. ഹൃദയത്തിന്റെ കർമചൈതന്യത്തെ ഊറ്റിയെടുത്ത് ആത്മീയതയെ നീചരാശിയിലേക്ക് താഴ്ത്തുന്നു. മനുഷ്യരൊക്കെ ഇന്നും മൗനശില്പങ്ങൾ തന്നെ.

ജന്മത്തിന്റെ പൊരുത്തക്കേടുകളെ വെളിപ്പെടുത്തുന്ന Spike Milligon ന്റെ ഒരു കവിതയുണ്ട്. "ഈശ്വരൻ രാത്രിയെ സൃഷ്ടിച്ചു. മനുഷ്യൻ ഇരുട്ടിനെയും" (God created the nights, but men created the darkness) ഈ പുതുവർഷത്തിൽ ഞാൻ പ്രാർത്ഥിക്കുക ഉടലുകളിലെ ഇരുട്ട് പെയ്തൊഴിയണേ എന്നാണ്. 'അറിവിന്റെപുസ്തകം' എന്ന പുസ്തകത്തിൽ തെക്കൻ കാനഡയിൽ വളരുന്ന തലോഫൈറ്റ്സ് എന്നൊരു ചെടിയെപ്പറ്റി വായിച്ചു. ഈ ചെടിയോട് ചേർത്ത് ഉപമിക്കേണ്ടിയിരിക്കുന്നു എല്ലാ മനുഷ്യരെയും. പൂവോ, തണ്ടോ, വേരോ ഒന്നുമില്ലാത്ത തലോ ഫൈറ്റ്സിനെപ്പോലെയാണ് ഭൂമിയിലെ ചില ജന്മങ്ങൾ - പുതുമകൾ ഉടഞ്ഞവർ. കൂടെപ്പിറപ്പുപോൽ ഒപ്പം ചരിക്കേണ്ടുന്ന ഹൃദയസൗന്ദര്യം അഴിഞ്ഞില്ലാതാകുന്നു. ചില സങ്കുചിത കാഴ്ചകൾ സൂക്ഷിച്ചിരിക്കുന്ന ആർക്കൈവ്സായി ചുരുങ്ങിപ്പോകുന്നു നാമൊക്കെ.

കിണർ വറ്റുമ്പോൾ ചിലർ മുലപ്പാൽ കൊണ്ട് ചെടി നനക്കുന്നു. ചെടിക്കു സമ്മാനിക്കുന്ന വാത്സല്യത്തിന്റെ ഒരിറ്റുപോലും അപരന് സമ്മാനിക്കാത്തവർക്ക് എങ്ങനെയാണ് പുതിയ ആകാശവും പുതിയ ഭൂമിയുമൊക്കെ കൺകുളർക്കെ കാണാനാവുക. നന്മയുടെ സംക്രമണം കൊണ്ട് പ്രകൃതിപോലും മാറുന്നു. എന്നിട്ടും മാറ്റമില്ലാത്തവരായി നാമൊക്കെ. ഒരുനേരിയ നെടുവീർപ്പുകൊണ്ടുപോലും പുതുമയെ അഹസ്യപ്പെടുത്തരുതേ. മൂർച്ചയുള്ള സ്ത്രൈണസത്യങ്ങളെ ആത്മീയതയുടെ കവചങ്ങളാക്കാനിനി എന്നാണ് പഠിക്കുക?

സൗഭാഗ്യങ്ങളിൽ മാത്രം തപസ്സിരുന്ന കൃപകളുടെ സ്പെഷ്യലിസ്റ്റുകളല്ല ഭൂമിയിൽ നാം നല്ലവരെന്ന് കരുതുന്നവരൊക്കെ (മദർ തെരേസയും മറ്റും) എന്നിട്ടും പുതിയ ആകാശവും പുതിയ ഭൂമിയും ഒക്കെ അവർ തീർക്കുന്നു. പുതുമയെ ഇരുകരങ്ങളും നീട്ടി സ്വീകരിക്കാനാവട്ടെ. കൃപയാണത്!

യാതനകളെ ഈശ്വരനായി കാണുന്ന ദെസ്തെവ്സ്കിയൻ കഥാപാത്രങ്ങളെപ്പോലെയാകുന്നവർക്കേ അപരൻ എന്ന ഈശ്വരന്റെ സ്വന്തം ചാനലിലേക്ക് ഈ പുതുവർഷത്തിലും മിഴികളയക്കാനാകൂ. ഇതിലെഴുതുന്ന നിമിഷം ഞാനോർമ്മിക്കുക - ലളിതടീച്ചറിന്റെ (ലളിതാലെനിൻ) സൗഹൃദമൊഴികളാണ്. ഋതുക്കൾ മാറുംപോലെ മാറ്റാനുള്ളതല്ല ഹൃദയാവസ്ഥയും ദിനങ്ങളുടെ പവിത്രതയും. ഒപ്പം കലണ്ടറിനെയും ദിനത്തെയും ഒക്കെ വന്ദിച്ചും അനുവാദം വാങ്ങിയും കർമങ്ങളിൽ വ്യാപരിക്കാൻ പ്രേരിപ്പിക്കുന്ന ഷിംന എന്ന കവി സുഹൃത്തുമാണ്.

പോയവർഷത്തെയും വരാൻപോകുന്ന വർഷത്തെയും ത്രാസിൽ വച്ച് തൂക്കിയാൽ പോയ വർഷത്തിന്റെ

**എണ്ണമറ്റ ധാതുക്കളുടെ ചരിത്രഖനിയായി വലിച്ചെറിയും പോയ വർഷങ്ങളിലെ കലണ്ടറിനെ. ചിലർക്ക് പുറംചട്ട, ചിലത് തീയ്ക്ക് ഇരയാകും. അങ്ങനെ നീളുന്നു പോയവർഷത്തിന്റെ സവിശേഷതകൾ.**




ആകുലതകൾ ഒരു കുട്ടിക്കും താങ്ങാനാവാത്തതായിരിക്കും. എങ്കിൽ ഇനിയും അങ്ങനെ തന്നെ ജീവനെ സഹനങ്ങളുടെ പെയ്ത്തിന് വിട്ടുകൊടുക്കാതിരിക്കുക - ഭാരം ഏറെയാകും. പൊരുത്തക്കേടുകളിലും മുഖംമൂടി അണിഞ്ഞു തെയ്യം തുള്ളുന്നവരാകരുതേ... എങ്കിൽ തീർച്ചയായും ശിഷ്യകാലങ്ങളിലും നിങ്ങളുടെ മിഴികളുടക്കുക വാർത്തയുടെ തീവ്രതയിലായിരിക്കില്ല വാർത്ത വായിക്കുന്നവളുടെ ഉടലിന്റെ ഗ്രാഫിലായിരിക്കും. ഇനിയും ഫ്ളാറ്റുസംസ്കാരത്തെ ഗ്ലാമറുള്ളതായി വാഴ്ത്തിപ്പാടരുതേ - എങ്കിൽ ആത്മീയത ഒരു പുതുഫാഷനായി ചുരുങ്ങിപ്പോകും. ജീവിതം പോലും ക്ഷോഭിക്കുന്ന കടലായി മാറും. അൾത്താരയിലെ പൂക്കൾക്കിടയിൽ സൗഹൃദങ്ങൾക്കായി പരതും. വേണോ ഇത്രയ്ക്ക്...?

ഈ പുതുവത്സരത്തിൽ ഓരോ ജീവിതത്തെയും സമീപിക്കുമ്പോൾ ഇളകി തുടങ്ങിയ മനസ്സ് വല്ലാതെ ഉലഞ്ഞുപോയേക്കാം. അപ്പോൾ എന്റെ ഹൃദയത്തിൽ നീ ഒതുങ്ങിനിൽക്കുന്നില്ല എന്നു പറയാനാവട്ടെ... നീ വലുതാകുന്നു, ഹൃദയവും, ക്രിസ്തുഭാഷയിൽ പുതിയ ആകാശവും, പുതിയ ഭൂമിയും അപരൻ തന്നെയെന്ന് തിരിച്ചറിയാനാകട്ടെ. ഈശ്വരന്റെ സ്വന്തം ചാനൽ പോലെ.

അപരന്റെ ഹൃദയമാണ് ഈശ്വരന്റെ സ്വന്തം ചാനൽ. ചാനലുകളിലെ സ്ത്രീസീരിയലുകൾക്ക് (സീരിയലുകൾ) മിഴികളെ തീറെഴുതിക്കൊടുത്തിട്ട് അതിനോടൊപ്പം വിലപിക്കുന്നതിനേക്കാൾ എത്രയോ നന്ന് ഈശ്വരന്റെയീ സ്വന്തം ചാനലിലേക്കുള്ള തീർത്ഥാടനം. ഈ പുതുവർഷത്തിലെ ഒരു നിയോഗമായിരുന്നിതെങ്കിൽ.... ■



കവിത

# വെള്ളരിക്കാരാജ്യത്തെ റോഡുപണി

റോഡുപണിക്ക് കീലുകൊണ്ടുവന്ന
പെട്ടിയോട്ടോയെ ചൂണ്ടി
രാജാവു പറഞ്ഞു;
ഇത് പുതിയ റോഡിന്റെ
ഉദ്ഘാടനം,
കീലുകൊണ്ടുവന്ന പെട്ടിയോട്ടോ
റോഡിലൂടെ വന്ന
ആദ്യത്തെ വണ്ടി,
നാടിന്റെ വളർച്ച!
റോഡുപണിക്ക് കീലുകൊണ്ടുവന്ന
പെട്ടിയോട്ടോയ്ക്കു മുന്നിൽ
വലിയ പന്തലിട്ട് രാജാവ്
ഉദ്ഘാടന പരിപാടി
പ്രഖ്യാപിച്ചു;
ചെണ്ടമേളങ്ങളുടെ അകമ്പടിയോടെ
നിർത്തിയിട്ടിരുന്ന
പെട്ടിയോട്ടോയ്ക്കടുത്തേക്ക്
രാജകുടുംബം മുന്നിൽ നടന്ന്
ആഹ്ലാദപ്രകടനം നടത്തി,
വഴിനീളെ കൊടിതോരണങ്ങളും
പായസവിതരണവും.
റോഡുപണിക്ക് കീലും കൊണ്ടുവന്ന
പെട്ടിയോട്ടോയെ കാണാൻ
നാടൊട്ടുക്കും നിന്ന്
വമ്പിച്ച ജനക്കൂട്ടമെത്തി.
പാട്ടനിറയെ കീലുമായി
വഴിയരികിൽ കിടന്ന
'നാടിന്റെ വികസനത്തെ' ചിലർ
തൊട്ടുനോക്കുന്നു,
മണത്തുനോക്കുന്നു,
ചിലർ അത്ഭുതസ്തബ്ധരായി
സ്വന്തം കയ്യിൽ
നുള്ളിനോക്കുന്നു,
ഇച്ഛാശക്തിയുള്ള രാജാവിനുവേണ്ടി
ചിലർ നേരുന്നു
കുതിരപ്പവൻ,
ചിലരുടെ കണ്ണിൽ ആനന്ദത്തിന്റെ
ചെങ്കടൽ,
രാജാവ് ഉദ്ഘാടന പ്രസംഗത്തിന്
എഴുന്നേൽക്കുമ്പോൾ
'പൊന്നു തമ്പുരാനെഴുന്നേറ്റു
നിൽക്കുമ്പോൾ
അടിയൻ ഇരിക്കുകയോ' എന്നു
സ്വയമോതി രാജാവ്
പ്രസംഗം നിർത്തുന്നതുവരെ
എഴുന്നേറ്റ് കുനിഞ്ഞു
നിൽക്കുന്നു മറ്റുചിലർ!
തീപ്പെട്ട പഴയരാജാവിന്റെ
തിരുനാമം റോഡിനിടണമെന്ന്
പ്രജകളിലൊരുകൂട്ടം,
റോഡുപണിക്ക് കോൺട്രാക്ട്
കൊടുത്തത് തീപ്പെട്ട
തിരുമനസ്സാണ്.
പോരാ, റോഡിപ്പോഴത്തെ
പ്രജാപതിയുടെ പേരിൽത്തന്നെ
അറിയപ്പെടണമെന്ന്
മറ്റൊരു കൂട്ടം,
റോഡിനു കല്ലും മണ്ണും
കൊടുത്തതിപ്പോഴത്തെ
രാജരാജനാണ്!
റോഡുപണിക്ക് കീലുകൊണ്ടുവന്ന
പെട്ടിയോട്ടോ
കീലിറക്കി തിരിച്ചുപോകും
പുതിയ നാട്ടിലേക്ക്.
രാജാവ് വാനിലേക്കുയർത്തിവിട്ട
വർണബലൂണിൽ
തന്റെ പേരു
കൊത്തിവച്ചിരിക്കുന്നതുകണ്ട
കോണ്ട്രാക്ടർ
വിജയാട്ടഹാസം മുഴക്കും
രാജാവിനെയും മീറി
ചുളുവിനൊരു
രാജ്യം നേടിയതിൽ.
പിന്നെ,
റോഡുവെട്ടാൻ കിടപ്പാടം
വിട്ടുകൊടുത്ത,
കിടപ്പാടത്തിൽ നിന്ന്
കുടിയിറക്കപ്പെട്ട ചെറിയൊരുകൂട്ടം
വേറെയുണ്ട്
അവർ തീവ്രവാദികൾ,
വികസനംമുടക്കികൾ,
വലിയവായിൽ നിലവിളിക്കാൻ
മാത്രമറിയുന്ന വെറും
അലവലാതികൾ,
അവരുടെ രക്ഷാബോട്ടുകൾ
വെറും ഐതീഹ്യം, കെട്ടുകഥ!
ഇപ്പോൾ
രാജകല്പനയാണ്,
റോഡുപണിക്ക്
കീലും കൊണ്ടൊരു
പെട്ടിയോട്ടോ വന്നതോടുകൂടി
രാജ്യത്തെ റോഡിന്റെ
ഉദ്ഘാടനം
കഴിഞ്ഞിരിക്കുന്നു!
രാജകല്പന കല്ലേ പിളർക്കുന്നത്,
അനുസരിച്ചുകൊൾക,
അല്ലെങ്കിൽ രാജ്യദ്രോഹിയാകാൻ
തയ്യാറെടുക്കുക!



വിപിൻദാസ് തോട്ടത്തിൽ

ലേഖനം



# സ്വീകരിക്കലല്ല, നൽകലാണ് ക്രിസ്തുമസ്



ഫാ. ഡൈസൻ

സ്രഷ്ടവായ ദൈവം സൃഷ്ടിയായ സുദിനമാണ് ക്രിസ്തുമസ്. ആ മഹാത്ഭുതത്തിലൂടെ സ്വർഗ്ഗം ഭൂമിയെ സ്പർഷിച്ചു. അങ്ങനെ ഭൂമി സ്വർഗ്ഗമായി മാറി. സർവ്വശക്തനായ ദൈവത്തിന്റെ ജനനത്തിലൂടെ ബെത്‌ലേഹേമിലെ പൂൽത്തൊട്ടി വിശുദ്ധ ദൈവാലയമായി മാറിയതുപോലെ നമ്മുടെ ജീവിതവും അവൻ ജനിക്കുന്ന പുൽത്തൊട്ടിയാകണം. ജീവിതം അവന്റെ ജന്മസ്ഥലമായി മാറണമെങ്കിൽ നമുക്ക് വേണ്ടത്:

## 1. ജീവിത വിശുദ്ധി

ഭൂമിയിലെ മാലിന്യമെല്ലാം തന്റെ പരിശുദ്ധിയിലൂടെ വിമലികരിക്കുവാനാണ് അവൻ ജനിച്ചത്. അവന്റെ ജനനത്തിൽ അന്ധകാരത്തിൽ നടന്നിരുന്ന ജനത വലിയൊരു വെളിച്ചം കണ്ടു. കാരണം അന്ധകാരത്തെ തന്റെ വെളിച്ചത്താൽ ഇല്ലാതാക്കി കൃപയുടെ മഴ പെയ്യിക്കാനാണ് അവൻ ലോകത്തിന്റെ പ്രകാശമായി ജനിച്ചത്. അവൻ ജനിച്ചത് എനിക്കു വേണ്ടിയാണ്, എന്റെ രക്ഷക്കും വിശുദ്ധീകരണത്തിനും വേണ്ടിയാണ്.

മൂകവും മ്ലാനവുമായ ഒരു ക്രിസ്തുമസ് നാളിൽ ഈശോ വി.ജറോമിന് പ്രത്യക്ഷപ്പെട്ടു പറഞ്ഞു: ‘ഇന്നെന്റെ ജന്മദിനമാണ്. നീയെന്തു സമ്മാനം തരും? ഞാൻ എന്റെ ഹൃദയം തരാമെന്ന് പറഞ്ഞുകൊണ്ട് വി.ജെറോം ഈശോയെ കണ്ട ആഹ്ലാദത്താൽ തുള്ളിച്ചാടി. അവന്റെ ഉത്തരത്തിൽ ഈശോ തൃപ്തനല്ലായെന്ന് അറിഞ്ഞുകൊണ്ട് വിശുദ്ധൻ വീണ്ടും ഉത്തരമരുളി: എന്നിൽ എന്തെല്ലാം നന്മകളുണ്ടോ, അതെല്ലാം തരാം. അതിലും ഈശോ സന്തുഷ്ടനായില്ല. നിരാശയോടെ വിശുദ്ധ ജറോം ഈശോയോട് ചോദിച്ചു: അങ്ങ് എന്താണ് എന്നിൽ നിന്ന് പ്രതീക്ഷിക്കുന്നത് ഈശോ പറഞ്ഞു: നിന്റെ പാപങ്ങൾ എനിക്ക് തരണം. എന്റെ ജ്വലിക്കുന്ന സ്നേഹത്താൽ അവ കത്തിച്ച് ചാമ്പലാക്കും.

ജീവിതം വിശുദ്ധമാകണമെങ്കിൽ, അതിനെ കർത്താവായ ദൈവത്തിന് വിട്ടു കൊടുക്കണം. വിശുദ്ധിയെന്ന് പറയുന്നത് വിട്ടുകൊടുക്കലാണ്. കുശവൻ തന്റെ ഇഷ്ടമനുസരിച്ച് കളിമണ്ണിനെ രൂപാന്തരപ്പെടുത്തി എടുക്കുന്നപോലെ നമ്മുടെ ജീവിതത്തെ ദൈവത്താൽ രൂപാന്തരപ്പെടുത്തിയെടുക്കുവാൻ വിട്ടുകൊടുക്കുന്നതാണ് വിശുദ്ധി. നിഷ്ഠൂരപാപിയിൽ നിന്ന് അഗസ്റ്റിൻ സഭയിലെ വലിയ വിശുദ്ധനായത് അദ്ദേഹം തന്റെ ജീവിതത്തെ ദൈവത്താൽ രൂപാന്തരപ്പെടുത്തുവാൻ വിട്ടുകൊടുത്തതുകൊണ്ടാണ്. പാപിനിയായ മഗ്ദേലന ക്രിസ്തുവിന്റെ ഉത്ഥാനത്തിന് ആദ്യസാക്ഷിയായത് തന്നെതന്നെ ദൈവത്തിന്റെ ഇഷ്ടമനുസരിച്ച് രൂപാന്തരപ്പെടുത്തുവാൻ വിട്ടുകൊടുത്തതുകൊണ്ടാണ്. ക്രിസ്തുമസ് യഥാർത്ഥത്തിൽ യേശുവിനു വസിക്കാൻ നമ്മുടെ ജീവിതത്തെ വിട്ടുകൊടുക്കലാണ്. അവൻ തനിക്കിഷ്ടമുള്ളപോലെ ഓരോരുത്തരെയും മെനഞ്ഞെടുക്കുന്നു.

## 2. നല്കുവാനുള്ള സന്മനസ്സ്

എന്താണ് ജീവിതത്തെ ശ്രേയസ്കരമാക്കുന്നത്? സദാ സമയവും സ്വീകരിക്കുന്നതല്ല, നൽകുന്നതാണ് ജീവിതത്തെ ശ്രേയഷ്കരമാക്കുന്നത് (അപ്പ 20:35). സ്വീകരിക്കുക, സ്വന്തമാക്കുക, വെട്ടിപിടിക്കുക എന്ന ലോകതത്വത്തിൽനിന്ന് നല്കുകയെന്ന സുകൃതത്തിലേക്കുള്ള മടക്കയാത്രാണ് ക്രിസ്തുമസ്. നല്കുന്നതിൽ എന്നും മാതൃകയായി നമ്മുടെ മുന്നിലുള്ളത് ദൈവമാണ്. തന്റെ ഏക ജാതനെ നല്കാൻ തക്കവിധം ദൈവം ഈ ലോകത്തെ സ്നേഹിച്ചു (യോഹ 3:16). ലോകത്തിന് വിശന്നപ്പോൾ പശിയടക്കാൻ ആകാശത്തിൽ നിന്ന് മന്ന നല്കി (പുറ 16:15). പിന്നെയും വിശന്നപ്പോൾ അപ്പം വർദ്ധിപ്പിച്ചു നല്കി (ലൂക്ക 9: 16-17). ജനങ്ങൾക്ക് വീണ്ടും വിശന്നു. അപ്പോൾ അവൻ തന്നെ അപ്പമായി മാറി. അവൻ ഒന്നും സ്വീകരിക്കാതെ എല്ലാം നല്കിയവൻ, തനിക്ക് സ്വന്തമായി ഉണ്ടായിരുന്ന അമ്മയെപോലും ഈ ലോകത്തിന് നല്കിയ ദൈവമാണ് യേശു (യോഹ 19:27). അവസാനത്തുള്ളി ചോരയും നീരും പോലും സൗഖ്യത്തിനായ് നല്കുന്നു (യോഹ 19:34). അങ്ങനെ അന്ധനായ പടയാളി സൗഖ്യം പ്രാപിക്കുന്നു. തീരുവോളം കൊടുക്കണമെന്നും, കൊടുത്ത്, കൊടുത്ത് കൈകളിൽ തിരുമുറിവുണ്ടാകണമെന്നും യേശു നമ്മെ പഠിപ്പിക്കുന്നു. യേശുവിൽനിന്നും പ്രചോദനം സ്വീകരിച്ച മദർ തെരേസ പറയുന്നു: 'നല്കുക, മുറിവേല്ക്കുന്നതുവരെ നല്കുക'. വി.മാക്സ് മില്യൻ കോൾബേ തന്റെ ജീവനെ നല്കുക വഴി ഹൃദയത്തിൽ തിരുമുറിവു സ്വന്തമാക്കി. ഫ്രാൻസിസ് സേവ്യർ നടന്ന് സുവിശേഷം പ്രഘോഷിച്ചതുകൊണ്ട് അദ്ദേഹത്തിന്റെ പാദങ്ങളിലാണ് തിരുമുറിവ് സ്വന്തമാക്കിയത്. നൽകുന്നതിലൂടെ ഉളവാകുന്ന തിരുമുറിവുകളിൽ നിന്നാണ് നന്മയുടെ, വിശുദ്ധ പൂക്കൾ വിരിയുന്നത്.

ദരിദ്രയായ വിധവയെപ്പോലെ ഏറ്റവും നല്ലതിനെയാണ് അബ്രഹാം ദൈവത്തിന് നല്കിയത്. തന്റെ ഏകജാതനെ നല്കിക്കൊണ്ടാണ് അബ്രഹാം ദൈവത്തെ പ്രസാദിപ്പിച്ചത്. മറിയത്തിന്റെ ജീവിതത്തിലെ ഏറ്റവും നല്ലത് തന്റെ ഏകമകനാണ്. ലോകത്തിന്റെ രക്ഷയ്ക്ക് വേണ്ടി മറിയം തന്റെ മകനെ നല്കുകയാണ്. മനുഷ്യർ നിത്യജീവൻ പ്രാപിക്കാൻ പിതാവായ ദൈവം പറിച്ചു നല്കിയത് മുഴുവൻ സ്നേഹവും സാന്ദ്രീകരിച്ചിരിക്കുന്ന തന്റെ ഹൃദയത്തെത്തന്നെയാണ്. സ്നേഹം മാംസം ധരിച്ചാണല്ലോ ക്രിസ്തുവായി മാറിയത്.

## 3. ബെത്‌ലേഹേമാകുക

ബെത്‌ലേഹം എന്ന വാക്കിന്റെ അർത്ഥം അപ്പത്തിന്റെ ഭവനമെന്നാണ്. അപ്പത്തിന്റെ ഭവനത്തിൽ ലോകം മുഴുവന്റെയും രക്ഷക്കായുള്ള അപ്പമായി ദൈവം ജനിച്ചു. മനുഷ്യർക്ക് ജീവനുണ്ടാകാനും, അത് സമൃദ്ധമായി ഉണ്ടാകാനും യേശു നല്കിയത് തന്റെ തിരുശരീരമാകുന്ന അപ്പത്തെയാണ്. നമ്മുടെ ജീവിതത്തെയും ബെത്‌ലേഹേമായി മാറണമെങ്കിൽ യേശു നമ്മിൽ ജനിച്ചുകൊണ്ട് മാത്രം പോരാ, അവർ തമ്മിൽ വളരണം. അങ്ങനെ ഞാൻ ഇല്ലാതാകണം. എന്നിൽ കാണേണ്ടത് യേശുവിനെയാണ്, അവന്റെ മുഖത്തെയാണ്.

രക്ഷയുടെ അപ്പമായി മാറിയ യേശു ശിഷ്യരോട് പറയുന്നു. നിങ്ങൾ അവർക്ക് അപ്പം നല്കുക. വിശപ്പ് മാറ്റേണ്ട ദൗത്യം ഓരോ ക്രിസ്തുശിഷ്യനുമുണ്ട്. ക്രിസ്തുമസ് ആത്മീയമായും ശാരീരകമായും വിശപ്പനുഭവിക്കുന്നവരുടെ ജീവിത അപ്പമായി മാറുവാനുള്ള വിളിയാണ്.

വിശക്കുന്നവർക്ക് ആഹാരം നല്കുന്ന ദൈവത്തെ ബൈബിളിൽ കാണുന്നുണ്ട്. ഈജിപ്തിൽനിന്ന് യാത്ര തിരിച്ച് 2 1/2 മാസം പിന്നിട്ടപ്പോൾ ഇസ്രായേൽ ജനം എത്തിയത് സീൻ മരുഭൂമിയിലാണ്. അവർക്ക് വിശന്നപ്പോൾ ദൈവം അത്ഭുതകരമായ രീതിയിൽ മന്ന പൊഴിച്ച് പശി തീർക്കുകയാണ്. ദൈവവചനം ശ്രവിച്ച ജനങ്ങൾക്ക് വിശന്നപ്പോൾ യേശു അഞ്ചപ്പവും രണ്ടു മീനുംകൊണ്ട് അയ്യായിരത്തിൽപരം ആളുകളെ തീറ്റിപോറ്റുന്നു. അപ്പം നല്കിയ ദൈവം നമ്മോട് അപ്പം നല്കാൻ ആവശ്യപ്പെടുന്നു.

ഇന്ന് ലോകത്ത് മരിക്കുന്ന 9 ആളുകളിൽ ഒരാൾ പട്ടിണി കിടന്നു മരിക്കുന്നു. ഒരു ദിവസം 21000 പേരോളം പട്ടിണിയിലൂടെയാണ് മരിക്കുന്നത്. ഇന്ന് പ്രകൃതി ദുരന്തത്തെക്കാൾ, രോഗത്തെക്കാൾ, അപകട മരണത്തെക്കാൾ കൂടുതൽ മരണം സംഭവിക്കുന്നത് പട്ടിണികൊണ്ടാണ്. ഒരോ നാലു സെക്കന്റിലും ഒരാൾ പട്ടിണി കിടന്നു മരിക്കുന്നു. ക്രിസ്തുമസ് പട്ടിണി ഇല്ലാതാക്കുവാനുള്ള തിരുനാളാണ്.

കണ്ണു കാണാത്ത പക്ഷിയെയും, കാലൊടിഞ്ഞ മൃഗത്തെയും ദൈവം തീറ്റി പോറ്റുന്നുവെങ്കിൽ വിശക്കുന്ന മനുഷ്യർക്ക് ആഹാരം നല്കാനാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. ആത്മീയ ശാരീരിക പട്ടിണിയിൽ നിന്നുള്ള മോചനമാണ് ക്രിസ്തുമസ്.

എല്ലാം കൂട്ടിവയ്ക്കുന്നവരുടെ ശ്രദ്ധയ്ക്ക്. സ്വീകരിക്കുന്നതിനേക്കാൾ നൽകാൻ ആഗ്രഹിച്ച ഒരു ദൈവമാണ് നമ്മുടേത്. സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുമ്പോഴാണ് കൂടുതൽ സന്തോഷം ഉണ്ടാകുന്നത് എന്ന് പഠിപ്പിച്ച ഒരു ചരിത്രമുണ്ട് ക്രിസ്തുമസിന്. മരുഭൂമി താണ്ടി വന്ന രാജാക്കന്മാർ ദൈവപുത്രന് തങ്ങളുടെ സമ്മാനങ്ങൾ നൽകിയപ്പോഴാണ് ഉണ്ണി യേശു, അവരുടെ ഹൃദയങ്ങളെ അനുഗ്രഹങ്ങളാൽ നിറച്ചത്. കാലിത്തൊഴുത്ത് നൽകിയ സംരക്ഷണമാണ്, ക്രിസ്തുമസ്സിന് ഇന്നും പുൽക്കൂടിനെ അലങ്കരിക്കുന്നത്. അതേ, സ്വീകരിക്കാനെന്നതിനെക്കാൾ നൽകാൻ കഴിയട്ടെ, അങ്ങനെ വിധവയുടെ നാണയം പോലെ എന്റെ സമർപ്പണവും ദൈവത്തിന് പ്രീതികരമാകും. ■

# കാലം

നക്ഷത്രം കൊരുത്ത്
മാലയാക്കുന്നത് ആരാണ്?
എന്റെ തോന്നലാകുമോ!
അതോ വിഭ്രമകാഴ്ചകളോ!
ചന്ദ്രൻ മറഞ്ഞാലും
നക്ഷത്രമാലയുണ്ട്.
മുദ്രകുത്തി ആളുകളെ
അറവുശാലയിലേക്ക്
കൊണ്ടുപോകുന്നു
തോന്നലല്ല
വിഭ്രമ കാഴ്ചകളല്ല.
എന്നെ ആരോ
അനുഗമിക്കുന്നു
തിരിഞ്ഞുനോക്കുമ്പോൾ
മുന്നിലാരോ!
പലപല കളികളാടി
മേഘം മഴപൊഴിക്കുന്നു
മഴകൊള്ളാതിരിക്കാൻ
ഒരു കടയിൽ കേറി നിൽക്കുന്നു
നിരത്ത് നിറഞ്ഞ് കുടകൾ.
കുട്ടികളുടെ ആർപ്പുവിളിയിൽ
മാനത്തൊരു മഴവില്ല്.



പി.വൈ. ബാലൻ

കഥ



# ലിഫ്റ്റിൽ കയറാൻ കാത്തിരുന്ന ഒരു തിരക്കഥ

അരവിന്ദന്റെ കാഞ്ചനസീത എനിക്കിഷ്ടപ്പെട്ട സിനിമയാണ്. ആലിലകളിൽ കാറ്റു പിടിക്കുമ്പോൾ എനിക്ക് സീതയെ കാണാനായി. ഏതോ തിയറ്ററിൽ ഉച്ചപ്പടമായി ഓടുമ്പോഴാണ് ഞാൻ ആ സിനിമ കണ്ടത്. നാലോ അഞ്ചോ പേര് മാത്രം അങ്ങിങ്ങായി ഇരിക്കുന്നു.

സിനിമ കണ്ട് പുറത്തിറങ്ങുമ്പോൾ കാഞ്ചനസീത എന്ന നാടകം എഴുതിയ സി. എൻ. ശ്രീകണ്ഠൻ നായരുടെ മനസ്സിനെ അപഗ്രഥിക്കണമെന്ന് എനിക്ക് തോന്നി. സീത പ്രകൃതിയാണ് എന്ന ആ വാചകം അദ്ദേഹം എഴുതാൻ പാടില്ലായിരുന്നു. ഒരു വാചകം കൊണ്ട് അപമാനിതനായ നാടകകൃത്ത്!

ശ്രീകണ്ഠൻ നായർ ദുഃഖിച്ചിരിക്കണം. കാലം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ആത്മാവെങ്കിലും സന്തോഷിച്ചുകാണും. അപ്പോഴാണല്ലോ തിരക്കഥ കത്തിക്കുക എന്ന പുതിയൊരു സിനിമാതിയറി വന്നുകൂടിയത്.

ഞാനൊരു വിശാല മനസ്കനൊന്നുമല്ല. അല്ലറചില്ലറ നാടകം, കവിത, കഥ, ഷോർട്ട്ഫിലിം, ഡോക്യുമെന്ററി സ്ക്രിപ്റ്റ്, ചില ലേഖനങ്ങൾ ഒക്കെ എഴുതീട്ടുണ്ട്. കുറച്ചുകാലം പത്രത്തിലും പ്രവർത്തിച്ചു. എഴുത്തിന്റെ ഒരു അസ്കിത ഉണ്ടെന്ന് മാത്രം. വായനശാലാ സുവനീറിലും ഫേസ്ബുക്കിലും എഴുതുന്നുണ്ട്. പ്രശസ്തനാണോ എന്ന് ചോദിച്ചാൽ അല്ലതാനും. കുറച്ചുപേർ അറിയും; അത്രതന്നെ.

അങ്ങനെയിരിക്കെയാണ് ഒരു സിനിമാ തിരക്കഥ എഴുതിയാലോ എന്ന് ആലോചിച്ചത്. ഒരു പാട് ത്രെഡ് ഉണ്ട്. എങ്കിലും എന്റെ അയൽക്കാരനായ ഒരു വൃദ്ധനേയും അയാളുടെ മകളേയും കുറിച്ച് എഴുതാം എന്ന് തീരുമാനിച്ചു. എട്ടുപൊലീസുകാരെ, ഒറ്റയ്ക്ക് പൊരുതി ഒരു തെങ്ങിൽ കെട്ടിയിട്ട മുടുക്കൻ എന്ന എന്റെ മുതുമുത്തശ്ശനും ഇതിൽ ക്യാരക്ടറാണ്.

ഇതൊരു മത്സ്യഗ്രാമം. അടുത്ത് ഗോഥിക് മോഡലിൽ പണിത ഒരു പള്ളിയുണ്ട്. കടലുണ്ട്, ആറുണ്ട്, ഞാറമരങ്ങളും പറങ്കിമാവുകളും ഉണ്ട്. ഈ മരങ്ങൾക്കിടയിൽ പ്രേമിക്കാൻ ആണുങ്ങളുണ്ട്, പെണ്ണുങ്ങളുണ്ട്. പല പ്രേമങ്ങളും ഞാൻ കണ്ടിട്ടുണ്ട്; ഒളിഞ്ഞുനോട്ടക്കാരൻ അല്ലാത്തതുകൊണ്ട് മരത്തിനു മറവിലെ പ്രണയലീലകൾ കാണാതെ മുങ്ങും. അയ്യേ, പ്രേമിക്കുന്നിടത്തു എനിക്കെന്തുകാര്യം?



ഡിക്സൺ ജോർജ്

പ്രമാണിയും രാജസേവകനും ശിക്ഷകനുമായ നായകൻ. അയാൾ വയലിനിസ്റ്റാണ്, സുമുഖനും പ്രേമലോലുപനുമാണ്.

പറങ്കിമാവിന്റെ ഇടയിലെ പ്രേമം കണ്ട് ഓടിമറയുന്നതിനിടയിലാണ് ഒരു പൂക്കുലക്കിളിയുടെ കൂട് ഞാൻ ശ്രദ്ധിക്കുന്നത്. മഞ്ഞച്ചുണ്ടുള്ള ഒരു കിളിയും കുഞ്ഞും. അതിനെ നോക്കിനിൽക്കുമ്പോൾ ഒരു കുതിരക്കുളമ്പടി ശബ്ദം. കാറ്റാടി മരങ്ങൾ അതിരിടുന്ന പറങ്കിമാവിൻ കൂട്ടത്തിലെ വഴിയിലൂടെ ദേ, പാഞ്ഞുപോകുന്നു നമ്മുടെ കഥാനായകൻ. തലമുടി കാറ്റത്ത് പാറിനടക്കുന്നു. നാടൻ സായിപ്പ്. രാജാവിന്റെ ചുങ്കം പിരിക്കുന്നവൻ. അപ്പുറത്ത്, മാങ്കൂട്ടത്തിന്റെ മറവിൽ പ്രേമിച്ചുനിൽക്കുന്ന ആ പെണ്ണിനെ കാണല്ലേ എന്ന് ഞാൻ പ്രാർത്ഥിച്ചു. അയാൾ പോയി, അവരെ കണ്ടുകാണില്ല.

വീട്ടിലേക്ക് നടക്കുന്ന വഴിയിൽ, മദ്രാസീന്ന് പഠിച്ചു ഇപ്പോൾ നാട്ടിലെത്തിയ തൊണ്ടുമുതലാളീടെ മകൻ നയിക്കുന്ന ഒരു ജാഥ കണ്ടു. ജാഥ എന്ന പേര് പിന്നീടാണ് ഞാൻ മനസ്സിലാക്കീത്. ഏഴെട്ട് പേരുണ്ട്. ഗാന്ധിജി സിന്ദാബാദ് എന്നൊക്കെ വിളിക്കുന്നുണ്ട്. ഞാനും അതിലേക്ക് ഇടിച്ചുകയറി, വീടെത്തിയപ്പോൾ ഊരിപ്പോന്നു.

ബാല്യത്തിൽ കണ്ട അതൊന്നും തമാശയായിരുന്നില്ല എന്ന് മനസ്സിലാക്കാൻ പിന്നെയും കുറെ കാലം എടുത്തു. രാജഭരണം, വിദേശഭരണം, സ്വാതന്ത്ര്യ പ്രക്ഷോഭങ്ങൾ, മർദ്ദനം, ലോക്കപ് പീഡനങ്ങൾ...കാറ്റത്ത് പറന്നുകളിക്കുന്ന ഒരു കരിയില ഇപ്പോൾ ഞാൻ കാണുന്നു.

ഞാറമുഖം എന്ന എന്റെ നാടിന്റെ നാടൻ ഹിസ്റ്ററി അങ്ങനെ തിരക്കഥയാക്കി എഴുതിത്തുടങ്ങി.

ഇരുപത് വർഷങ്ങൾക്ക് ശേഷം വെട്ടിയും തിരുത്തിയും ആ തിരക്കഥ പൂർത്തിയായി. പൂർത്തിയായോ? ഇനിയും ചില തിരുത്തലുകൾ, അവസാന സീൻ വീണ്ടും മാറ്റി.

ആരെയെങ്കിലും കാണിക്കാൻ എനിക്ക് ഭയമായിരുന്നു. തിരക്കഥയുടെ സാങ്കേതികത എനിക്കറിയില്ലായിരുന്നെങ്കിലും, എപ്പോഴൊക്കെയോ കണ്ട ഐസൻസ്റ്റീനും ഗൊദാർദും ബർഗ്മാനും തർക്കോവ്സ്കിയും തോമസ് ഏലിയായും കുറസോവയും മറ്റും എന്റെ തിരയെഴുത്തിനെ തിരുത്തിക്കൊണ്ടിരുന്നു. ഇടം, കാലം, കഥാപാത്രങ്ങൾ, ഭാവം, രസം അവ ഉണ്ടാക്കുന്ന കഥാർസിസ്... എല്ലാം സ്വയം പഠിച്ചു; എഴുതി.

അടുത്ത ഗ്രാമത്തിലെ ഒരു നാടക മുതലാളിയെ എനിക്ക് പരിചയം ഉണ്ടായിരുന്നു. അയാൾ നാടകം എഴുതും അഭിനയിക്കും സംവിധാനം ചെയ്യും. അയാളുടെ ഒരു നാടകത്തിൽ ഒരു പോലീസ് വേഷം കെട്ടി ഞാൻ റിഹേഴ്സൽ എടുത്തിരുന്നു, ആ നാടകം പക്ഷേ, നടന്നില്ല. അയാളെ തിരക്കഥ കാണിച്ചു. വായിക്കാമെന്ന് പറഞ്ഞു അത് വാങ്ങിവച്ചു. ഒരാഴ്ച കഴിഞ്ഞു അദ്ദേഹത്തെ വെറുതെ എന്ന വ്യാജേന കാണാൻ പോയി. അദ്ദേഹത്തിന്റെ നാടക കാര്യങ്ങളും അഭിനയവും നാട്ടുകാര്യങ്ങളും പറഞ്ഞ ശേഷം 'തിരക്കഥ വായിച്ചോ' എന്ന് ഞാൻ ചോദിച്ചു.

'വായിക്കാമെടെ, എം. ടി യൊക്കെ എഴുതുന്ന തിരക്കഥ തിരുത്തി തിരുത്തി മനനം ചെയ്ത്, പിന്നെയും തിരുത്തി എഴുതിയാണ് പുറത്തു കാട്ടുന്നത്. വായിക്കാം...'

ഞാൻ തിരികെ പോന്നു. ഒരു സായാഹ്നപത്രത്തിൽ പ്രൂഫ് റീഡിങ് പണിയുണ്ടായിരുന്നു. അത് പോയിക്കിട്ടി. ഒരു ചരമ വാർത്തയിലെ മകന്റെ മരണം അച്ഛന്റെ മരണം ആക്കി മാറ്റിയെന്ന കാരണത്താൽ. ആ പ്രൂഫ് ഞാൻ കണ്ടില്ല എന്ന് പറഞ്ഞെങ്കിലും അവർ എന്നെ പറഞ്ഞുവിട്ടു. കാലഭൈരവന്മാർ വളഞ്ഞിട്ട് പിടിക്കും.

കടൽ തീരത്തു പോയിരുന്ന് തീരം, തിര, ഉൾക്കടൽ, ചക്രവാളം, മേഘങ്ങൾ, അസ്തമയ സൂര്യൻ ഇതൊക്കെ നോക്കിയിരിക്കുമ്പോൾ ഒരു കൂട്ടുകാരൻ വന്നു ചോദിച്ചു: ഡേ, കുവൈറ്റിൽ ഒരു പണിയുണ്ട്, വിസ ഉടൻ വരും. നീ വരുന്നോ?

എന്തുപണി?

അവിടെ അറബിയെ മലയാളം പഠിപ്പിക്കാൻ !

അവൻ ആക്ഷേപിച്ചു നടന്നു പോയി. പണ്ട്, കൂടെ പഠിച്ചവനാ, പഠനത്തിൽ മിടുക്കില്ലെങ്കിലും ആത്മാർത്ഥത ഉണ്ട്.

ഒരു മാസം കഴിഞ്ഞപ്പോൾ ഞാൻ വീണ്ടും നാടകക്കാരന്റെ അടുത്ത് പോയി. അദ്ദേഹം ഈയിടെ ചെയ്ത ശ്രീകൃഷ്ണ വേഷത്തെക്കുറിച്ചു ഒരുപാട് വാചാലനായി.

ഇപ്പോഴും കൃഷ്ണനൊക്കെ ഉണ്ടോ? ഞാൻ

ഇപ്പോഴാണ് കൃഷ്ണന് പ്രസക്തി അദ്ദേഹം.

പുതിയൊരെണ്ണം എഴുതിത്തുടങ്ങി, പശുമാ, പശുവിനെ വച്ച് ഒരു കാച്ചു കാച്ചും. ഉത്തരേന്ത്യൻ സ്റ്റേജാണ് ഇനി നോട്ടം. അദ്ദേഹം ചാരുകസാലയിൽ അമർന്നു.

പട്ടിയെ വച്ച് കാച്ചിയിരുന്നേൽ കേരളം രക്ഷപ്പെട്ടുപോയേനെ എന്ന് ഞാൻ പറഞ്ഞില്ല.

നാടകം കണ്ടോ? അദ്ദേഹം ചോദിച്ചു.

ഇല്ല .

അടുത്ത ആഴ്ച കാർത്തിക തിരുനാളിലുണ്ട്

'ഓ. തിരക്കഥ...' ഞാൻ തല ചൊറിഞ്ഞു.

ഓ, അതോ, അതിൽ, സീൻ, ഷോട്ട്, കാമറ ആങ്കിൾ ഒക്കെ വിശദമായി വരണം. വായിച്ചു തുടങ്ങീട്ടെ ഉള്ളു. നോക്കട്ടെ. തിരക്കഥയൊക്കെ എഴുതാറായോ? ങ് നോക്കട്ടെ.



തിരിച്ചു നടക്കുമ്പോൾ ഒരു മേഘം ഇങ്ങനെ പാഞ്ഞുവരുന്നത് കണ്ടു. അപ്പോൾ ഒരു കാറ്റും വന്നു. ശക്തമായ കാറ്റ്. കാറ്റത്ത് ഞാൻ നിൽക്കയാണ്. അപ്പോഴാണ് കാറ്റുപോലെ ഒരു ചിന്ത പാഞ്ഞുപോയത്; മമ്മൂട്ടിയെ കണ്ടിട്ട്, വായിച്ചു കേൾപ്പിച്ചാലോ? അദ്ദേഹത്തിന് പറ്റിയ നായകനാണ് ഇതിലുള്ളത്. എന്നോടൊപ്പം പഠിച്ച ഒരു കാമറ അസിസ്റ്റന്റിനെ ഓർമ വന്നു. മമ്മൂട്ടിയുടെ ഏതോ സിനിമയിൽ അവൻ കാമറ അസിസ്റ്റ് ചെയ്തതായി പറഞ്ഞിരുന്നു.

അവനെ വിളിച്ചു. അവൻ പറഞ്ഞു:

മമ്മൂക്കയെ നേരിട്ടൊന്നും കാണാൻ പറ്റില്ല. ഒരു മാനേജർ ഉണ്ട്. അയാളെ വിളിച്ചു നോക്ക്. ഒരു നമ്പറും തന്നു.

ഞാൻ വിളിച്ചു. മൂന്നു ദിവസം ഫോൺ എടുത്തില്ല. മെസ്സേജ് അയച്ചു. മറുപടി ഇല്ല. രണ്ടാഴ്ച കഴിഞ്ഞു വീണ്ടും വിളിച്ചു. ഫോൺ എടുത്തു.

എന്താ കാര്യം?

ഒരു സ്ക്രിപ്റ്റ് മമ്മൂട്ടിയെ വായിച്ചു കേൾപ്പിക്കാനാ?

ആരാ സംവിധായകൻ?

അങ്ങനെയില്ല.

സംവിധായകനെ തീരുമാനിച്ചു വിളിക്ക്.

മൊബൈലിൽ ഉണ്ടായിരുന്ന 12 രൂപ പോയിക്കിട്ടി.

ഇനി, ആരാ സംവിധായകൻ?

നാടകം സംവിധാനം ചെയ്യുന്ന ഒരു മഹേഷിനെ അറിയാം, ഡോക്യുമെന്ററി ചെയ്യുന്ന ഒരു അശോകനെ അറിയാം, ഷോർട് ഫിലിം ചെയ്യുന്ന ഒരു ജോർജിനെ അറിയാം.

ങാ... മുക്കോടൻസ് ബാറിൽ കള്ളുകുടിച്ചിരിക്കുമ്പോൾ പരിചയപ്പെട്ട ഒരു അസിസ്റ്റന്റ് ഡയറക്ടറെ അറിയാം. അയാളുടെ കാർഡ് എവിടെയോ കിടപ്പുണ്ട്.

തിരുവനന്തപുരത്തെ ഒരു ഫ്ലാറ്റിലെ അസി. ഡയറക്ടറുടെ മുറിയിലാണിപ്പോൾ.

സ്മോൾ അടിക്കില്ലേ? അദ്ദേഹം ചോദിച്ചു.

അടിക്കാം.

എന്നാൽ വാങ്ങി വാ.

ഞാൻ ഒരു ഓട്ടോ പിടിച്ചു സ്റ്റാച്യുവിലെ ബിവറേജസിൽ ക്യൂ നിന്ന് ഒരു കുപ്പിയും വാങ്ങി വന്നു. അദ്ദേഹം ഒഴിക്കുന്നു, കുടിക്കുന്നു. ഒരു പേജ് വായിച്ചെന്ന് തോന്നുന്നു. പിന്നെയും ഒഴിക്കുന്നു, കുടിക്കുന്നു. അഞ്ചോ ആറോ പേജ് വായിച്ചു കഴിഞ്ഞപ്പോഴേക്കും അദ്ദേഹം ചെരിഞ്ഞു, കട്ടിലിൽ.

നിക്കണോ, പോണോ? ഞാൻ ചിന്തിച്ചു.

ഫാനിന്റെ കാറ്റിൽ തിരക്കഥയുടെ പേജുകൾ മറിഞ്ഞുകൊണ്ടിരുന്നു. എന്റെ സംവിധായകന്റെ ദീർഘ ശയനം; ഇടയ്ക്ക് മൂളലും ഞരക്കവും ഉണ്ട്. കുപ്പിയിൽ അല്പം ബാക്കിയുണ്ട്. അതും കുടിച്ചു, ഫാനിന്റെ കാറ്റ്, പേജുകൾ മുഴുവനും മറിച്ചു വായിച്ച തിരക്കഥയുമായി ഞാൻ മടങ്ങി.

കുവൈറ്റിലുള്ള കൂട്ടുകാരൻ വീണ്ടും വിളിച്ചു: നീ വരുന്നോ? ഒരു വിസ ഒണ്ട്.

ഞാൻ ചോദിച്ചു: എന്ത് പണി കിട്ടും?

നിനക്ക് ഷേഖിന്റെ പണി തരാം.

ആക്ഷേപിച്ചതായിരിക്കാം. എങ്കിലും ഞാൻ പോയി. ഒരു ലിഫ്റ്റ് ഓപ്പറേറ്ററുടെ അസിസ്റ്റന്റ്. ലിഫ്റ്റിൽ മുകളിലും താഴെയുമായി പൊങ്ങാം താഴാം. ഒരിക്കൽ ഒരു ലിഫ്റ്റിന് എന്തോ കേട്, ബോസ് ഇല്ല. ഞാൻ പോയി. ലിഫ്റ്റ് പരിശോധിക്കുന്നതിനിടെ എവിടെ നിന്നോ വെള്ളത്തിന്റെ ഒരു പാച്ചിൽ. വെള്ളത്തിൽ മുങ്ങിക്കിടന്ന് അത് ശരിയാക്കേണ്ടിവന്നു. തിരക്കഥ എഴുതാൻ എത്ര എളുപ്പമാ ല്ലേ?

ഒരു വെള്ളിയാഴ്ച അവധി നാളിൽ കുവൈറ്റിലെ പള്ളിയിൽ പോയപ്പോഴാണ് അറിഞ്ഞത്, കൂടെ പഠിച്ച കവി റഷീദ് കവിത ചൊല്ലാൻ എത്തുന്നുണ്ടെന്ന്. അവനെ കണ്ടിട്ട് എത്ര നാൾ? അവൻ വന്നു, കവിത കേട്ടു, കണ്ടു. അപ്പോൾ തിരക്കഥയെ കുറിച്ച് ഇവനോട് പറഞ്ഞാലോ എന്നാലോചിച്ചു. പറഞ്ഞു. അതിന്റെ കോപ്പി ഉടൻ വേണമെന്ന് അവൻ. കൊടുത്തു. അവൻ പോയി.

ഞാൻ ലിഫ്റ്റിലും വെള്ളത്തിലും മുങ്ങിയും പൊങ്ങിയും കുറേ നാൾ കിടന്നപ്പോൾ അവധി വന്നു. നാട്ടിൽ പോയി. കവിയെ വിളിച്ചു. അവൻ പറഞ്ഞു: എടാ, അല്പംകൂടിയൊക്കെ ശരിയാകാനുണ്ട്. ഇതിലെ ആ നാടൻ ഹിസ്റ്ററിയൊക്കെ കൊള്ളാം, റൊമാൻസും ഓടും. പക്ഷേ, ചില മോറൽ പ്രശ്നങ്ങളുണ്ട്. മറ്റേ രവീന്ദ്രനില്ലേ, അവന്റെ പുതിയ സിനിമയിൽ ഞാൻ പാട്ടെഴുതുന്നുണ്ട്, ഒന്ന് കൊടുത്തു നോക്കാം. സന്തോഷം കൊണ്ട് ഞാൻ മരവിച്ചുപോയി. അവധി കഴിഞ്ഞിട്ടും കുവൈറ്റിലേക്ക് തിരികെ പോയില്ല. രവീന്ദ്രന്റെ കയ്യിലാണ് എന്റെ തിരക്കഥ. അദ്ദേഹം കമ്മിറ്റ്മെന്റുള്ള സംവിധായകനാണ്. ആദ്യ സിനിമ നിർമിച്ചത് ഭാര്യയുടെ താലിമാല വിറ്റിട്ടാണ്. പിന്നെയും ചില സിനിമകൾ പിടിച്ചിട്ടുണ്ട്, ആർട്ടാണ്.

ഓ... ആർട്ടാണെങ്കിലും കുഴപ്പമില്ല. വെള്ളിത്തിരയുടെ വെള്ളിത്തിരശീലയിൽ എന്റെ പേര് എഴുതിവരും: കഥ, തിരക്കഥ, സംഭാഷണം.....

ഒരു വർഷമാകാൻ പോകുന്നു, സംവിധായകൻ വിളിച്ചില്ല. പക്ഷേ, കുവൈറ്റിൽ നിന്നും വിളിവന്നു: ഡേയ്, ലിഫ്റ്റിന്റെ പണിക്ക് ആളെ വേണം നീ വരുന്നോ? ഈ ലിഫ്റ്റെങ്കിലും എന്നെ ഒന്ന് പൊക്കട്ടെ!

ആയിടക്കാണ് മമ്മൂക്കയുടെ മകൻ ദുൽഖർ സിനിമയിലേക്ക് വരുന്നത്. ചുള്ളനാണ്.

മമ്മൂട്ടി വില്ലൻ, ദുൽഖർ നായകൻ. വില്ലനാണ് പക്ഷേ, നായകൻ.



അപ്പോൾ ദുൽഖറിൽ പിടിച്ചു മമ്മൂട്ടിയിൽ കയറാം. ദുൽഖറിന്റെ മാനേജരുടെ നമ്പർ തെരഞ്ഞു പിടിച്ചു വിളിച്ചു. ദേ, സെയിം ആള്. മമ്മൂട്ടിയുടെ മാനേജർ, എന്നെ അടുപ്പിച്ചില്ല.

ഞാൻ വീണ്ടും ലിഫ്റ്റിൽ പൊങ്ങിയും താഴ്ന്നും സ്റ്റക്കായും ജീവിച്ചു. ഇടയ്ക്ക് എന്റെ കാമുകി ചോദിച്ചു: ഷാരൂഖ്, കമൽഹാസൻ ഇവരെ ട്രൈ ചെയ്തൂടെ? ട്രൈ ചെയ്തില്ല. തിരക്കഥ അങ്ങനെ ഇരിക്കയാണ്, അടയിരുപ്പ്. ഒരിക്കൽ അതിരിക്കുന്ന ഫ

യൽ വീർത്തിരിക്കുന്നതായി ഞാൻ കണ്ടു. ഫയൽ തുറന്നു നോക്കിയപ്പോൾ തിരക്കഥയ്ക്ക് വണ്ണം വച്ചിരിക്കുന്നു. അതിനും പ്രായമാകയാണ്. ഞാനാണോ തിരക്കഥയാണോ മൂത്തതെന്ന് അറിയാനാകാതെ ലിഫ്റ്റിൽ കയറിയും ഇറങ്ങിയും ഞാനിങ്ങനെ ജീവിക്കുന്നു.

കന്യാസ്ത്രീയുമായുള്ള ഒരു പ്രേമത്തിന്റെ മൊറാലിറ്റി പറഞ്ഞിരുന്നല്ലോ? അപ്പോൾ ഞാൻ എന്റെ സുഹൃത്തായ സിസ്റ്റർ ഗ്രേസിയെ വിളിച്ചു. അപ്പോൾ അവർ പറഞ്ഞു: ഡാ, മോനെ നീ അത് മെയിൽ ചെയ്യ്. ഞാൻ ലാപ്പിൽ നോക്കാം.

ഓ.... മെയിലും ലാപ്പും ഉണ്ട്. പിന്നെ കന്യാസ്ത്രീകൾക്ക് പ്രേമിച്ചാലെന്താ? ഞാൻ വെറുതെ ചിന്തിച്ചു.

കുവൈറ്റിൽ നിന്ന് തിരിച്ചു പോന്നു. പഴയ വീടിന്റെ ഒരു മുറിയിൽ കുറെ പുസ്തകങ്ങളുടെയും ചിലന്തിവലകളുടെയും ഇടയിൽ ഞെരുങ്ങി ഇങ്ങനെ കിടക്കുന്നു. തിരക്കഥയുടെ ഫയൽ ഒരു മൂലയ്ക്ക് ഇരിക്കുന്നുണ്ട്. ഒരുദിവസം തിരക്കഥയിൽ നിന്ന് എന്തോ ശബ്ദങ്ങൾ. ഫയൽ തുറന്നു. അക്ഷരങ്ങൾ പരിശോധിക്കുന്ന ചിതലുകൾ. ഓ ചിതലുകളെങ്കിലും എന്റെ അക്ഷരങ്ങൾ ശ്രദ്ധിക്കുന്നുണ്ടല്ലോ! സന്തോഷമായി.

ഒരു രാത്രി ഉറങ്ങിക്കിടക്കുമ്പോൾ കാലിൽ ആരോ ചുരണ്ടുന്നു. എലി ശല്യമുള്ളതാണ്. ചാടിയെഴുന്നേറ്റ് ലൈറ്റ് ഇട്ടു. എലി ഇല്ല. ഒരു വൃദ്ധൻ മുറിയിൽ നിൽക്കുന്നു. ഞാൻ പേടിച്ചു: ഹാരാ?

ഞാൻ സണ്ണി വൃദ്ധൻ.

ഏതു സണ്ണി?

നിങ്ങളുടെ തിരക്കഥയിലെ സണ്ണി.

എന്റെ തിരക്കഥയിൽ ഇങ്ങനെയൊരു സണ്ണി ഇല്ലല്ലോ.

ഉണ്ട്, ഞാൻ തന്നെ.

ബാലനായ ഒരു സണ്ണി ഉണ്ട്. അവൻ കടലിൽ മുങ്ങി മരിച്ചില്ലേ?

അവൻ തന്നെ ഞാൻ. മുങ്ങിമരിച്ച ഞാൻ കടലിനടിയിൽ കിടന്ന് വളർന്നു. ഇപ്പോൾ വൃദ്ധനായി.

എന്റെ ബോധം നഷ്ടപ്പെടുന്നതുപോലെയും ഞാൻ കടലിൽ മുങ്ങിത്താഴുന്നതായും...

അതെ, ഞാൻ കടലിന്റെ ആഴങ്ങളിലേക്ക് മുങ്ങിത്താണുകൊണ്ടിരുന്നു.

■

## മിനിക്കഥ



# വാക്ക്



**ബോബി ജോസ് കട്ടിക്കാട്**

വല്ലാത്ത ക്ഷോഭം എല്ലാത്തിനോടും പുലർത്തിയിരുന്ന ഒരു കുട്ടിയുണ്ടായിരുന്നു. കുട്ടിയെ നേർവഴിക്ക് നയിക്കാനായി അവന്റെ അച്ഛൻ കണ്ടെത്തിയ ഉപായമിതായിരുന്നു. ഒരു സഞ്ചിനിറയെ മുള്ളാണികൾ കൊടുക്കുക.

തടികൊണ്ടുണ്ടാക്കിയ വീടാണവരുടേത്. അതിന്റെ ചുവരിൽ ക്ഷോഭം തീരുവോളം ഓരോന്നെടുത്ത് ചുറ്റികകൊണ്ട് അടിച്ചിറക്കുക. ആദ്യമൊക്കെ കുറേയധികം ആണികൾ അവൻ അടിച്ചുതാഴ്ത്തി. എന്നാൽ പിന്നീടവൻ അതിനേക്കുറിച്ച് കുറച്ചുകൂടി ബോധവാനായിത്തുടങ്ങി. പതുക്കെപ്പതുക്കെ ആണികളുടെ എണ്ണം കുറഞ്ഞു. ഇപ്പോഴാകട്ടെ തീരെയില്ല.

അച്ഛൻ അവനെ അഭിനന്ദിച്ചു. എന്നിട്ട് കൂട്ടിച്ചേർത്തു. 'ഇതുകൊണ്ട് തീർന്നില്ല നമ്മുടെ കളി. ഇനി ഓരോന്നായിട്ട് ഇവ ഊരിയെടുക്കണം.'

അത്ര എളുപ്പമായിരുന്നില്ല അത്. അവസാനത്തെ ആണി ഊരിക്കഴിഞ്ഞപ്പോൾ അച്ഛൻ അവനെ ചേർത്തുപിടിച്ച് ഭിത്തിയിലേക്ക് ഉറ്റുനോക്കാൻ ആവശ്യപ്പെട്ടു. നോക്കൂ, ഭിത്തി മുഴുവൻ ഇപ്പോൾ സുഷിരങ്ങളാണ്. അവൻ തലയാട്ടി. ഇനിയൊരിക്കലും അതിന് പൂർവഭംഗി ലഭിക്കില്ല. ക്ഷോഭത്തിൽ മനുഷ്യർ ഉച്ചരിക്കുന്ന വാക്കുകൾ ഇതുപോലെ തിരികെ എടുക്കാൻ നമ്മളെത്ര ശ്രമിച്ചാലും അതുണ്ടാക്കിയ പരിക്കുകൾ അവിടെത്തന്നെ ഉണ്ടാകും; എല്ലാ കാലത്തേക്കും. എത്ര ആവർത്തി 'സോറി' പറഞ്ഞാലും അതങ്ങനെ തന്നെയായിരിക്കും. കുട്ടി വാവിട്ടുകരഞ്ഞു.

വെറുതെയല്ല മനുഷ്യർ അവർ ഉച്ചരിക്കുന്ന ഓരോ വാക്കിനും കണക്കുകൊടുക്കേണ്ടി വരുമെന്ന് ആ വിശ്വഗുരു നിരന്തരം ഓർമിപ്പിച്ചുകൊണ്ടിരിക്കുന്നത്. ■



# ക്രിസ്മസ്: മഞ്ഞുകാലത്തെ ആത്മീയ വസന്തം

ആണ്ടുവട്ടത്തിലെ ഏറ്റവും സുന്ദരമായ ഋതുവാണ് ഡിസംബർ മാസത്തിനു വേണ്ടി പ്രകൃതി കാത്തുവെച്ചിരിക്കുന്നത്. മഞ്ഞണിഞ്ഞ നേർത്ത കുളിരുള്ള പ്രഭാതങ്ങൾ. പുൽക്കൊടിത്തുമ്പിലെ മഞ്ഞുതുള്ളിയെപ്പോലും വൈഡൂര്യമാക്കി പ്രകാശിപ്പിക്കുന്ന

പൊൻവെയിൽ നാളങ്ങൾ. അല്പം ചാഞ്ഞു പതിക്കുന്ന വെയിൽ ഉണങ്ങിപ്പോയ ഒരു പാഴ്മരത്തെപ്പോലും അവിശ്വസനീയമാംവിധം സുന്ദരമാക്കി അവതരിപ്പിക്കുന്നു. തിളങ്ങുന്ന നീലച്ചായം പൂശിയ ആകാശം. ഒഴുകിനീങ്ങുന്ന വെള്ളിമേഘങ്ങൾക്ക് ദിവ്യശോഭ. തുലാവർഷം കഴുകിത്തുടച്ച ആകാശത്തിനും നനച്ചു കുളിർപ്പിച്ച ഭൂമിക്കും വാക്കുകളാൽ വിവരിക്കാനാവാത്ത ഭംഗി. ആ ദിവസങ്ങളിലൊന്നിലാണ് രക്ഷകൻ ഭൂമിയിൽ അവതരിച്ചത്.

ഡിസംബർ ഒന്നുമുതൽ ആത്മീയവും ഭൗതികവുമായ ഒരുക്കങ്ങളിലേക്ക് പ്രവേശിക്കുന്നതായിരുന്നു ഞങ്ങളുടെ കുട്ടിക്കാലം. ഇന്നും ആ പാരമ്പര്യത്തിന് വലിയ കേടുപാടൊന്നും സംഭവിച്ചിട്ടില്ല എന്ന് അഭിമാനപൂർവം ഓർക്കുന്നു. ഇരുപത്തി നാലു ദിവസത്തെ നോമ്പിനും ആത്മീയ ഒരുക്കത്തിനുമായുള്ള പട്ടിക തയ്യാറാക്കി എല്ലാവർക്കും കാണത്തക്ക വിധത്തിൽ പ്രദർശിപ്പിക്കും. കൊച്ചു കൊച്ചു ത്യാഗപ്രവർത്തികളും പ്രാർത്ഥനകളും ആ പട്ടികയിൽ ഇടം പിടിച്ചിരുന്നു. ക്രിസ്മസ് ഫ്രണ്ടിനെ രഹസ്യമായി തിരഞ്ഞെടുക്കുക, ക്രിസ്മസിന്റെ തലേന്നാൾ അല്ലെങ്കിൽ ക്ലാസ്സ് അവസാനിക്കുന്ന ദിവസം ആശ്ചര്യപ്പെടുത്തികൊണ്ട് സമ്മാനം നൽകുക, ദൂരെയുള്ള പ്രിയപ്പെട്ടവർക്കു ആശംസാകാർഡുകൾ അയക്കുക എന്നിവയൊക്കെ ആ ചൈതന്യം നിലനിറുത്തുന്ന ആഘോഷങ്ങളായിരുന്നു. ഇരുപത്തിയഞ്ചു ദിവസം മുടങ്ങാതെ പള്ളിയിൽപോകുകയും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും ചെയ്യുക എന്നതും കുട്ടികളുടെ ക്രിസ്മസ്കാല ദിനചര്യയായിരുന്നു.

ക്രിസ്മസ് പരീക്ഷ കഴിഞ്ഞാൽ ഉടൻതന്നെ പുൽക്കൊടിന്റെ പണി ആരംഭിക്കും . അതിനായി കാടും മേടും നടന്ന് ഈന്തിന്റെ ഇലകളും ഉണ്ണീശോപ്പുല്ലും ശേഖരിക്കും. വലിയ പാറക്കെട്ടുകളിലാണ് ഉണ്ണീശോപ്പുല്ല് വളരുക. ഉണ്ണീശോയുടെ കുഞ്ഞു രൂപം കിടത്താനുള്ളയിടം ആ പുല്ലുകൊണ്ടുതന്നെ ഒരുക്കണം എന്നായിരുന്നു ഞങ്ങ



സിന്ദുമോൾ തോമസ്

ളുടെ ആഗ്രഹം.

വലിയ ഒരു ഇടന മരം മുറിച്ചുകൊണ്ടുവന്നു മുറ്റത്തു നാട്ടും. അതാണ് ഞങ്ങളുടെ ക്രിസ്മസ് ട്രീ. ബലൂണുകളും വർണ്ണ റിബണുകളും ചൈനീസ് ഗാർലൻഡുംകൊണ്ട് അലങ്കരിച്ചു മോടികൂട്ടും. അതങ്ങനെ മുറ്റത്തു നിൽക്കുന്നത് കണ്ട് ഹരം കൊള്ളും. പള്ളിയിലെ സമ്മാനപ്പൊതികൾ തൂക്കിയിട്ട ക്രിസ്മസ് ട്രീ ആണ് ഇക്കാര്യത്തിൽ ഞങ്ങളുടെ മാതൃക. ഒരിക്കൽ

വർണ്ണകടലാസുകൾ കൊണ്ട് സമ്മാനപ്പൊതികൾ കെട്ടിയും ക്രിസ്മസ് ട്രീ ഞങ്ങൾ അലങ്കരിച്ചു. പൊതിയിൽ സമ്മാനമൊന്നുമില്ലെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

നവംബർ അവസാനത്തോടെ വീട്ടിൽ പടക്കം വാങ്ങിക്കും. ഡിസംബർ ഒന്നുമുതൽ പടക്കം പൊട്ടിക്കൽ തുടങ്ങും. ഇടുക്കിയിൽ മലനിരകൾക്കിടയിലുള്ള ഞങ്ങളുടെ വീട്ടിൽ പടക്കം പൊട്ടിച്ചാൽ ചുറ്റുപാടും മുഴങ്ങിക്കേൾക്കാം. ഒരു വീട്ടിൽ നിന്ന് പടക്കത്തിന്റെ ഒച്ച ഉയർന്നാൽ നാലുപാടുമുള്ള വീട്ടുകാർ അതേറ്റുപിടിക്കും. ഉടൻ തന്നെ നാലുപാടുംനിന്ന് പടക്കത്തിന്റെ ഒച്ച ഉയരും. അതൊരു മത്സരംപോലെ തുടരും. ആവേശമായി പടരും.

കരോളിന് നാടുമുഴുവൻ ഒപ്പമുണ്ടാകും. അന്യമതസ്ഥരാണെങ്കിൽ കൂടിയും തങ്ങളുടെ വീട്ടിലും കരോൾ വരണമെന്ന് ചിലർ ആവശ്യപ്പെടും. രാ വെളുക്കുവോളം കരോൾ സംഘം വീടുവീടാന്തരം കയറിയിറങ്ങും. നാടിന്റെ ഉത്സവം ആയിരുന്നു ക്രിസ്മസ്.

മഞ്ഞുകാലമാണെങ്കിൽക്കൂടി രക്ഷകനെ വരവേൽക്കാനായി പുഷ്പിക്കുന്ന ചില ചെടികളുണ്ട്. ഡിസംബർ മുല്ല എന്നു വിളിപ്പേരുള്ള ഓറഞ്ച് ബെൽ ആണ് അതിലൊന്ന്. വീടുകളുടെ മുന്നിൽ വളർത്തിയും ഓടിനു മുകളിൽ പടർത്തിയും ചിലർ അതിനെ പരിപാലിക്കാറുണ്ട്. പടരുന്നിടമെല്ലാം പൂക്കൾ കൊണ്ടു നിറയ്ക്കും ആ വള്ളിച്ചെടി. ഓറഞ്ച് പൂക്കളുടെ ഒരു തിരശീല പോലെ അതു വീടുകളെ അലങ്കരിക്കും. തുലാമഴയിൽ കിളിർത്ത ഫ്രഞ്ച് മരിഗോൾഡാണ് മറ്റൊരു താരം. തവിട്ടും മഞ്ഞയും കലർന്ന നിറത്തിൽ ഒരു പൂച്ചെണ്ടായി മാറും ആ കുറ്റിച്ചെടി. ചുവന്ന അഞ്ചിതൾ പൂക്കളുള്ള നക്ഷത്ര മുല്ലയും മഞ്ഞുകാലത്തു വസന്തം വിടർത്തും. ആകർഷകമായ പുഷ്പങ്ങൾ വിരിയിക്കാൻ കഴിവില്ലാത്ത വേലിച്ചെടി പോലും ആ കുറവ് നികത്താൻ ഇലകൾക്ക് എങ്ങുനിന്നോ കടുംചുവപ്പുവർണ്ണം പകരും. ഏതാണീ വേലിച്ചെടി എന്ന് മനസ്സിലായോ ? പോയിൻസെറ്റിയ എന്ന ആംഗലേയ നാമത്തിൽ ലോകപ്രശസ്തയായ മെക്സിക്കൻ സ്വദേശിയാണ് ഞങ്ങളുടെ നാട്ടിലെ വേലിച്ചെടി.

ക്രിസ്മസ് കേവലബാഹ്യമായ ഒരു ആഘോഷമല്ല. ക്രിസ്മസ് ആഘോഷങ്ങളിലെല്ലാം ആത്മീയ ഉണർവ്വും പരിപോഷണവും അന്തർലീനമാണ്. ആരാധനാക്രമവത്സരം ആരംഭിക്കുന്നത് തന്നെ തിരുപ്പിറവിയുടെ ഒരുക്കത്തോടെയാണല്ലോ. ഒരു ക്രൈസ്തവൻ പുതുവർഷാരംഭത്തിനും മുന്നേ സ്വയം പുതുക്കുന്ന കാലയളവാണത്. രക്ഷകന്റെ വരവിനെ നോക്കിപ്പാർത്തിരിക്കുന്ന ഒരു ജനതയുടെ സ്വപ്ന സാക്ഷാത്കാരമാണ് തിരുപ്പിറവി. മഞ്ഞു കാലത്തിലെ ആത്മീയ വസന്തം. ■

മിനിക്കഥ



# ഒടിഞ്ഞ ചിറകുകൾ

എനിക്ക് ഇരുപത് വയസ്സുണ്ടായിരുന്നപ്പോൾ അമ്മ ഒരിക്കൽ എന്നോട് പറഞ്ഞത് ഞാൻ ഇന്നും ഓർമകളിൽ താലോലിക്കുന്നു.

"ഞാൻ കന്യാസ്ത്രീമഠത്തിൽ പ്രവേശിച്ചിരുന്നെങ്കിൽ അത് എനിക്കും മറ്റുള്ളവർക്കും നന്മയായി ഭവിക്കുമായിരുന്നു."

"അമ്മ കന്യാസ്ത്രീമഠത്തിൽ പ്രവേശിച്ചിരുന്നെങ്കിൽ ഞാൻ ഈ ഭൂമിയിൽ എത്തിച്ചേരുകയില്ലായിരുന്നു."

"എന്റെ മകനേ, നീ തെരഞ്ഞെടുക്കപ്പെട്ടവനായിരുന്നു."

"അതേ. പക്ഷേ, ഈ ഭൂമയിൽ എത്തുംമുൻപായി നിന്നെ എന്റെ അമ്മായി തെരഞ്ഞെടുത്തിരുന്നു."

"നീ ഈ ഭൂമയിൽ എത്തിച്ചേർന്നില്ലായിരുന്നെങ്കിൽ സ്വർഗത്തിൽ ഒരു മാലാഖയായിരുന്നേനെ മകനേ."

"ഞാൻ ഇപ്പോഴും ഒരു മാലാഖയാണ്."


അവൾ മന്ദഹസിച്ചു.

"എവിടെ നിന്റെ ചിറകുകൾ?"

അവളുടെ കരങ്ങൾ എന്റെ തോളിൽവച്ചുകൊണ്ട് ഞാൻ പറഞ്ഞു:

"ഇവിടെ"

'അവ ഒടിഞ്ഞവയാണ്.' അവൾ പറഞ്ഞു. ■



ഖലീൽ ജിബ്രാൻ



# പിറവിയുടെ പുതിയ പാഠങ്ങൾ



ജോയിഷ് ജോസ്

ഏതൊരു ജീവിതവും മഹത്തരമായിത്തീരുന്നത് സഹനത്തിന്റെയും അതിജീവനത്തിന്റെയും പാഠങ്ങൾ പകർന്ന് നൽകിയ യേശുവിനെപ്പോലെയാകുമ്പോളാണ്.

അതിനായി നാം സ്വപ്നം കാണുകയും അത് യാഥാർഥ്യമാക്കാൻ കഠിനപരിശ്രമം നടത്തുകയും ചെയ്യേണ്ടതുണ്ട്. സ്വപ്നങ്ങൾ നാളേക്കുള്ള മോഹങ്ങൾക്ക് പിറവി നൽകുന്നു. അത് വരുംകാലത്തേക്കുള്ള പ്രതീക്ഷകൾ കൂടിയാണ്, ക്രിസ്തുവിനെ കാത്തിരുന്ന നമ്മുടെ പൂർവ്വപിതാക്കളെപ്പോലെ.

പലപ്പോഴും എനിക്കു തോന്നിയിട്ടുള്ളത് ചില വായനകളും നമ്മൾക്ക് സ്വപനങ്ങളുണ്ടാക്കുകയും അത് ജീവിതത്തെതന്നെ മാറ്റിമറിക്കുകയും ചെയ്യുമെന്നാണ്. ഞാൻ വീണുപോയപ്പോളെല്ലാം എന്നെ വീണ്ടും വീണ്ടും പോരാടാൻ പ്രോത്സാഹിപ്പിച്ചത് വിശുദ്ധ ഗ്രന്ഥമാണ്. അതിൽതന്നെ പുതിയ നിയമമാണ്. പിന്നെ സ്വാധീനിച്ച മറ്റൊരു കൃതി അമേരിക്കൻ എഴുത്തുകാരനായ റിച്ചാർഡ് ബാകിന്റെ ജോനാഥാൻ ലിവിംഗ്സ്റ്റൺ സീഗളാണ്.

നോവലിലെ കേന്ദ്രകഥാപാത്രമായ ജോനാഥൻ ലിവിംഗ്സ്റ്റൺ സീഗൾ ഒരു കടൽകാക്കയാണ്. അവൻ ജീവിക്കുന്ന സമൂഹം കർത്താവിന്റെ കാലത്തെ യഹൂദ ജനതയെപ്പോലെ യാഥാസ്ഥിതിക കാഴ്ചപ്പാടുകൾ പിന്തുടർന്ന് പോരുന്നവരായിരുന്നു. എന്നാൽ മറ്റു കടൽകാക്കകളേക്കാൾ ഏറെ വ്യത്യസ്ഥനായിരുന്നു ജോനാഥൻ. കാലങ്ങളായി പിന്തുടർന്നുവന്ന അന്ധവിശ്വാസങ്ങളെയും ബോധ്യങ്ങളെയും തകർത്തെറിഞ്ഞ് ആകാശത്തോളം ഉയർന്ന് പൊങ്ങുവാനായിരുന്നു അവന്റെ ആഗ്രഹം. അവൻ തിരിച്ചറിഞ്ഞിരുന്നു, അലസതയും വിരസതയും ഭയപ്പാടും ദേഷ്യവുമൊക്കെയാണ് സാധാരണ

കടൽക്കാക്കയുടെ ആയുസ്സിനെ ചെറുതാക്കുന്നതെന്ന്. ജോനാഥന് അത്തരം പിരിമിതികളില്ല.

തങ്ങളുടെ ഉപജീവനത്തിനായുള്ള ഉണക്കമത്സ്യങ്ങൾക്കായി കൂട്ടുകാരും കുടുംബങ്ങളുമെല്ലാം വഴക്ക്കൂടുമ്പോൾ അറിവിന്റെ ബോധ്യങ്ങളുടെ നേര് തേടുകയായിരുന്നു ജോനാഥൻ.

എന്നാൽ തങ്ങളുടെകൂടെ നിന്നൊരുവൻ അറിവിന്റെ ആകാശ സീമയിലേയ്ക്ക് പാറിപ്പറക്കുന്നത് അവന്റെ കുലത്തിന് ദഹിക്കുമായിരുന്നില്ല. തങ്ങളെന്നും മീൻപെറുക്കി ഉപജീവനം കഴിക്കേണ്ടവരാണെന്നും മറ്റുള്ള ചിന്തകളെല്ലാം തങ്ങളുടെ വിശ്വാസസംഹിതയ്ക്ക് ചേർന്നതല്ലെന്നും അവർ വാദിച്ചു. പുരോഗമന ആശയങ്ങൾ എവിടെയെല്ലാം ഉണ്ടാകുന്നുവോ അവിടെയെല്ലാം നമുക്കിത്തരം ആൾക്കാരെ കാണാൻ കഴിയും.

ഈശോ ദൈവാലയത്തിലും മലമുകളിലുമൊക്കെ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ അവിടുത്തെ എതിർത്തിരുന്നവരും ഇത്തരക്കാരായിരുന്നു.

ജോനാഥൻ അറിവിന്റെ ചക്രവാളം തേടി പറന്നുയരാൻതന്നെ തീരുമാനിച്ചു. മിക്ക കടൽകാക്കകൾക്കും പറക്കുകയെന്നതൊരഭിനിവേശമല്ല, അവർക്ക് പറക്കുകയെന്നത് തീറ്റ കണ്ടെത്താനുള്ള ഒരു വഴി മാത്രമാണ്. ജോനാഥന് ഭക്ഷണമൊരു പ്രശ്നമല്ല. മറ്റെന്തിനേക്കാളുമേറെ അവൻ പറക്കാനിഷ്ടപ്പെടുന്നു. അവന് പറക്കണം, പറക്കാവുന്നിടത്തോളം പറക്കണം, അറിവ് സമ്പാദിക്കണം. ആതുകൊണ്ട് അവന് പറക്കാതിരിക്കാൻ വയ്യ. പറക്കാൻ പിറന്നൊരു പറവയാണവൻ. ജോനാഥൻ പരിശീലിക്കാൻ തുടങ്ങി. നിരുത്സാഹപ്പെടുത്തലുകൾ ജോനാഥന്റെ ശ്രമങ്ങൾക്ക് തടസ്സമായില്ല. എന്നാൽ തന്റെ കുടുബത്തിൽനിന്നുതന്നെ ആദ്യം അവന് എതിർപ്പ് നേരിട്ടു. അച്ഛനും അമ്മയും ഉപദേശിച്ചു, സഹോദരങ്ങൾ കരഞ്ഞു പറഞ്ഞു, മുത്തശ്ശനും മുത്തശ്ശിയും സ്നേഹവാക്കുകൾകൊണ്ട് പിന്തിരിപ്പിക്കാൻ ശ്രമിച്ചു, എന്നാൽ ജോനാഥൻ അതിലൊന്നും തെല്ലും കുലുങ്ങിയില്ല. പിന്നീട് കൂട്ടുകാരുടെയും അയൽക്കാരുടെയും ഉപദേശമായി. അവിടെയും അവൻ കുലുങ്ങിയില്ല. താമസിയാതെ അവൻ ആയിരം അടി ഉയരത്തിൽ പറന്നെത്തി. അവിടെ നിന്നവൻ താഴോട്ട് മുങ്ങാംകുത്തി. പിന്നീട് രണ്ടായിരം അടി ഉയരത്തിലെത്തി. വീണ്ടും താഴേക്കൂളിയിട്ടിറങ്ങി. മണിക്കൂറിൽ അറുപതും എഴുപതും നാഴിക വേഗത്തിലവൻ പറന്നു. താമസിയാതെ ജോനാഥൻ അയ്യായിരം അടി സ്വപ്നം കാണാൻ തുടങ്ങി. കർശനമായ പരിശീലനത്തിന്റെ നാളുകളിലൂടെ അവൻ മുന്നേറുകയായിരുന്നു. അവൻ തിരിച്ചറിഞ്ഞു: 'വേഗമാണ് കരുത്ത്. വേഗമാണ് ഹരം'.

ഒടുവിൽ അവനെ ഉദേശിച്ച് നേരെയാക്കാനുള്ള ഉത്തരവാദിത്തം അവന്റെ കുലത്തെ നയിക്കുന്ന മൂപ്പൻ ഏറ്റെടുത്തു. ആദ്യം അയാൾ സ്നേഹത്തോടെയും ഒടുവിൽ ഭീഷണിയുടെയും സ്വരത്തിൽ സംസാരിച്ചു. എന്നിട്ടും ജോനാഥൻ തന്റെ അറിവുനേടി പറക്കണമെന്ന തീരുമാനത്തിൽ ഉറച്ച് നിന്നു. ഒടുവിൽ കടൽകാക്കകളുടെ തലവൻ ആ തീരുമാനമെടുത്തു. തങ്ങളുടെ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും വെല്ലുവിളിച്ച് അറിവ് തേടിപ്പോകുന്ന ജോനാഥനെ തങ്ങളുടെ സമൂഹത്തിൽ നിന്ന് പുറത്താക്കുക. കുലത്തിന്റെയും ആചാരങ്ങളുടെയും സംരക്ഷകരായി സ്വയം അവതരിച്ച് മൂപ്പനെ പിന്താങ്ങുന്ന അവിടെയും ആളുണ്ടായിരുന്നു.

മൂപ്പന്റെ വിധിയെ അവർ കയ്യടിച്ച് പിന്താങ്ങി. ഓർക്കുക, നമ്മുടെ ജീവിതത്തിലും ഇത്തരം പ്രതിസന്ധികളുമുണ്ടാകും.

അപ്പോളെല്ലാം വിശുദ്ധ ബൈബിളിനെ ചേർത്ത് പിടിച്ച് കർത്താവിങ്കലേക്ക് നോക്കുക. അവിടുത്തെ ജനനം മുതൽ അവിടുന്ന് ഫരിസേയരുടേയും നിയമജ്ഞരുടെയും എന്തിന് സ്വന്തം നാട്ടുകാരുടെയുമെല്ലാം പരീക്ഷണങ്ങളെയും വിമർശനങ്ങളെയും അതിജീവിച്ചാണ് രോഗികൾക്ക് സൗഖ്യം നല്കുകയും മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്തത്.

അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും കേന്ദ്രമായിരുന്ന തന്റെ കുലത്തിൽ നിന്ന് പുറത്താക്കപ്പെട്ട് സ്വതന്ത്രനായ ജോനാഥൻ അറിവിന്റെ ചക്രവാളത്തെ തേടി ഉയർന്ന് പറക്കാൻ തുടങ്ങി, തിരിച്ചറിവിന്റെ സ്വരത്തിനു കാതോർത്ത്. അവൻ ആകാശം പറന്നു. ഒടുവിൽ അവൻ അതി മനോഹരമായ ഒരു സ്ഥലത്ത് എത്തിച്ചേർന്നു. അവിടെ ചിയാങ് എന്ന ഗുരുവിന്റെ കീഴിൽ അവൻ അറിവിന്റെ വിശാല ലോകത്തേയ്ക്കുള്ള പാദമൂന്നി. കപടതയുടെ ഇരുണ്ട ലോകത്തു നിന്നെത്തിയ ജോനാഥന് ഗുരുവിന്റെ ഓരോ വാക്കും വൈഢൂര്യം പോലെ പ്രകാശമായി തീർന്നു. അവന്റെ മനസ്സും ചിന്തകളും കൂടതൽ പ്രകാശിതമായി. കടലാസെന്നപോലെ അവൻ അതു ഹൃദയത്തിൽ പകർത്തിയെടുത്തു.

സ്നേഹത്തിന്റെ പുതിയ പാഠങ്ങൾ അവന്റെ ജീവിതം മാറ്റി മറിച്ചു. എന്തിലും ഏതിലും സ്നേഹം പകർന്നു നൽകണമെന്ന ഗുരു വചനങ്ങൾ ഹൃദയത്തോട് അവൻ ചേർത്തുപിടിച്ചു. അറിവുകൊണ്ട് ബുദ്ധിയും സ്നേഹംകൊണ്ട് ഹൃദയവും നിറച്ച് ഗുരുവിനോട് വിടചൊല്ലി. അവൻ പറന്നിറങ്ങിയത് തന്നെ തിരസ്ക്കരിച്ച തന്റെ നാട്ടിലേക്കാണ്. താൻ കണ്ടതും കേട്ടതുമായ കാര്യങ്ങൾ അവൻ വളർന്നുവരുന്ന പുതുതലമുറയോട് പങ്കുവച്ചു. അവരിൽ നല്ലൊരു ഭാഗം അവന്റെ വാക്കുകളെ ശ്രവിച്ചു, വിശ്വസിച്ചു. എന്നാൽ യാഥാസ്ഥിതികരായ ഒരു കൂട്ടം കടൽകാക്കുകൾ അവൻ യുവതലമുറയെ വഴി തെറ്റിക്കുന്നു എന്നുപറഞ്ഞ് അവനെ അവിടെനിന്ന് ആട്ടിപായിച്ചു. അവനോടൊപ്പം ചിന്താശേഷിയുള്ള, അവനെ വിശ്വസിച്ച ഒരു പറ്റം യുവ കടൽകാക്കകളും ആ കുലത്തിൽനിന്നും പുറത്തായി.

പ്രിയമുള്ളവരെ നമ്മളുടെ ചുറ്റുപാടുകളും ഇങ്ങനെയൊക്കെത്തന്നെയാണ്. അവിടെ നാം അതിജീവിക്കുമ്പോളാണ് വിജയമുണ്ടാകുന്നത്. ഈശോയെ വിശ്വസിക്കുവാൻ അന്ന് അവിടുത്തെ പന്ത്രണ്ട് ശിഷ്യന്മാരേയുണ്ടായിരുന്നുള്ളു, ഒപ്പം ദിവ്യമാതാവും. പക്ഷേ അവിടുന്ന് ലോകത്തെ വിജയിച്ച് കാണിച്ചു.

മഞ്ഞ് പെയ്യുന്ന ഈ ഡിസംബർ മാസത്തിൽ ഉണ്ണീശോയുടെ ജനനത്തെ പ്രതീക്ഷിച്ചിരിക്കുന്ന പ്രിയപ്പെട്ടവർക്ക് മുന്നിൽ ജോനാഥൻ ലിവിംഗ്സ്റ്റൺ സീഗൾ എന്ന കൽകാക്കയുടെ ജീവിതം വയ്ക്കുന്ന ചിന്ത ഇതാണ്:

"വെല്ലുവിളികളെ സാധ്യതകളായി കാണുക. മനസ്സിന്റെ ശക്തിയെ ഉണർത്തുക. നിരന്തരം പരിശ്രമിക്കുക. അന്തിമ വിജയം നിങ്ങളുടേതാവും. അതിന് കാലിത്തൊഴുത്തിൽ പിറന്ന് എളിമയുടെ മാതൃക കാണിച്ച് തന്ന്, കുരിശ്ശിൽ മരിച്ച് മൂന്നാം നാൾ ഉയിർത്ത ഈശോയുടെ മാതൃക പിഞ്ചെല്ലുക. മത്തായി 16:18ൽ അവിടുന്ന് പറയുന്നു: 'നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല'. ■

ലേഖനം



# യേശുനാഥന്റെ ദിവ്യജനന ചരിത്രം അർണോസ് പാതിരിയുടെ പുത്തൻപാനയിൽ





മലയാളഭാഷയുടെ രണ്ടാം എഴുത്തച്ഛൻ എന്നും അർണവം എന്നും സർഗധന നായിരുന്ന സുകുമാർ അഴീക്കോട് മാഷും മലയാളത്തിന്റെ അർണ്ണവാവതാരമെന്ന് പണ്ഡിതലോകവും വിശേഷിപ്പിച്ച, ജന്മംകൊണ്ട് ജർമ്മൻകാരനും കർമ്മവശാൽ മലയാളിയും ആയ, ഈശോസഭാ മിഷനറി യൊഹാന്നസ് ഏണസ്തൂസ് ഫോൺ ഹാങ്സ്‌ലേഡൻ എന്ന അണർണോസ് പാതിരി രചിച്ച 'കൂദാശപ്പാന' അഥവാ 'പുത്തൻ പാന'യുടെ അഞ്ചാം പാദത്തിന്റെ മുഖ്യ പ്രതിപാദ്യം യേശുനാഥന്റെ ജനനവും ബാല്യവുമാണ്. അഗുസ്തോസ് കേസർ അതായത് അഗസ്റ്റസ് സീസർ മഹാരാജാവ് റോമൻ പൗരൻമാർക്കായി ഏർപ്പെടുത്തിയ ജനസംഖ്യാ കണക്കെടുപ്പിൽ പങ്കെടുക്കുന്നതിനായി ദാവീദ് രാജവംശത്തിൽ ജനിച്ച യൗസേപ്പും മറിയവും ദാവീദ് രാജാവിന്റെ ദേശമായ ബദ്‌ലഹേം പട്ടണത്തിൽ എത്തിച്ചേരുന്ന ചരിത്രമാണ് പുത്തൻ പാനയുടെ അഞ്ചാംപാദത്തിന്റെ ആരംഭത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതിപ്രകാരമാണ്:

'വൻപനഗുസ്തോസ് കേസർ മഹാരാജൻ
കൽപിച്ചു തന്റെ ലോകരെയെണ്ണുവാൻ
നൂതനം തലക്കാണവും വാങ്ങിച്ചു
സാധനത്തിലെഴുതേണം ലോകരെ
ജൻമമായ നഗരിയിൽ കൂടുവാൻ
തൻമഹീപതി കല്പിച്ചറിയിച്ചു
ദാവീദു രാജപൗത്രൻ യവുസേപ്പും
ദേവമാതാവും ദാവീദു ഗോത്രികൾ
താതൻ രാജാവു ദാവീദു വാണതു
ബേതലഹേം തന്നിലെന്നതു കാരണം
പോകണമവർ ബെതലഹേം ചന്തയിൽ
സകലേശ വിധിയുമതുപോലെ
ഉമ്മായും യൗസേപ്പുമെഴുന്നള്ളി
ജന്മഭൂമിയവർക്കറിഞ്ഞാലും'

ഇപ്രകാരം ബെതലഹേമിൽ എത്തിച്ചേർന്ന ഇരുവരും തങ്ങൾക്കു വസിക്കുവാൻ ഒരിടം തേടി അലയുകയാണ്. ഈ ഭാഗം കവി വർണ്ണിക്കുന്നതിപ്രകാരമാണ്.

'ബെതലഹേം പുക്കു രാജവിധിപോലെ
ബെതലഹേം ചന്തയാകെ നടന്നവർ
ഇരിപ്പാനൊരു വീടു തിരഞ്ഞാറെ
ആരും കൈക്കൊണ്ടില്ല നരമുഖ്യരെ
മുഷ്കരൻമാർക്കു നല്കി ഭവനങ്ങൾ
സൽക്കരിച്ചു കൊടുക്കുന്നെല്ലാവരും
ഇവരെത്രയും നിർദ്ധനരാകയാൽ




എഫ് ആൻണി പൂത്തൂർ ചാത്തിയാത്ത്

ആവാസത്തിനു സ്ഥലമില്ലാഞ്ഞറെ
ശ്രേഷ്ഠനാഥയ്ക്കു നിയോഗ്യയോഗത്താൽ
ഗോഷ്ഠാനത്തിലിറങ്ങി പാർത്താരവർ'

-അങ്ങനെ നിർദ്ധനരായ അവർക്ക് പട്ടണത്തിനുപുറത്തുള്ള ഒരു പശുത്തൊഴുത്തിൽ പാർക്കേണ്ടതായിവന്നു. ഇവിടെ വച്ച് ഒരു മഹാ സംഭവം നടന്നു. അത് കവി തന്റെ കവന വഴിയിലൂടെ അവതരിപ്പിക്കുന്നതിപ്രകാരമാണ്:

'വിൽപഞ്ചവിംശതി ഞായർ വാസരേ
സ്വപ്നം ഭൂമിയിൽ വ്യാപിച്ച കാലത്തിൽ
തിൻമയാലുള്ള പാപങ്ങൾ നീക്കുവാൻ
ഭൂമിക്കാനന്ദത്തിനുള്ള കാരണം
ഉത്തമ ധ്യാനം പൂണ്ടൊരു കന്യക
പുത്രദർശനമേറെ ഇച്ഛിച്ചപ്പോൾ
രാത്രി പാതി കഴിഞ്ഞൊരനന്തരം
ചിത്രമെത്രയും നീങ്ങിയിരുട്ടുകൾ
മനോജ്ഞനൊരു സൂര്യോപമാനനായ്
കന്യാപുത്രൻ ഭൂപാലൻ പിറന്നിത്'

അതെ 'വിൽപഞ്ചവിംശതി 'ഞായർ വാസരേ അതായത് ഡിസംബർ 25-ാം തിയതി ഞായറാഴ്ച തിൻമയാലുള്ള പാപങ്ങളെല്ലാം നീക്കുവാനായി ആ ദിനം ആരംഭിക്കുന്ന രാത്രി പാതിരാ കഴിഞ്ഞപ്പോൾ പെട്ടെന്ന് അന്ധകാരം നീങ്ങുകയും സൂര്യതുല്യനായ, കന്യാപുത്രനായ, ഭൂപാലനായ, മിശിഹാ പിറക്കുകയും ചെയ്തു. ആ ജനനത്തിന്റെ സവിശേഷതയെ സംബന്ധിച്ച് കവി പറയുന്നു:

'കന്യാത്വക്ഷയം വരാതെ നിർമ്മല
ഊനം കൂടാതെ പെറ്റു വിസ്മയം.
കുപ്പിക്കു ഛേദം വരാതെയാദിത്യൻ
കുപ്പി തന്നിൽ കടക്കുമതുപോലെ
ഉദരത്തിനു ഛേദം വരുത്താതെ
മേദിനിയിലിറങ്ങി സർവ്വപ്രഭു.'

ഇവിടെ സ്ഫടികക്കുപ്പിയുടെ ഉള്ളിൽ സ്ഫടികത്തിന് കേടൊന്നും വരുത്താതെ സൂര്യാഭ കടക്കുന്നതുപോലെ ഉദരത്തിന് ഒരു പോറൽ പോലും ഏൽക്കാതെ ദൈവപുത്രൻ തന്റെ മാതാവിന്റെ ഉദരത്തിൽ നിന്നും പുറത്തുവന്നു എന്ന വിവരണം ഹൃദ്യമായിരിക്കുന്നു. ഉണ്ണിയോടുള്ള മാതൃവാൽസല്യമാണ് തുടർവരികളിൽ പ്രകടമാകുന്നത്. ആട്ടിടയൻമാർക്ക് ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് മിശിഹായുടെ അവതാരവാർത്ത അറിയിക്കുന്നതും ദൈവപുത്രന്റെ തിരുപ്പിറവിയെ സംബന്ധിച്ച് അറിയുവാൻ ആദ്യമായി ഭാഗ്യം ലഭിച്ച ആ പാവപ്പെട്ട ആട്ടിടയർ ഗോശാലയിലെത്തി ദിവ്യശിശുവിനെ വന്ദിച്ചാരാധിച്ച് നിർവൃതിയടയുന്നതും കിഴക്കുനിന്നുള്ള ജ്ഞാനികളുടെ സന്ദർശനവും കുഞ്ഞിപ്പൈതങ്ങളെ ഹേറോദേസ് കൊല്ലിക്കുന്നതും തിരുകുടുംബം മിസ്റയിമിലേക്ക് പലായനം ചെയ്യുന്നതും ഹേറോദേസ് പുഴുത്തുചത്തതിനുശേഷം അവർ നസ്രത്തിലേക്ക് വന്ന് താമസിക്കുന്നതും പന്ത്രണ്ടാം വയസ്സിൽ ദൈവാലയത്തിൽ വെച്ച് മിശിഹായെ കാണാതാകുന്നതും പിന്നീട് കണ്ടെത്തുന്നതുമായ ചരിത്രസംഭവങ്ങളാണ് തുടർ വരികളിലൂടെ വിവരിക്കുന്നത്. അങ്ങനെ 142 ഈരടികളുള്ള അഞ്ചാം പാദത്തിലൂടെ യേശുനാഥന്റെ ജനനചരിത്രവും ബാല്യകാല സംഭവങ്ങളും വിവരിച്ച് നമ്മെ ബോധ്യപ്പെടുത്തുകയാണ് മലയാളത്തിന്റെ മഹാകവിയായ അർണോസ് പാതിരി ഇതിലൂടെ ചെയ്യുന്നത്.

അന്ത്യോക്യയിൽ വിജാതീയ മാതാപിതാക്കളിൽ ജനിച്ച




**അർണോസ് പാതിരി**

വിശുദ്ധ ലൂക്കാ എഴുതിയ സുവിശേഷം 1: 43 ലാണ് മറിയം ദൈവമാതാവാണെന്ന് എലിസബത്തിലൂടെ ആദ്യം പ്രഘോഷിക്കുന്നത്. 1922 മുതൽ 1939 വരെ സാർവ്വത്രിക സഭയെ നയിച്ച പീയൂസ് പതിനൊന്നാമൻ പാപ്പയാണ് 1931-ൽ ദൈവ മാതൃത്വത്തിരുനാൾ സഭയിൽ സാഘോഷം കൊണ്ടാടണമെന്ന് നിഷ്ക്കർഷിച്ചത്. എന്നാൽ 1722 -ൽ പൂർത്തിയാക്കി കൈരളിക്കു സമർപ്പിച്ച 'പുത്തൻപാന'യിൽ മേരിമാതാവിനെ 'ദൈവമാതാവ്' എന്നാണ് അർണോസ്പാതിരി രേഖപ്പെടുത്തുന്നത്. മലയാളത്തിൽ ആദ്യമായി 'ദൈവമാതാവ്' എന്ന് മറിയത്തെ വിശേഷിപ്പിക്കുന്നത് പുത്തൻപാന യിലാണെന്നതും അറിയേണ്ടതുണ്ട്.

രക്ഷാകര ചരിത്രത്തിലെ സുപ്രധാന നിമിഷമാണ് ഉണ്ണിയേശുവിന്റെ ജനനം. ഒരു മനുഷ്യന്റെ ജനനത്തിന് നൂറ്റാണ്ടുകൾക്ക് മുമ്പേ അവന്റെ വരവിനെക്കുറിച്ചും അവന്റെ നാമത്തെ സംബന്ധിച്ചും അവന്റെ വരവ് എവിടെയായിരിക്കും എന്നതിനെപ്പറ്റിയും എഴുതപ്പെടുകയും അവന്റെ വരവിനായി ആകാംക്ഷാഭരിതരായി ഒരു ജനത കാത്തിരിക്കുകയും ചെയ്യുക എന്ന അപൂർവ്വത യേശുനാഥന്റെ ജനനത്തിലല്ലാതെ മറ്റൊരിടത്തും മറ്റൊരുവനിലും കാണുന്നില്ല. ആ ജന്മദിനമാണ് ഓരോ ഡിസംബർ 25-നും ലോകമാസകലം ക്രിസ്മസ്സായി കൊണ്ടാടുന്നത്. ഓരോ ക്രിസ്മസ്സും ആത്മീയ ചൈതന്യത്താൽ ഉത്തേജിതരായി, നല്ല മനുഷ്യരായി, നന്മയുടെ വിളനിലമായ ഹൃദയത്തിന്റെ ഉടമകളായി, മാറുവാനുള്ള ഉൾവിളിയായി തീരട്ടെ എന്നാശിക്കുന്നു. ഏവർക്കും യേശുനാഥന്റെ 2023-ാമത് ജൻമദിന ആശംസകളും പ്രാർത്ഥനകളും സ്നേഹപൂർവ്വം അർപ്പിക്കുന്നു. 'Felicem Domini Nativitatis diem' ie 'Happy Birth Day of the Lord.' ■

ലേഖനം



# ഗ്രേഷ്യയിലെ ആദ്യ പുൽക്കൂട്: 800-ാം വാർഷികം



രതീഷ് ഭജനമഠം

**ദൈവ**പുത്രനും ലോകരക്ഷകനുമായ യേശുക്രിസ്തുവിന്റെ തിരുപ്പിറവിയുടെ ഓർമ്മയ്ക്കായുള്ള ക്രിസ്തുമസ് ആചരണത്തിലെ പ്രധാന അനുസ്മരണമാണ് ക്രിബുകൾ അഥവാ പുൽക്കൂട്. ദിവ്യരക്ഷകന്റെ തിരുജനനത്തിന്റെ പൂജ്യസ്മരണാർത്ഥമുള്ള പുൽക്കൂട് നിർമാണം ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായിമാറിയിട്ട് എട്ട് നൂറ്റാണ്ടുകൾ തികയുന്നു. ‘രണ്ടാം ക്രിസ്തു’ എന്നറിയപ്പെടുന്ന വി. ഫ്രാൻസിസ് അസീസിയാണ് പുൽക്കൂടിന്റെ ആരംഭകനും ആദ്യപ്രചാരകനും ക്രിസ്തുവിന്റെ എളിമയുടെയും വിനയത്തിന്റെയും പരസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രതീകമായ തിരുപിറവിയുടെ സന്ദേശം പ്രചരിപ്പിക്കുക എന്ന പാവനമായ ലക്ഷ്യത്തോടെയാണ്, ആഗോളസഭയിലെ മഹാവിശുദ്ധനായ അസീസി പുണ്യാളൻ പുൽക്കൂടിന്റെ മാതൃക ആവിഷ്കരിച്ചത്. യേശുവിന്റെ ബേത്ലെഹെമിലെ കാലിത്തൊഴുത്തിലെ തിരുപിറവിയെ കുറിച്ച് വി. ലൂക്കാ സുവിശേഷകൻ (2:26) ഇപ്രകാരം രേഖപ്പെടുത്തി. അവിടെയായിരിക്കുമ്പോൾ അവൾക്ക് പ്രസവസമയമടുത്തു. അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. അവനെ പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. കാരണം, സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല’. റോമ സാമ്രാജ്യത്തിലെ ക്രൈസ്തവർക്ക് മിലാൽ വിളംബരത്തിലൂടെ മത സ്വാതന്ത്ര്യം അനുവദിച്ച കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ അമ്മയായ വി. ഹെലന രാജ്ഞിയാണ് ബെത്ലെഹെമിൽ ക്രിസ്തു ജനിച്ച സ്ഥലത്തിന് മുകളിലായി ഒരു ദൈവാലയം എ.സി. 326 ൽ ആദ്യമായി നിർമിച്ചത്.

**'രണ്ടാം ക്രിസ്തു' എന്നറിയപ്പെടുന്ന വി. ഫ്രാൻസിസ് അസീസിയാണ് പുൽക്കൂടിന്റെ ആരംഭകനും ആദ്യപ്രചാരകനും ക്രിസ്തുവിന്റെ എളിമയുടെയും വിനയത്തിന്റെയും പരസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രതീകമായ തിരുപിറവിയുടെ സന്ദേശം പ്രചരിപ്പിക്കുക എന്ന പാവനമായ ലക്ഷ്യത്തോടെയാണ്, ആഗോളസഭയിലെ മഹാവിശുദ്ധനായ അസീസി പുണ്യാളൻ പുൽക്കൂടിന്റെ മാതൃക ആവിഷ്കരിച്ചത്.**

പ്രകൃതിയോടും പരിസ്ഥിതിയോടും ജീവജാലങ്ങളോടും വലിയ സ്നേഹമുണ്ടായിരുന്ന വി. ഫ്രാൻസിസ് അസീസി 1223 ലെ ക്രിസ്തുമസ് ദിനത്തിൽ ഇറ്റലിയിലെ അസീസിയയ്ക്കടുത്ത് ആദ്യപുൽക്കൂടിന്റെ മാതൃക നിർമിച്ചു. അവിടുത്തെ ആട്ടിടയന്മാരെയും കൃഷിക്കാരെയും ഒരുമിച്ചുകൂട്ടിയാണ് പുൽക്കൂട് നിർമിച്ചത്. അസീസിയ്ക്ക് അടുത്തുള്ള ഗ്രേഷ്യ എന്ന പ്രദേശത്തെ വനമേഖലയിലാണ് ജീവനുള്ള മനുഷ്യരെയും മൃഗങ്ങളെയും മറ്റുംകൊണ്ട് ആദ്യപുൽക്കൂടിന്റെ ദൃശ്യം ആവിഷ്കരിച്ചത്. ക്രിസ്തു ജാതനായപ്പോഴുള്ള ഏറ്റവും പരിമിതമായ സൗകര്യങ്ങളും കുറവുകളും വിശ്വാസികൾക്ക് മനസ്സിലാക്കുവാൻ വേണ്ടിയാണ് ഇങ്ങനെ ക്രമീകരിച്ചത്. തന്റെ അനുയായിയും സഹപ്രവർത്തകനുമായിരുന്ന ജിയോവാന്നി കയോട് കാലിത്തൊഴുത്തിന്റെ മാതൃക പുനരാവിഷ്കരിക്കാൻ ആവശ്യപ്പെട്ടതനുസരിച്ചാണ് ജിയോവാന്നി, ഗ്രേഷ്യയിലെ മരങ്ങൾക്കിടയിലെ ഗുഹയിൽ പുൽക്കൂട് നിർമിച്ചത്. അങ്ങനെ ആദ്യമായി ബെത്‌ലെഹെമിലെ കാലിത്തൊഴുത്തിന്റെ സജീവമായ മാതൃക ഒരുക്കപ്പെട്ടു. വി. അസീസിയുടെ ഉപദേശപ്രകാരം ആ ക്രിസ്തുമസ് രാത്രിയിൽ പ്രദേശവാസികൾ കൂടുംബമായി തിരികളും പൂക്കളും വിളക്കുമായി അവിടെ എത്തി. യേശുവിന്റെ ദിവ്യജനനത്തെയും രക്ഷാകരപ്രവർത്തനങ്ങളെയുംകുറിച്ചുള്ള പ്രഭാഷണം വി. അസീസി അന്ന് അവിടെ നടത്തി. അവിടെ എത്തിയവർക്കെല്ലാം ആഴമായ ദൈവികാനുഭവം ഉണ്ടായി. ഇതാണ് പുൽക്കൂട് നിർമാണത്തിന്റെ ആരംഭമായി തീർന്നത്. ജീവനുള്ളവയ്ക്ക് പകരം പിൽക്കാലത്ത് പുൽക്കൂട്ടിൽ പ്രതിമകൾ വച്ച് ഒരുക്കുന്ന പതിവുണ്ടായി. പ്രേഷിതപ്രവർത്തനത്തിനായി ലോകമെങ്ങുംപോയ റോമൻ കത്തോലിക്ക മിഷണറിമാർ പുൽക്കൂട് നിർമാണം ആഗോളതലത്തിൽ പ്രചരിപ്പിക്കുവാൻ വലിയ പങ്കുവഹിച്ചു.

ക്രിസ്തുമസ് ആഘോഷങ്ങളിൽ ഏറെ പ്രാധാന്യമുള്ള പുൽക്കൂടിന്റെ മാതൃക എല്ലാ ക്രൈസ്തവ ദൈവാലയങ്ങളിലും ഭവനങ്ങളിലും സ്ഥാപനങ്ങളിലും ഏറെ മനോഹരമായി ഒരുക്കാറുണ്ട്. പല കത്തോലിക്ക രാജ്യങ്ങളിലും സമൂഹങ്ങളിലും പുൽക്കൂട് ഏറെ പ്രധാന്യത്തോടെയാണ് നിർമിക്കുന്നത്. ക്രിസ്തുവിന്റെ തിരുപ്പിറവിയെ അനുസ്മരിപ്പിക്കുന്ന പുൽക്കൂടിന് 'ക്രിബ്' എന്നാണ് ഇംഗ്ലീഷിൽ പറയുന്നത്. ഫ്രഞ്ച് ഭാഷയിൽ 'ക്രെയ്ഷ്' എന്നും പറയുന്നു. ഉണ്ണിയേശു പുൽത്തൊട്ടിയിൽ കിടക്കുന്ന രംഗത്തിനെയാണ് സീൻ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. 'മെയ്ഞ്ജർ' എന്ന വാക്കിനർത്ഥം പുൽത്തൊട്ടി എന്നാണ്. തെക്കൻ യൂറോപ്പിലാണ് മെയ്ഞ്ജർ സീൻ എന്നവാക്ക് ആദ്യം പ്രചരിച്ചിരുന്നത്. ഉണ്ണീശോ ജാതനായ ബേത്‌ലെഹെമിലെ കാലിത്തൊഴുത്തിന്റെ ചെറിയ പതിപ്പായ പുൽക്കൂട്ടിൽ ഉണ്ണിയേശു, മറിയം, യൗസേപ്പ്, മാലാഖമാർ, ആട്ടിടയന്മാർ, കന്നുകാലികൾ, ആടുകൾ, മൂന്ന് രാജാക്കന്മാർ ഒട്ടകങ്ങൾ എന്നീ രൂപങ്ങൾ വയ്ക്കും. രക്ഷകൻ പുൽത്തൊഴുത്തിൽ പിറന്നു എന്ന സുവിശേഷ സാക്ഷ്യത്തെ അടിസ്ഥാനമാക്കിയും പരമ്പരാഗതമായ, വിശ്വാസത്തിന്റെയും പൈതൃകത്തിന്റെയും ഭാഗമായാണ് ഇത്. വി. ഫ്രാൻസിസ് അസീസി ചരിത്രത്തിൽ ആദ്യമായി ആവിഷ്കരിച്ച പുൽക്കൂടിന്റെ 800-ാം വാർഷികത്തിന്റെ ഭാഗമായി വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ചത്വരത്തിലെ ഈ വർഷത്തെ (2023) തിരുപിറവിയുടെ ദൃശ്യം ഗ്രേഷ്യയിലെ പുരാതന മാതൃകയിലായിരിക്കും. ഫ്രാൻസിസ് പാപ്പ രചിച്ച 'എന്റെ പുൽക്കൂട്' എന്ന ഗ്രന്ഥം 2023 നവംബർ 21 ന് പ്രസിദ്ധീകരിച്ചു. ■



ദൈവ സന്നിധിയിലേക്ക് യാത്രയായിട്ട് 50 വർഷം

## തിരുവനന്തപുരം രൂപതയുടെ പ്രഥമ മെത്രാൻ

# വിൻസെന്റ് ഡെരേര പിതാവ്

തിരുവനന്തപുരം രൂപതയുടെ പ്രഥമ മെത്രാനും ഇടയനും ആയിരുന്ന ഡോ. വിൻസെന്റ് വിക്ടർ ഡെരേര പിതാവ് ദൈവപിതാവിന്റെ പക്കൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് 50 വർഷം പൂർത്തിയാകുന്നു. കർമ്മലീത്താ സന്യാസ സഭാംഗവും സെമിനാരി പ്രൊഫസറും സർവോപരി ആദ്ധ്യാത്മിക പുണ്യങ്ങളാൽ നിറഞ്ഞ, ഭക്തനും ഉത്തമനായ അജപാലകനുമായിരുന്നു ഡെരേര പിതാവ്. ഈ പിതാവിന്റെ ആഴമാർന്ന ആദ്ധ്യാത്മിക ജീവിതവും ധർമബോധവും ആത്മാർത്ഥമായ കർമ്മശേഷിയും സമന്വയിച്ചാണ്  കൊല്ലം രൂപതയിൽനിന്ന് ജന്മമെടുത്ത തിരുവനന്തപുരം രൂപതയാകുന്ന ശിശു വളർന്നുവലുതായത്. നവജന്മംകൊണ്ട രൂപതയുടെ ബാലാരിഷ്ഠതകൾ പിന്നിടാൻ ഈ സന്യാസവര്യൻ നടത്തിയ അത്യദ്ധ്വാനത്തെ നാം നന്ദിയോടെ എന്നും അനുസ്മരിക്കണം.



ഇഗ്നേഷ്യസ് തോമസ്

ബൽജിയത്തെ ഓസ്റ്റൻദെ പട്ടണത്തിൽ അഗസ്റ്റസ് ഡെരേര, റോസ്‌ലിയാവൻഡോർപ്പ് ദമ്പതികളുടെ പ്രഥമ സന്താനമായി വിക്ടർ വിൻസന്റ് ഡെരേര 1880 ഫെബ്രുവരി 12 ന് ഭൂജാതനായി. 5 സഹോദരങ്ങളാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ഓസ്റ്റദെഡ് നഗരത്തിലെ നഗരസഭയിൽ തെരഞ്ഞെടുക്കപ്പെട്ട കൗൺസിലറായിരുന്നു പിതാവ്. നഗരത്തിലെ ഔവർ ലേഡി ഓഫ് മേഴ്സി

സ്കൂളിൽ പ്രാഥമിക ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ഔവർ ലേഡി കോളേജുകളിൽ ഉന്നത വിദ്യാഭ്യാസം നടത്തി. തുടർന്ന് 20-ാം വയസ്സിൽ വൈദികനായിത്തീരുവാനുള്ള ആഗ്രഹത്തോടെ റൂളേഴ്സിലുള്ള മൈനർ സെമിനാരിയിൽ ചേർന്നു. സുദീർഘമായ പരിശീലനത്തെ തുടർന്ന് 1905 ജൂൺ 17 ന് ബർജസ് രൂപതയ്ക്ക് വേണ്ടിവൈദികനായി അഭിഷേകം ചെയ്യപ്പെട്ടു.

തുടർന്ന് മെനിൻ പട്ടണത്തിലെ ഒരു കലാലയത്തിൽ പ്രീഫെക്ടായും അവിടെതന്നെ കണക്ക്, സയൻസ് എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകനായും ജോലി ചെയ്തു.

ഒന്നാം ലോകമഹായുദ്ധത്തെ തുടർന്ന് ദുരിത ബാധതരായി തീർന്ന തന്റെ നാട്ടുകാരെയും കൂട്ടി ഇഗ്ലണ്ടിലേക്ക് പലായനം ചെയ്യുകയും അഭയാർത്ഥികളായി അവിടെ എത്തിച്ചേർന്ന നാട്ടുകാരുടെ ആവശ്യങ്ങളിൽ സഹായിയായും അവശരും ആലംബഹീനരുമായി തീർന്നവരുടെ അത്താണിയുമായി അദ്ദേഹം മാറി. യുദ്ധം അവസാനിച്ചതിനെ തുടർന്ന് തിരികെ നാട്ടിലെത്തി. ഈശ്വരാന്വേഷണവും പഠനവും കൂടുതൽ തീക്ഷ്ണതയോടെ മുന്നോട്ടുകൊണ്ടുപോകണമെന്ന ഉത്ക്കടമായ ആഗ്രഹം അദ്ദേഹത്തിൽ വളർന്നു. സന്യാസ വൈദികനായാൽ ഈ ആഗ്രഹം സാർത്ഥകമാകുമെന്ന ചിന്തയിൽ 1924 സെപ്തംബർ 2 ന് കർമ്മലീത്താസഭയിൽ ചേർന്നു. 1925 സെപ്തംബർ 8 ന് സന്യാസവ്രതവും 1926 സെപ്തംബർ 9 ന് സമ്പൂർണ വ്രതവാഗ്ദാനവും നടത്തി. തുടർന്ന് പ്രേഷിതപ്രവർത്തനത്തിനായി 1926 ഒക്ടോബർ 30 ന് കൊല്ലത്ത് എത്തിച്ചേർന്നു. സെന്റ് തെരേസാസ് മേജർ സെമിനാരി പ്രൊഫസറായും സംഗീതാദ്ധ്യാപകനായും സെമിനാരി വിദ്യാർഥികളുടെ ആദ്ധ്യാത്മിക നിയന്താവായും മേജർ സെമിനാരി റെക്ടറായും സേവനമനുഷ്ഠിച്ചു. 1936 മേയ് 13 ന് കൊല്ലം രൂപതയുടെ മെത്രാനായി നിയമിതനായി.

1936 മേയ് 16 ന് കൊല്ലത്തുവച്ചുനടന്ന മെത്രാഭിഷേക കർമത്തിൽ ഇന്ത്യയിലെ പാപ്പായുടെ പ്രതിനിധിയായിരുന്ന അഭിവന്ദ്യ ലെയോകിയർക്കെൾസ് പിതാവായിരുന്നു മുഖ്യ

**ബൽജിയത്തെ ഓസ്റ്റൻദെ പട്ടണത്തിൽ അഗസ്റ്റസ് ഡെരേര, റോസ്ലിയാവൻ ഡോർപ്പ് ദമ്പതികളുടെ പ്രഥമ സന്താനമായി വിക്ടർ വിൻസന്റ് ഡെരേര 1880 ഫെബ്രുവരി 12 ന് ഭൂജാതനായി. 5 സഹോദരങ്ങളാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ഓസ്റ്റദെഡ് നഗരത്തിലെ നഗരസഭയിൽ തെരഞ്ഞെടുക്കപ്പെട്ട കൗൺസിലറായിരുന്നു പിതാവ്. നഗരത്തിലെ ഔവർ ലേഡി ഓഫ് മേഴ്സി സ്കൂളിൽ പ്രാഥമിക ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ഔവർ ലേഡി കോളേജുകളിൽ ഉന്നത വിദ്യാഭ്യാസം നടത്തി.**

കാർമികൻ. ദൈവദാസരായ അലോഷ്യസ് മരിയ ബൻസിഗർ പിതാവും ജോസഫ് അട്ടിപ്പേറ്റി പിതാവുമായിരുന്നു സഹകാർമികർ. കേവലം ഒരുവർഷം മാത്രമേ ഡെരേര പിതാവ് കൊല്ലം രൂപതയുടെ മെത്രാനായി ചുമതല വഹിക്കുകയുണ്ടായുള്ളൂ. 1937 ജൂലൈ 1 ന് 'ഇൻ ഓറ മലബാറിക്ക' എന്ന തിരുവെഴുത്തിലൂടെ കൊല്ലം രൂപത വിഭജിക്കുകയും തിരുവനന്തപുരം രൂപത സ്ഥാപിക്കുകയും പ്രഥമ മെത്രാനായി ഡോ. വിൻസെന്റ് ഡെരേരയെ 11-ാം പീയുസ് പാപ്പ നിയമിക്കുകയും ചെയ്തു.

1937 ഡിസംബർ 5 ന് പാളയം സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് അദ്ദേഹം രൂപതാ ഭരണംകൈയ്യേറ്റു. തുടർന്ന് രൂപതയുടെ ഭദ്രാസന ദൈവാലയമായി സെന്റ് ജോസഫ് ദൈവാലയം ഉയർത്തപ്പെട്ടു.

നവജാതയായ രൂപതയുടെ ബാലാരിഷ്ഠതകളെ അസാമാന്യമായ സംയമനത്തോടും ധീരതയോടും കൂടി അദ്ദേഹം തരണം ചെയ്തു. ദരിദ്രരും നിരീക്ഷകരുമായ ജനസമൂഹം, സാമ്പത്തികശേഷി തീരെയില്ലാത്ത ഇടവകകൾ, പള്ളികൾ വേണ്ടത്രയില്ല; ഉള്ളവയാകട്ടെ ശരിയായി പരിപാലിക്കാനുമാകുന്നില്ല; സാമ്പത്തിക പരാധീനതമൂലം വീർപ്പുമുട്ടിയ അവസരത്തിൽ നിരാശനാകാതെ ബിഷപ്പ് ബൻസിഗറിനെയും കൂട്ടി യൂറോപ്യൻ രാജ്യങ്ങളിലേക്ക് പോയി രൂപതക്കാവശ്യമായ സാമ്പത്തികസഹായം തേടി.

ശാസ്തമംഗലത്ത് ഒരു വാടക വീട്ടിൽ താമസിച്ചുകൊണ്ടാണ് തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചത്. ചുരുങ്ങിയ കാലയളവിനുള്ളിൽ വെള്ളയമ്പലത്ത് മെത്രാസന മന്ദിരത്തിന്റെ പണിപൂർത്തിയാക്കി അവിടെ താമസം തുടങ്ങി. തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിര തിരുനാൾ മഹാരാജാവുമായും ഭരണാധികാരികളുമായും സൗഹൃദബന്ധം പുലർത്തി മുന്നോട്ടുപോയി.

1937 മുതൽ 1966 വരെയുള്ള കാലയളവിൽ രൂപത ക്രമാനുഗതമായ വളർച്ച കൈവരിച്ചു. വിശ്വാസികളുടെ എണ്ണത്തിലുണ്ടായ വർധനവ് മിഷൻ പ്രവർത്തനത്തിന്റെ വിജയം വെളിവാക്കുന്നു. 1937 ൽ 91,000 ആയിരുന്നു വിശ്വാസികളുടെ എണ്ണമെങ്കിൽ 1966 ൽ 2,96,000 ആയി ഉയർന്നു. 15 ഹൈസ്കൂളുകൾ 68 പ്രൈമറി സ്കൂളുകൾ 1 ട്രെയിനിംഗ് സ്കൂൾ 3 കോളേജുകൾ എന്നിവ രൂപതയിൽ നിലവിൽവന്നു.

1955 മേയ് 20-ാം തീയതി കൊച്ചി രൂപതയുടെ 5-ാം ഡിസ്ട്രിക്ടായിരുന്ന പള്ളിത്തുറ മുതൽ ഇരയിമ്മൻ തുറവരെയുള്ള തീരദേശ ഇടവകകൾ തിരുവനന്തപുരം രൂപതയോട് കൂട്ടിച്ചേർക്കപ്പെട്ടു.

ഇടവകകൾ കേന്ദ്രീകരിച്ച് സോഷ്യൽ ആക്ഷൻ, വിൻസെന്റ് ഡിപോൾ സൊസൈറ്റി എന്നീ സംഘടനകളുടെ പ്രവർത്തനം ഇക്കാല

യളവിൽ കാര്യക്ഷമമായി തീർന്നു. ഇടവക വൈദികരുടെ സഹകരണത്തോടെ സാധുജനങ്ങൾക്കായി നടത്തിവന്ന മിച്ചനിക്ഷേപപദ്ധതി, സാധുജന സംരക്ഷണ പ്രവർത്തനങ്ങൾ, ഭക്ഷ്യോൽപ്പന്ന വിതരണ പ്രവർത്തനങ്ങൾ ഇവയെല്ലാം ദരിദ്രരുടെയും ബലഹീനരുടെയും ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള കാരുണ്യ പ്രവർത്തനങ്ങളായിരുന്നു. അജപാലനരംഗത്ത് മതബോധന പരീക്ഷകൾക്ക് രൂപതയിൽ തുടക്കംകുറിച്ചത് ഇക്കാലയളവിലായിരുന്നു. നല്ലൊരു ഗായകനും സംഗീതജ്ഞനുമായിരുന്നു പിതാവിന്റെ ഇമ്പേറിയ സ്വരമാധുരി ആരാധനാ ശുശ്രൂഷകൾ ഭക്തിസാന്ദ്രമാക്കിത്തീർത്തു.

ഭക്തസംഘടനകളുടെ സുവർണ്ണകാലമായിരുന്നു അഭിവന്ദ്യപിതാവിന്റെ അജപാലന ശുശ്രൂഷയുടെ നാളുകൾ. മരിയൻ, സൊഡാലിറ്റി, ലിജിയൻ ഓഫ് മേരി, വിൻസെന്റ് ഡി പോൾ, അൽമായ സംഘടനകളായ സി.വൈ.എസ്, കാത്തലിക് ആക്ഷൻ തുടങ്ങിയ സംഘടനകൾ വളരെ സജീവമായി പ്രവർത്തിച്ചുപോന്നു. ഈ അൽമായ സംഘടനകൾ വഴി കരുത്തുറ്റ അൽമായ നേതാക്കളെ പൊതുസഹമൂഹത്തിന് നൽകാനായി എന്നത് എടുത്തുപറയേണ്ട നേട്ടം തന്നെയാണ്. തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് മുത്തുനായകംപിള്ള, ചീഫ് ജസ്റ്റിസായിരുന്ന ജസ്റ്റിസ് ജോസഫ് തളിയത്ത് തിരുവിതാംകൂർ ദിവാനായിരുന്ന ഫ്രാങ്ക്വാട്സ് തുടങ്ങിയവർ രൂപതിയൽ വിവിധ സംഘടനകളിൽ പ്രവർത്തിച്ച് സഭാസേവനത്തിനും പൊതുസേവനത്തിനും മികച്ച മാതൃക നൽകി. രൂപതയുടെ മൈനർ സെമിനാരി 1858 മേയ് 30 ന് ഡെരേര പിതാവ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

തിരുവനന്തപുരം രൂപതയെ 29 വർഷക്കാലം സുധീരമായി നയിച്ച വിൻസെന്റ് ഡെരേര പിതാവ് 1966 ഒക്ടോബർ 24 ന് രൂപതാധ്യക്ഷ സ്ഥാനത്തുനിന്ന് വിരമിച്ചു. പിൻഗാമിയായി ഈ രൂപതയുടെ പുത്രനായ ഡോ. പീറ്റർ ബർണാർഡ് പെരേര പിതാവ് ഭരണമേറ്റു.

തിരുവനന്തപുരം രൂപതയിലെ ദരിദ്രജനവിഭാഗങ്ങൾക്ക് അദ്ദേഹം സംരക്ഷകനും സമാശ്വാസകനുമായിരുന്നു. ദൈവജനത്തിന് സ്നേഹമുള്ള പിതാവും ആശ്വാസമരുളുന്ന സഹായകനുമായിരുന്നു. അജഗണങ്ങളെ ആത്മവിശ്വാസത്തോടെ ദൈവരാജ്യാനുഭവത്തിലേക്ക് അദ്ദേഹം നയിച്ചു. രൂപതയെ എല്ലാ അർത്ഥത്തിലും നന്മയുടെ പാതയിലൂടെ നയിച്ച ശേഷമാണ് വിശ്രമജീവിതത്തിനായി സ്വദേശത്തേക്ക് മടങ്ങിയത്. ബൽജിയത്തെ യീപ്രസ് കർമലീത്ത ആശ്രമത്തിൽ തന്റെ അവസാന നാളുകൾ പ്രാർത്ഥനയിലും ധ്യാനത്തിലുമായി ചെലവഴിച്ചു. 1974 ഡിസംബർ 29 ന് ആ പുണ്യ ശ്ലോകൻ ഇഹലോകജീവിതവാസം പൂർത്തിയാക്കി നിത്യസമ്മാനത്തിനായി ദൈവപിതാവിന്റെ പക്കലേക്ക് യാത്രയായി. ■



## മൂന്നുകഥകൾ

**അമ്മു ജോയൽ**

# ക്രിസ്തുമസിന്റെ പ്രകാശം, സംഗീതം, ശിശുത്വം

**1**

ബെത്‌ലെഹെമിലെ കാലിത്തൊഴുത്തിൽ കഴുതപ്പുറത്തേറി ഗർഭിണി ആയ സ്ത്രീയും കാൽനടയായി അവരുടെ ഭർത്താവും കടന്നു വന്നു. ക്ഷീണിതയായ യുവതിയ്ക്ക് മുന്നിൽ എല്ലായിടത്തും മനുഷ്യർ വാതിലടച്ചപ്പോൾ മൃഗങ്ങൾ കരുണാപൂർവ്വം വഴി മാറിക്കൊടുത്തു. ചാണകവും മൂത്രവും നിറഞ്ഞ ആ തൊഴുത്തിന്റെ ഏറ്റവും വൃത്തിയുള്ള ഭാഗം തെരഞ്ഞെടുത്ത അവർ അവിടെ കിടന്നു. രാത്രിയുടെ യാമത്തിൽ ലോക രക്ഷകൻ പിറവികൊണ്ടു. മാലാഖമാർ മലഞ്ചെരുവിൽ ദിവ്യസന്ദേശവുമായി പറന്നിറങ്ങി. ആട്ടിടയന്മാർ മഞ്ഞും തണുപ്പും വകവയ്ക്കാതെ പുറപ്പെട്ടു; കയ്യിലെ എളിയ കാഴ്ചകൾ സമർപ്പിച്ചു.

അതാ വരുന്നു.... സൗവർണ്ണ ഭൂഷകളും കിരീടവും ധരിച്ച മൂന്ന് പേർ. ഇടയ



ബാലൻ കൂട്ടത്തിലെ കാരണവരോട് ചോദിച്ചു ആരാണത് ? ശ്... ശ്... കിഴക്ക് നിന്നുള്ള അരചന്മാർ. ഭയ ഭക്തി പൂർവ്വം എല്ലാവരും മാറി നിന്നു. പൊന്നും മീറയും കുന്തിരിക്കവും കാഴ്ചവച്ച് അവർ ശിശുവിനെ വണങ്ങി.

തൊഴുത്തിലെ മച്ചിൻ മുകളിൽ ഇതെല്ലാം കണ്ടുകൊണ്ട് ഒരു പ്രാണി ഇരിക്കുകയായിരുന്നു. എല്ലാവരും കാണാൻ വരികയും കാഴ്ചകൾ സമർപ്പിക്കുകയും ചെയ്ത ഈ ശിശു ആരാണെന്ന് ചന്തിച്ചു. ഒന്നുറപ്പാണ് ഒരു പ്രത്യേകതയും ഇല്ലാതെ രാജാക്കന്മാർ പോലും ഇവിടേയ്ക്ക് വരില്ല. പോയി കാണണം എന്നാഗ്രഹമുണ്ട് പക്ഷേ എല്ലാരും അവരവരുടെ കൈവശമുള്ള വിലപിടിപ്പുള്ള കാഴ്ചകൾ കൊടുക്കുമ്പോൾ തന്റെ കയ്യിൽ എന്തുണ്ട് എന്ന് ചിന്തിച്ച പ്രാണി ഈ തണുപ്പ് കാലത്ത് കരുതി വച്ചിരുന്ന ഗോതമ്പ് മണിയെ നോക്കി. പിന്നെ ഒന്നും ആലോചിച്ചില്ല അതും കടിച്ചുതൂക്കി മച്ചിലെ തടിയിൽ നിന്നും പതുക്കെ പുറപ്പെട്ടു. വീണ്ടും വഴുതിയും ഏറെ നേരത്തെ യാത്രയ്ക്ക് ശേഷം ഒടുവിൽ താഴെയെത്തി. തന്റെ കാഴ്ചയായ ആ ഗോതമ്പ്മണി ആരും കാണരുതേ എന്ന പ്രാർഥനയോടെ ശിശുവിന്റെ അടുക്കൽവച്ചുകൊണ്ട് പിന്തിരിയുന്ന സമയത്ത് കുഞ്ഞിന്റെ കൈയുടെ വിരൽത്തുമ്പ് അറിയാതെ ആ പ്രാണിയുടെ പിന്നാമ്പുറത്ത് തൊട്ടു. അപ്പോൾ മുതൽ അത് പ്രകാശിക്കാൻ തുടങ്ങി .

ഇടയബാലൻ വിളിച്ചു പറഞ്ഞു ' അതാ മിന്നാമിനുങ്ങ് '

അങ്ങനെയാണ് ഭൂമിയിൽ മിന്നാമിനുങ്ങുകൾ ഉണ്ടായത്.

## 2

കാലം നൂറ്റാണ്ടിനുമപ്പുറം. ആൽപ്സ് പർവ്വതനിരകളിലെ മലഞ്ചെരുവിൽ മരക്കരി വിൽക്കുന്ന തൊഴിലാളികളുടെ കുടിലുകളിലൊന്നിൽ ഒരു ശിശു പിറന്നു വീണു. ' കുഞ്ഞിനെ ആശിർവദിക്കണം ' ഇടവക വികാരിയോട് അപേക്ഷിച്ചു. കനത്ത മഞ്ഞിൽ മരം കോച്ചുന്ന തണുപ്പത്ത് അദ്ദേഹം പുറപ്പെട്ടു. ചോരമണവും നിറവും മാറാത്ത ആ കുട്ടി ബെത്ലെഹെമിലെ കാലിത്തൊഴുത്തിലെ ശിശുവിനെ ഓർമ്മിപ്പിച്ചു. പ്രാർഥന കഴിഞ്ഞു വെളിയിലിറങ്ങിയ ആ വൈദീകൻ വെറുതെയൊന്ന് കണ്ണുയർത്തി ആകാശത്തേയ്ക്ക് നോക്കി; അകലെ തിളങ്ങുന്ന നക്ഷത്രങ്ങൾ, ഭൂമിയിൽ പരിപൂർണ്ണ നിശ്ശ്ബ്ദത, മലഞ്ചെരുവിൽ വീടുകളിൽ അവിടവിടെയായി മിന്നിക്കത്തുന്ന വിളക്കുകൾ അവിടെ ഒരു സംഗീതം പിറവികൊണ്ടു. പള്ളിയിൽ പോയി കടലാസും പേപ്പറും എടുത്തുകൊണ്ട് കുറിച്ചു ' സൈലന്റ് നൈറ്റ്, ഹോളി നൈറ്റ്.........' വിശ്വപ്രസിദ്ധമായ ആ ഗാനം അന്നവിടെ ജനിച്ചു വീണു.

മറക്കരുത് ഈ കലുഷിതമായ നാളിലും നമുക്ക് ചുറ്റും കാതോർക്കുമ്പോൾ ക്രിസ്മസിന്റെ ഒരു സംഗീതം ഉണ്ട്. പ്രത്യാശയുടെ,ശാന്തിയുടെ, സമാധാനത്തിന്റെ....

## 3

ക്രിസ്മസ് വന്നണഞ്ഞു. പള്ളിമുറിയിലെ കാർഡ് ബോർഡ് പെട്ടിയ്ക്കുള്ളിലെ ഉണ്ണിയേശുവിനെയും മാതാപിതാക്കൾ, ആട്, പശു എല്ലാറ്റിനെയും കപ്യാർ പുറത്തെടുത്തു പൊടിതുടച്ചു വച്ചു. ക്യാനഡയ്ക്കും ഇംഗ്ളണ്ടിലും ഇനിയും പോകാൻ ബാക്കിയുള്ള ഇടവകയിൽ അവശേഷിക്കുന്ന യുവതി യുവാക്കളെ അച്ചൻ കയ്യും കാലും പിടിച്ചു പറഞ്ഞു' പുൽക്കൂട് കെട്ടാൻ വരണം.' പത്തരയ്ക്ക് എത്താം എന്നു പറഞ്ഞവർ കൃത്യം പതിനൊന്നായിട്ടും വരാത്തതിൽ ഇടവക വികാരിമാരുടെ പതിവ് മസിലുപിടുത്തം നടത്തിയിട്ട് കാര്യമില്ലെന്നറിയാമെങ്കിലും പള്ളിയിൽ പോയി നോക്കിയപ്പോൾ കണ്ടത് കാർഡ് ബോർഡ് പെട്ടിയിൽ നിന്ന് പുറത്തുവന്ന പുൽക്കൂട്ടിലെ താമസക്കാരിൽ പ്രധാനപ്പെട്ട ഒരംഗം ഇല്ല; മറ്റാരുമല്ല ഉണ്ണീശോ. വികാരിയച്ചന് പ്രഷർ കയറി പൗരോഹിത്യ സ്വീകരണത്തിനോ തിരുനാളിന്റെ കണക്കവതരണത്തിലോ ഇത്രയും ആധി ഉണ്ടായിട്ടില്ല. പള്ളിയിൽ നിന്ന് പുറത്തിറങ്ങി

‘എടാ നില്ലടാ....’

അച്ചൻ അലറി. എങ്ങനെ അലറാതിരിക്കും. വേദപാഠ ക്ളാസിലെ സ്ഥിരം വികൃതി തന്നെയാണ് ഇവിടെയും കഥാപാത്രം. ഉണ്ണീശോയെ അവന്റെ സൈക്കിളിലെ ക്യാരിയറിൽ വച്ച് പള്ളി ചുറ്റുന്നു.

ലോഡ് കയറി പോണവരെ വഴിയരികിൽ കാത്തുനിന്നു പിടികൂടുന്ന ഏട്ട് കുട്ടൻപിള്ളയുടെ രൂപം കൈക്കൊണ്ട വൈദീകൻ സൈക്കിൾ ഹാൻഡിലിൽ പിടുത്തം ഇട്ടുകൊണ്ട് ചോദിച്ചു

‘എന്താടാ ഈ കാണിച്ചത് ?’

‘അച്ചൻ കൈ എടുക്ക്. ഇത്തവണ ക്രിസ്മസ് പരീക്ഷ നേരത്തെ കഴിഞ്ഞതും റിസൾട്ട് വന്നതും അറിഞ്ഞില്ലേ? എല്ലാ വിഷയത്തിനും ജയിച്ചാൽ ഞാൻ ഉണ്ണീശോയോട് പറഞ്ഞിരുന്നു എന്റെ സൈക്കിളിൽ കയറ്റി പള്ളിയ്ക്ക് ചുറ്റും അഞ്ച് റൗണ്ട് ചുറ്റാമെന്ന്. ദേ മൂന്നേ ആയുള്ളൂ ഇനീം രണ്ട് ബാക്കിയുണ്ട്.’ ഒറ്റശ്വാസത്തിൽ അവൻ പറഞ്ഞു നിർത്തി.

ഇടവക വികാരിയുടെ കൈ പതുക്കെ അയഞ്ഞു. കുട്ടി വീണ്ടും ഉണ്ണീശോയുമൊത്ത് സവാരി ആരംഭിച്ചു. ■




# 'സഭാനിയമവും, കൂദാശകളും' എന്ന വിഷയത്തിൽ സെമിനാർ

പുല്ലുവിള ഫെറോനാ അജപാലന ശുശ്രൂഷ സമിതി 'സഭാനിയമവും, കൂദാശകളും' എന്ന വിഷയത്തിൽ സെമിനാർ നടത്തി. ഫെറോനയിലെ അജപാലന സമിതി അംഗങ്ങൾക്കായി നടന്ന സെമിനാറിൽ ഡോ. ഗ്ളാഡിസ് അലക്സ് ക്ലാസ്സിന് നേതൃത്വം നല്കി. എന്താണ് കൂദാശകൾ?, കൂദാശകളുടെ ഫലദായകത്വം, കൂദാശകളുടെ ലക്ഷ്യങ്ങൾ , വിശ്വാസത്തിന്റെ പരിവർത്തനം, കൂദാശയുടെ വിഭജനം, പ്രാരംഭ കൂദാശകളിൽ ജ്ഞാനസ്നാനം, സാധുവായസ്നാനം, നിയമാനുസൃതമായ ജ്ഞാനസ്നാനം എന്നിവയെക്കുറിച്ചും, ഒപ്പം ദിവ്യബലിയർപ്പണം, വിശ്വാസ സത്യങ്ങൾ തുടങ്ങിയവയെക്കുറിച്ചും ഫെറോനയിലെ അജപാലന ശുശ്രൂഷ സമിതി അംഗങ്ങൾ അറിയുകയും അവർ തങ്ങളുടെ ഇടവകയിലെ വിശ്വാസികൾക്ക് വ്യാഖ്യാനിച്ചു കൊടുക്കാൻ പ്രാപ്തിയുള്ളവരായിരിക്കണമെന്ന് ക്ലാസ്സിലൂടെ പറഞ്ഞു. ഫെറോന വികാരി ഫാ. സിൽ വസ്റ്റർ കുരിശ് ഉദ്ഘാടനം ചെയ്ത സെമിനാറിൽ ആനിമേറ്റർ ശ്രീമതി മേരി ത്രേസ്യ മോറെസ് ആമുഖ സന്ദേശവും ഫാ. അഗസ്റ്റിൽ ജോൺ മുഖ്യപ്രഭാഷണവും നടത്തി. കാനോൻ നിയമങ്ങളിലെ അല്മായരുടെ കടമകളും അവകാശങ്ങളും അല്മായർ അറിഞ്ഞിരിക്കണമെന്നും ഇതൊരു തുടർപരിപാടിയായിരിക്കുമെന്നും പറഞ്ഞു.

# മത്സ്യകച്ചവട സ്ത്രീകളുടെ കൂടിവരവും ക്രിസ്തുമസ് ആഘോഷവും

തിരുവനന്തപുരം അതിരൂപതയിലെ മത്സ്യമേഖല ശുശ്രൂഷ സമിതിയുടെ കീഴിലെ മത്സ്യകച്ചവട സ്ത്രീ ഫോറത്തിന്റെ കൂടിവരവും ക്രിസ്തുമസ് ആഘോഷവും വെള്ളയമ്പലത്ത് ഡിസംബർ 10ന് നടന്നു. രൂപത മത്സ്യമേഖലാ ശുശ്രൂഷാ ഡയറക്ടർ ഫാ. ഷാജിൻ ജോസ് ഉദ്ഘാടനം ചെയ്ത് ക്രിസ്തുമസ് സന്ദേശം നൽകി. ഓരോ ഫെറോനയിൽ നിന്നും 15 എക്സിക്യൂട്ടീവ് അംഗങ്ങൾ വീതം 90 അംഗങ്ങൾ പങ്കെടുത്തു. ഉണ്ണിയേശു പിറക്കേണ്ടത് നമ്മുടെയൊക്കെ ഹൃദയങ്ങളിലാണെന്നും അതിനായി ഹൃദയത്തിൽ വിനയത്തിന്റെയും സ്നേഹത്തിന്റെയും തൊട്ടിലൊരുക്കി ഈ ക്രിസ്തുമസ് ഒരു അനുഭവമാക്കി മാറ്റാൻ ഏവർക്കും സാധിക്കണമെന്ന് അദ്ദേഹം പറഞ്ഞു. മത്സ്യവിപണന സ്ത്രീ ഫോറം രൂപത പ്രസിഡന്റ് ശ്രീമതി ശോശാമ്മ യേശുദാസ്, എക്സിക്യൂട്ടീവ് അംഗം ശ്രീമതി മാഗി എന്നിവർ ക്രിസ്മസ് സന്ദേശം നൽകി. തുടർന്ന് ക്രിസ്മസ് സമ്മാനം അംഗങ്ങൾക്ക് നൽകുകയും ഓരോ ഫെറോനയുടെയും വിവിധതരത്തിലുള്ള കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

# ഇരവിപുത്തൻതുറ ഇടവകയിൽ മത്സ്യതൊഴിലാളികളുടെ കൂടിവരവ്

ഇരവിപുത്തൻതുറ വി. കത്രീന ഇടവകയിൽ മത്സ്യതൊഴിലാളികളുടെ കൂടിവരവ് സംഘടിപ്പിച്ചു. ജൂലൈ 10 മുതൽ 16 വരെ ഏഴ് ദിവസം നീണ്ടു നിന്ന മത്സ്യതൊഴിലാളികൂടിവരവിൽ മത്സ്യതൊഴിലാളികളുടെ പഴമയുൾക്കൊള്ളുന്നതും പ്രാദേശികവുമായ കളികളും, വിവിധ കലാമത്സരങ്ങളും അരങ്ങേറി. ഫുട്ബോൾ, ചീട്ട് കളി, ഓട്ട മത്സരം, ചാട്ടം, വടംവലി, സൂചിയും നൂലും, കബഡി, നീന്തൽ മത്സരം തുടങ്ങി കായിക മത്സരങ്ങളും, പ്രസംഗ മത്സരം, പാട്ട്, നൃത്തം തുടങ്ങിയ കലാ മത്സരങ്ങളുമാണ് മത്സ്യത്തൊഴിലാളി ഫെസ്റ്റിൽ സംഘടിപ്പിച്ചത്. ഇരവിപുത്തൻതുറ സെന്റ് കാതറിൻ ഗ്രൗണ്ടിലും, എഫ്. എ. എസ്. സി. ഗ്രൗണ്ടിലുമായാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. പരിപാടിയുടെ അവസാന ദിവസമായ 16 ന് നടന്ന പൊതുസമ്മേളനത്തിൽ എം. എൽ. എ രാജേഷ് കുമാർ, സ്ഥലം പോലിസ് ഇൻസ്പെക്ടർ, ഫെറോനാ വികാരി തുടങ്ങിയവർ ചേർന്ന് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.




*വെള്ളയമ്പലത്ത് നടന്ന തിരുവനന്തപുരം അതിരൂപതയിലെ മത്സ്യമേഖല ശുശ്രൂഷ സമിതിയുടെ കീഴിലെ മത്സ്യകച്ചവട സ്ത്രീ ഫോറത്തിന്റെ കൂടിവരവും ക്രിസ്തുമസ് ആഘോഷവും*

# ലോകയുവദിനത്തിന് സമാനമായി ലോകശിശുദിന പ്രഖ്യാപനവുമായി ഫ്രാൻസിസ് പാപ്പ



വത്തിക്കാൻ: ലോകമെമ്പാടുമുള്ള കുട്ടികളെ കാണാനും അവരുമായി സംവദിക്കാനും ഒരു ദിവസം പ്രഖ്യാപിച്ച് ഫ്രാൻസിസ് പാപ്പ. എല്ലാ വർഷവും സംഘടിപ്പിക്കുന്ന ലോക യുവദിനത്തിന് സമാനമായാകും ലോക ശിശുദിനവും സംഘടിപ്പിക്കുക. ആദ്യ ലോക ശിശുദിനം 2024 മെയ് 25, 26 തീയതികളിൽ നടക്കും. കഴിഞ്ഞ നവംബറിൽ മാർപാപ്പ കുട്ടികൾക്കൊപ്പം ഒരു ദിവസം പങ്കിട്ടിരുന്നു. 'കുട്ടികളിൽ നിന്നു പഠിക്കാം' എന്ന പേരിൽ നടത്തിയ ഈ പരിപാടിയിൽ ലോകമെമ്പാടും നിന്നുള്ള 7500ൽ പരം കുട്ടികളാണ് പങ്കെടുത്തത്. ഒമ്പതു വയസുകാരൻ അലെസാൺഡ്രോയാണ് പാപ്പയ്ക്കു മുന്നിൽ ശിശുദിനം വേണമെന്ന ആശയം മുന്നോട്ടുവെച്ചത്. ലോക യുവദിനത്തോട് അനുബന്ധിച്ച് പാപ്പ നടത്തിയ പോഡ്കാസ്റ്റിലൂടെയാണ് തന്നെ പോലെയുള്ള കുട്ടികൾക്കായും ഒരു ദിവസം വേണമെന്ന ആശയം കുഞ്ഞ് അലെസാൺഡ്രോ പാപ്പയോട് പങ്കുവെച്ചത്. ആശയം നല്ലതാണെന്നും ശിശുക്കൾക്കായി ഒരു ദിവസം നീക്കിവയ്ക്കാമെന്നും പാപ്പ അന്ന് വാക്കുനൽകി. തുടർന്നാണ് മെയ് മാസത്തിൽ ശിശുദിനം സംഘടിപ്പിക്കാമെന്ന് പാപ്പ ഔദ്യോഗികമായി പ്രഖ്യാപിച്ചത്. കുട്ടികളെ ഏറെ സ്നേഹിച്ച യേശുവിനെപ്പോലെ ശിശുക്കൾക്ക് പ്രത്യേക കരുതലും സ്നേഹവും പരിചരണവും നൽകണം. അവർ എങ്ങനെയുള്ളൊരു ലോകത്തിലാണ് നാം വളരണമെന്ന് ആഗ്രഹിക്കുന്നത്, അതുപോലൊരു ലോകം അവർക്കായി നിർമിക്കാൻ ഓരോരുത്തരും ഉത്സാഹിക്കണമെന്നും പാപ്പ ആഹ്വാനം ചെയ്തു.

# കണക്കന്മാരുടെയും മെലിഞ്ചിമാരുടെയും ക്രിസ്തുമസ് സംഗമം നടത്തി അജപാലന ശുശ്രൂഷ

വെള്ളയമ്പലം: അതിരൂപതയിലെ ദൈവാലയങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന കണക്കന്മാരുടെയും മെലിഞ്ചിമാരുടെയും കൂടിവരവ് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്നു. ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് നടന്ന സംഗമത്തിൽ അതിരൂപതാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ മുഖ്യാഥിതിയായിരുന്നു.

ബൈബിൾ പ്രതിഷ്ഠ, ബൈബിൾ വന്ദനം, പ്രാർത്ഥന എന്നിവയോടെയാണ് കൂടിവരവ് ആരംഭിച്ചത്. ഒരു വ്യക്തി തിരുസഭാംഗത്വം നേടുമ്പോഴും ദൈവസന്നിധിയിലേക്ക് യാത്രയാകുമ്പോഴും നിശബ്ദസാന്നിധ്യമായി കാണുന്ന വ്യക്തികളാണ് നമ്മുടെ ദൈവാലയങ്ങളിൽ സേവനം ചെയ്യുന്ന കണക്കനും മെലിഞ്ചിയും. ഇടവകയിലെ വിവിധ തരത്തിലുള്ള വ്യക്തിത്വങ്ങളുമായി ഇടപഴകി ഇടവകയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന നിങ്ങളെ പ്രത്യേകം അനുമോദിക്കുന്നതായി മെത്രാപ്പോലീത്ത തന്റെ സന്ദേശത്തിൽ പറഞ്ഞു.

തുടർന്ന് ഇടവകപ്രവർത്തനങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന് അജപാലന ശുശ്രൂഷ ഡയറക്ടർ ഫാ. ഷാജു വില്ല്യം, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡാർവ്വിൻ എന്നിവർ നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നായി 42 പേർ പങ്കെടുത്ത സംഗമത്തിൽ ആർച്ച്ബിഷപ്പ് കേക്ക് മുറിച്ച് ക്രിസ്തുമസ് ആഘോഷങ്ങൾക്ക് തുടക്കംകുറിച്ചു. സൗത്ത്കൊല്ലങ്കോട് ഇടവകയിലെ സാക്രിസ്റ്റൻ സാജൻ കൃതജ്ഞതയർപ്പിച്ചു.

# നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ

**പ്രത്യക്ഷീകരണ തിരുനാൾ (ജനു. 7)** ഏശ. 60: 1-6 എഫെ. 3: 2-3a, 5-6 മത്താ. 2: 1-12

**ഫാ. വിക്ടർ എവരിസ്റ്റസ്**

ജീവിതം ഒരുപാട് തെരഞ്ഞെടുപ്പുകൾക്ക് അവസരം തരും. ഭോഷന്മാർ അപ്രധാനമായതിന്റെ പിന്നാലെ പോയി ജീവിതത്തെ വിലകുറച്ച് കാണിക്കും. ലോകത്തിന്റെ അറിവിന്റേയും സുഖത്തിന്റേയും പിന്നാലെ പോയ ഭോഷനായ ഒരു ചെറുപ്പക്കാരനെ ഓർമ്മിപ്പിക്കുന്നു അഗസ്റ്റിൻ. ഇരുപതാം വയസ്സിൽ പ്രസംഗകലയും തത്വശാസ്ത്രവും തർക്കശാസ്ത്രവും സ്വായത്തമാക്കിവയൻ.

യഹൂദൻമാർക്കു രാജാവായി പിറന്ന ശിശുവിനെ ആ ദേശത്തുള്ളവർ പ്രത്യേകിച്ച് അവിടത്തെ രാജാവ് തിരിച്ചറിഞ്ഞില്ലെങ്കിലും, തങ്ങൾക്കു ലഭിച്ച അടയാളത്തിന്റെ വെളിച്ചത്തിൽ രാജാവായ ശിശുവിനെ അന്വേഷിച്ചിറങ്ങുന്ന ജ്യോതിഷരുടെ സന്ദർശനമാണ് ഈ വി.ഗ്രന്ഥഭാഗം. മത്തായിയുടെ സുവിശേഷത്തിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്ന സംഭവമാണിത്.

ഈശോയുടെ ജനനവാർത്ത ഉളവാക്കുന്ന വ്യത്യസ്തങ്ങളായ പ്രതികരണങ്ങളാണ് ഈ സുവിശേഷഭാഗത്തെ പ്രധാന പ്രമേയം. യഹൂദജനം കാത്തിരുന്ന മിശിഹാ ജനിച്ചിരിക്കുന്നുവെന്നും പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നുവെന്നുമുള്ള വാർത്ത സന്തോഷമാണ് നൽകേണ്ടിയിരുന്നത്. വിജാതീയരായവർ ആ വാർത്തയിൽ സന്തോഷിച്ചു. എന്നാൽ തന്റെ ഭരണസീമയിൽ യഹൂദരുടെ പ്രതീക്ഷയായ മിശിഹാ ജനിച്ചിരിക്കുന്നുവെന്ന വാർത്ത സന്തോഷത്തിനു പകരം അവിടത്തെ രാജാവിൽ ഭീതിയും അസ്വസ്ഥതയും ജനിപ്പിച്ചു.

വേദഗ്രന്ഥം നിറയെ ദൈവത്തിന് പ്രീതികരമായത് മാത്രം തെരഞ്ഞെടുത്ത ജ്ഞാനികളാണ്, കിഴക്കു നിന്നെത്തിയ ജ്ഞാനികളെപോലെ. ലോകം മുഴുവൻ പാപസുഖത്തിൽ മുഴുകി ജീവിച്ചപ്പോൾ വരാനിരിക്കുന്ന പ്രളയത്തെ അതിജീവിക്കാൻ പെട്ടകം പണിത നോഹ ജ്ഞാനിയായിരുന്നു. അഗ്നി മഴ പെയ്യും മുമ്പ് സോദോം വിട്ടിറങ്ങിയ ലോത്ത് ജ്ഞാനിയായിരുന്നു. തിരിഞ്ഞു നോക്കി ഉപ്പു തൂണായത് അവന്റെ ഭാര്യയാണ്. ഓർഫാ മാതൃഭവനത്തിലേക്ക് മടങ്ങിയപ്പോൾ സ്വജനത്തെയും മൊവാമ്പ് ദേശത്തേയും വിട്ട് നവോമിയെ അനുഗമിച്ച റൂത്തിന് ജ്ഞാനമുണ്ടായിരുന്നു. അങ്ങനെയാണവൾ ക്രിസ്തുവിന്റെ പൂർവ്വ മാതാവാകുന്നത്. മണവാളന്റെ വരവിനുവേണ്ടി വിളക്കിനൊപ്പം എണ്ണയും കരുതിവച്ചവരാണ് വിവേകമതികളായ കന്യകകൾ എന്ന വർണനയ്ക്ക് യോഗ്യരായവർ. എണ്ണ വാങ്ങാൻ പോയവർ വിവേകരഹിതകളായി പുറന്തള്ളപ്പെടുന്നുമുണ്ട്. കുരിശിൽ പോലും ജ്ഞാനിയായ കള്ളനുണ്ട്. ലോക സുഖങ്ങളിലേക്ക് മടങ്ങി പോകാനാശിച്ച് ക്രിസ്തുവിനെ ശപിച്ചവനല്ല, പറുദീസയിലേക്കുള്ള മാർഗ്ഗം കണ്ടെത്തിയ വലത്തുവശത്തിരിക്കുന്ന നല്ല കള്ളൻ.

കാലിത്തൊഴുത്തിലെ ഉണ്ണിയെ ആരാധിക്കാൻ നക്ഷത്രവെട്ടത്തിലെത്തിയ പരദേശികളെ ജ്ഞാനികളെന്നാണ് വിളിക്കുന്നത്. സ്വനാടും വീടും ഉപേക്ഷിച്ചവർ ബെത്‌ലഹേമിലെ കാലിത്തൊഴുത്തിലെത്തിയത് രക്ഷകനെ കാണാനായിരുന്നു. ജീവിതത്തിൽ ഏറ്റവും ജ്ഞാനത്തോടെ ഒരാളെടുക്കുന്ന തീരുമാനം ക്രിസ്തുവിലേക്ക് കടന്നു വരുന്ന നിമിഷമായിരിക്കും. The wisest people in our world are those people who are willing to forsake everything and simply fall down at His feet

and adore Him.

അപ്പോൾ ദൈവത്തിൽ നിന്നകന്ന് ആത്മാവിനെ മറന്ന് നശ്വരവസ്തുക്കൾക്കു വേണ്ടി വ്യാകുലപ്പെടുന്നവരാണ് ഭോഷൻമാർ. പുതിയ കളപ്പുര പണിത് വിളവ് ശേഖരിച്ച് ശിഷ്ടകാലം ആസ്വദിക്കാൻ ആഗ്രഹിച്ച അവനെ ക്രിസ്തു ഭോഷനായ ധനവാനെന്നാണ് വിളിച്ചത്.

ഒരുപാട് സാദ്ധ്യതകളിൽ നിന്നും ഏറ്റവും ശ്രേഷ്ഠമായത് മാത്രം തെരഞ്ഞെടുക്കാവാനുള്ള വെളിച്ചമാണ് ജ്ഞാനം. മനുഷ്യർക്ക് അതിപ്പോൾ കുറഞ്ഞുവരികയാണ്. സോളമന് അതുണ്ടായിരുന്നു. മുഖ്യപൂജ്യഗിരിയായ ഗിബിയോനിൽ വച്ച് ഒരു രാത്രിയിലെ സ്വപ്നദർശനത്തിൽ ദൈവമരുൾ ചെയ്തു; നിനക്കെന്തു വേണമെന്ന് പറഞ്ഞുകൊള്ളുക. ദീർഘായുസ്സ്, സമ്പത്ത്, ശത്രുസംഹാരം അങ്ങനെ പല സാധ്യതകളും ഉണ്ടായിരുന്നു. സോളമൻ വിനീതനായി അഭ്യർഥിച്ചു. നന്മതിന്മകൾ തിരിച്ചറിഞ്ഞ് അങ്ങയുടെ ജനത്തെ ഭരിക്കാൻ പോരുന്ന വിവേകം ദാസനു നൽകേണമേ. ഏറ്റവും ഉചിതമായത് ചോദിച്ചതു കൊണ്ട് ദൈവം ചോദിക്കാത്തതു കൂടി സ്വന്തമായി കൊടുക്കുന്നു.

ഒരുപാട് കാര്യങ്ങളെക്കുറിച്ച് വ്യാകുലചിത്തരായി നമ്മൾ വല്ലാതെ മാർത്തായെ അനുകരിക്കുകയാണ്. അപ്രധാന കാര്യങ്ങളിലാണ് മുഴുവൻ ശ്രദ്ധ. ക്രിസ്തുവിന്റെ പാദാന്തികത്തിൽ ഇരുന്ന് വചനം ശ്രവിച്ച് ഏറ്റവും നല്ലത് മാത്രം തെരഞ്ഞെടുത്ത മേരിയുടെ ജ്ഞാനത്തിനുവേണ്ടിയാണ് ഇനി പ്രാർത്ഥിക്കേണ്ടത്.

വൃദ്ധരായ മൂന്ന് യാത്രികർ വൃക്ഷച്ചുവട്ടിൽ തളർന്നിരിക്കുന്നത് കണ്ട് ഒരമ്മ ചോദിച്ചു ആഗ്രഹമുണ്ടെങ്കിൽ ഇന്ന് രാത്രി നിങ്ങൾക്കെന്റെ വീട്ടിൽ വിശ്രമിക്കാം. അവർ മൂന്നു പേർക്കും ഒരുമിച്ച് വീട്ടിലേക്ക് വരാൻ സാധിക്കില്ലായിരുന്നു. ആരെങ്കിലും ഒരാളെ മാത്രം തെരഞ്ഞെടുക്കാൻ അവർ ആവശ്യപ്പെട്ടു. എന്നിട്ടവർ സ്വയം പരിചയപ്പെടുത്തി. 'എന്റെ പേര് ധനം (Wealth), ഇത് വിജയം (Success), മൂന്നാമെത്തയാൾ സ്നേഹം (Love).' അത്ഭുതപ്പെട്ടു നിന്ന അമ്മയോട് അവർ ഓർമ്മിപ്പിച്ചു. നിങ്ങൾ ഭർത്താവിനോട് ചോദിച്ചു തീരുമാനിച്ചാൽ മതി. വീട്ടിലെത്തിയ അവളോട് ഭർത്താവ് പറഞ്ഞു: 'ധനത്തോട് അതിഥിയായി വരാൻ പറയുക. എങ്കിൽ നമുക്കിനി സമ്പൽസമൃദ്ധിയിൽ ജീവിക്കാം.' ആ അമ്മയെ സംബന്ധിച്ചിടത്തോളം വിജയമായിരുന്നു കൂടുതൽ സ്വീകാര്യം. 'അപ്പോൾ ആരും നമ്മെ തോൽപ്പിക്കില്ല, അവർ വാദിച്ചു.' ഇത് കേട്ട് മകൾ ഇടപെട്ടു.

'എന്തുകൊണ്ട് സ്നേഹത്തെ അതിഥയായി സ്വീകരിച്ചുകൂടാ? പരസ്പരം സ്നേഹത്തോടെ ഒരു ദിവസമെങ്കിലും കഴിയുന്നതല്ലേ ധനത്തേക്കാളും വിജയത്തേക്കാളും സൗഭാഗ്യകരം.' ചെറിയൊരു വാദപ്രതിവാദത്തിനു ശേഷം അവർ മകളുടെ വാക്കുകൾ അംഗീകരിച്ചു. അമ്മ തിരികെ വന്നു മൂന്നു യാത്രികരോടു പറഞ്ഞു. 'ഞങ്ങൾക്ക് അതിഥിയായി സ്നേഹം മതി.' ഉടനെ സ്നേഹം അവരോടു നടന്നു നീങ്ങി.

പക്ഷേ അമ്മയെ അതിശയിപ്പിച്ചു കൊണ്ട് മറ്റ് രണ്ടു പേരും അവരെ അനുഗമിച്ചു. അമ്മ ചോദിച്ചു: 'ഒരാൾക്കു മാത്രമല്ലേ എന്നോടൊപ്പം വരാൻ സാധിക്കൂ.' പുഞ്ചിരിച്ചു കൊണ്ട് അവർ പറഞ്ഞു. 'നിങ്ങൾ ധനത്തെയോ വിജയത്തെയോ ക്ഷണിച്ചിരുന്നുവെങ്കിൽ അങ്ങനെ സംഭവിക്കുമായിരുന്നു. പക്ഷേ, ഇപ്പോൾ ഞങ്ങൾ നിസ്സഹയരാണ്. സ്നേഹം എവിടെയൊക്കെയോ സ്വീകരിക്കപ്പെടുന്നുവോ അവിടേയ്ക്ക് ഞങ്ങൾക്ക് കടന്നു വരാതിരിക്കാനാവില്ല.'

ജീവിതം ഒരുപാട് തെരഞ്ഞെടുപ്പുകൾക്ക് അവസരം തരും. ഭോഷന്മാർ അപ്രധാനമായതിന്റെ പിന്നാലെ പോയി ജീവിതത്തെ വിലകുറച്ച് കാണിക്കും. ലോകത്തിന്റെ അറിവിന്റേയും സുഖത്തിന്റേയും പിന്നാലെ പോയ ഭോഷനായ ഒരു ചെറുപ്പക്കാരനെ ഓർമ്മിപ്പിക്കുന്നു അഗസ്റ്റിൻ. ഇരുപതാം വയസ്സിൽ പ്രസംഗകലയും തത്വശാസ്ത്രവും തർക്കശാസ്ത്രവും സ്വായത്തമാക്കിവയൻ. അമ്മ മോനിക്കയുടെ സദുപദേശത്തിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി മിലാനിലേക്ക് കപ്പൽ കയറിയവൻ. യാദൃശ്ചികമായി ബിഷപ്പ് അബ്രോസിന്റെ പ്രസംഗം കേട്ട് ആത്മീയ വെളിച്ചത്തിലേക്ക് കടന്നുവന്നവൻ. ഒടുവിലവൻ കുമ്പസാരമെന്ന ആത്മകഥയിലെഴുതി. ഇത്ര പുരാതനവും ഇത്ര നവീനവുമായ സൗന്ദര്യമേ നിന്നെ സ്നേഹിക്കാൻ ഞാനെത്ര വൈകി! വൈകിയാണെങ്കിലും ഒടുവിലവൻ ജ്ഞാനമാർഗ്ഗത്തിലെത്തി.

ദൈവദൃഷ്ടിയിൽ കൂടുതൽ നല്ലത് തെരഞ്ഞെടുക്കാനുള്ള കൃപയാണ് ജ്ഞാനം. അതുകൊണ്ടു തന്നെ സോളമനെപ്പോലെ ഇപ്പോഴെന്റെ എളിയ പ്രാർത്ഥനയും ഈ ജ്ഞാനപ്രാപ്തിക്കു വേണ്ടി തന്നെ. ■

# പുതിയ മനുഷ്യനാകൂ

**കർത്താവിന്റെ ജ്ഞാനസ്നാന തിരുനാൾ (ജനു. 14)** ഏശ. 42: 1-4, 6-7 അപ്പോ. 10: 34-38 മത്താ. 3: 13-17

**ഫാ. ഡൈസൺ**

ഒരുവൻ ക്രൈസ്തവനാകുന്നത് ജ്ഞാനസ്നാനമെന്ന കൂദാശയിലൂടെയാണ്. അതുകൊണ്ടാണ് ജ്ഞാനസ്നാനമെന്ന കൂദാശയെ ക്രൈസ്തവ ജീവിതത്തിന്റെ ആരംഭവും അടിസ്ഥാനവുമെന്ന് വിളിക്കുന്നത്. ഈ കൂദാശ സ്വീകരണത്തിലൂടെ മറ്റു കൂദാശകൾ സ്വീകരക്കാനുള്ള യോഗ്യതയും അർഹതയും ഒരു വ്യക്തിക്ക് സംലഭ്യമാകുന്ന കാരണത്താൽ ഇതിനെ കൂദാശകളുടെ കവാടമെന്ന് വിളിക്കപ്പെടുന്നു. ജ്ഞാനസ്നാനത്തെ കുറിച്ച് ഏറ്റവും ഹൃദ്യമായി സഭാപിതാവായ വി.ഗ്രിഗറി നസി

യാൻസ് ഇങ്ങനെ കുറിക്കുന്നു:

മാമ്മോദീസ ദൈവത്തിന്റെ ഏറ്റവും മനോഹരവും ഉജ്ജ്വലവുമായ ഒരു ദാനമാണ്. നാമിതിനെ ദാനം, കൃപ, ലേപനം, ജ്ഞാനസ്നാനം, അമർത്ത്യതയുടെ വസ്ത്രം, പുനർ ജനനത്തിന്റെ സ്നാനം, മുദ്ര, എന്നിങ്ങനെയെല്ലാം വിളിക്കുന്നു. ഇതൊരു ദാനമാണെന്നു പറയാൻ കാരണം, മനുഷ്യന്റെ പ്രവൃത്തികൾക്കനുസൃതമായിട്ടല്ല, അവിടുത്തെ ഔദാര്യമായിട്ടാണ് ഇതു നല്കപ്പെടുക എന്നതാണ്. ഇതൊരു കൃപയാണ്; എന്തെന്നാൽ ഇതു പാപികൾക്കുപോലും നല്കപ്പെടുന്നു. പാപം ജലത്തിൽ സംസ്കരിക്കപ്പെടുന്നതിനാൽ ഇതു മാമ്മോദീസയാണ്. രാജകീയ പൗരോഹിത്യപരമായതിനാൽ ഇത് അഭിഷേകവുമാണ്. ഇതു പ്രകാശം ചൊരിയുന്നതിനാൽ ജ്ഞാനസ്നാനമാണ്. നമ്മുടെ ലജ്ജയെ ആവരണം ചെയ്യുന്നതിനാൽ ഇത് അമർത്യതയുടെ വസ്ത്രമാണ്. നമ്മെ കഴുകുന്നതിനാൽ ഇത് അമർത്യതയുടെ വസ്ത്രമാണ്. നമ്മെ കഴുകുന്നതിനാൽ ഇതു സ്നാനമാണ്. ദൈവത്തിന്റെ കർത്തൃത്വത്തിന്റെയും സംരക്ഷണത്തിന്റെയും മുദ്രയുമാണിത് .

## 1. ജ്ഞാനസ്നാനം രണ്ടാം ജനനം

ജലത്താലും പരിശുദ്ധാരൂപിയാലുമുള്ള രണ്ടാം ജനനമാണ്, പുനർ ജനനമാണ് ജ്ഞാനസ്നാനം (യോഹ 3:5). രണ്ടാം ജനനത്തിലൂടെ നാം പുതിയ സൃഷ്ടികളായി മാറുകയാണ്. പൗലോസ് അപ്പോസ്തലൻ പറയുന്നു: പഴയതു കടന്നു പോയി. ഇതാ, പുതിയതു വന്നു കഴിഞ്ഞു (2 കൊറി 5:17).

ഹൈന്ദവ പുരാണത്തിന്റെ കാതലെന്ന് വിശേഷിപ്പിക്കാവുന്ന സൃഷ്ടികർമ്മത്തിൽ ബ്രാഹ്മണന്റെ ജന്മം ബ്രഹ്മാവിന്റെ ശിരസ്സിൽ നിന്നാണ്. ബ്രാഹ്മണന് രണ്ടുതരം ജന്മങ്ങളുണ്ട്. ഒന്ന് അമ്മയുടെ ഉദരത്തിൽ നിന്നുമുള്ള സ്വാഭാവിക ജനനം. രണ്ടാമത്തെ ജന്മം പ്രാർത്ഥനയുടെ പുണ്യസ്നാനം കഴിഞ്ഞ് ഇരട്ടപ്പിരിയുള്ള പൂണൂൽ ദേഹത്തു ചുറ്റുമ്പോൾ അവൻ പുതുജന്മം ലഭിച്ച ബ്രാഹ്മണനാകുന്നു. ഒരു മുസ്ലീമിനും രണ്ടു ജന്മങ്ങളുണ്ട്. സ്വാഭവിക ജനനം കൂടാതെ, പരിച്ഛേദനകർമ്മം വഴി ദൈവത്തിന് സമർപ്പിതനാകുമ്പോൾ അവൻ മറ്റൊരു മനുഷ്യനാകുന്നു.

ഒരു ക്രൈസ്തവനും രണ്ട് ജന്മങ്ങളുണ്ട്. ഒന്നാമത്തെ ജന്മമെന്നുള്ളത് ശാരീരിക ജന്മം. രണ്ടാമത്തെ ജന്മം ജ്ഞാനസ്നാനവേളയിൽ ആത്മാവിനാലും ജലത്താലും സംഭവിക്കുന്ന പുതിയൊരു ജന്മം. ജ്ഞാനസ്നാനം ആത്മാവിനെക്കൊണ്ട് നിറയുവാനുള്ള സുവർണ്ണാവസരമാണ്. ആകാശം പിളരുകയും സ്വർഗ്ഗം തുറക്കുകയും ആത്മാവ് അർത്ഥിയുടെ മേൽ ആവസിക്കുകയും ചെയ്യുന്ന അനർഘനിമിഷമാണ്. ജ്ഞാനസ്നാനം വഴിയുള്ള രണ്ടാമത്തെ ജന്മത്തിൽ പാപം നിറഞ്ഞ പഴയ മനുഷ്യൻ നശിപ്പിക്കപ്പെടുകയും ഒരു പുതിയ മനുഷ്യൻ സംജാതനാകുകയും ചെയ്യുന്നു.

അർത്ഥി ജ്ഞാനസ്നാനജലത്തിൽ മുങ്ങുമ്പോൾ പാപത്തിന്റെ പഴയ മനുഷ്യനെ ജലത്തിന്റെ അഗാധതയിൽ തള്ളുന്നു. അങ്ങനെ പഴയ മനുഷ്യനെ അർത്ഥി തന്നിൽ നിന്നും പൊളിച്ചുമാറ്റി പുതിയ മനുഷ്യനായി രൂപാന്തരപ്പെടുന്നു. അവൻ ജലത്തിന്റെ ആഴങ്ങളിൽനിന്ന് പുതിയ മനുഷ്യനായി മുകളിൽ തിരികെ വരുന്നു.

രണ്ടാം ജനനം സ്വീകരിക്കുന്നത് യേശുവിന്റെ നാമത്തിലായതുകൊണ്ട് നാം യേശുവിനു സ്വന്തമായി മാറുന്നു. അവന്റെ മുദ്രയുള്ളവരായി തീരുന്നു (2 കൊറി 1:22). അതുകൊണ്ടാണ് കാർമ്മികൻ അർത്ഥിയുടെ മേൽ കുരിശടയാളം വരയ്ക്കുന്നത്. അതിലൂടെ നാം പൂർണ്ണമായും, മുഴുവനായും ക്രിസ്തുവിന്റെ ഉടമകളായി തീരുന്നു. വചനം പറയുന്നു: നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു. മരിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി മരിക്കുന്നു. അതിനാൽ ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ് (റോമ 14:8). വി.തിയോഡോർ പറയുന്നു: ക്രിസ്തുവിൽ വീണ്ടും ജനിക്കുന്ന പുതിയ മനുഷ്യന് ജ്ഞാനസ്നാന ജലം ശവകുടീരവും ഗർഭപാത്രവും ആണ്. ജ്ഞാനസ്നാന ജലത്തിന്റെ അഗാതതയിൽ പഴയ മനുഷ്യൻ മരിക്കുകയും പുതിയ മനുഷ്യൻ ഉദയം ചെയ്യുകയും ചെയ്യുന്നു. രണ്ടാം ജനനത്തിലൂടെ ഉത്ഭവ പാപത്തിൽ നിന്നും വ്യക്തിപരമായ എല്ലാ പാപങ്ങളിൽ നിന്നും ദൈവം നമ്മെ സ്വതന്ത്രരാക്കുന്നു. മർത്യരായ നമ്മൾ അമർത്യരായി മാറുന്നു. കൽക്കരി വൈഡൂര്യമാകുന്ന പോലെ, വെറും കളിമൺ സൃഷ്ടികളായ നമ്മൾ ആത്മീയ രത്നങ്ങളായി മാറുന്നു.

## 2. ജ്ഞാനസ്നാനം സഭാപ്രവേശന കൂദാശ

ജ്ഞാനസ്നാനം എന്ന അനുഷ്ഠാനം വഴി പുതുജീവൻ പ്രാപിക്കുന്ന ഒരുവൻ തിരുസ്സഭയിൽ അംഗമായി മാറുന്നു. പ്രാചീന ഗോത്രങ്ങളിലും മതങ്ങളിലും മതപരമായ സംഘടനകളിലും അംഗമാകുന്നതിന് ജ്ഞാനസ്നാനം പോലുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും നടത്തേണ്ടിയിരുന്നു. പ്രാചീന റോമാക്കാർ തങ്ങളുടെ യുവത്തിടമ്പുകളെ പുരുഷപ്രാപ്തിയുടെ വസ്ത്രം ധരിപ്പിക്കുക വഴി അവരുടെ സമൂഹത്തിലെ അംഗമായി അംഗീകരിക്കുന്നു. ആറുവയസ്സായ ബ്രാഹ്മണകുഞ്ഞിനെ പൂണൂൽ ധരിപ്പിക്കുക വഴി ബ്രാഹ്മിൻ സമൂഹത്തിലെ അംഗമാക്കുന്നു. അതുപോലെ ഒരുവൻ ക്രിസ്തുമതത്തിലെ ഔദ്യോഗിക അംഗമാകുന്നത് ജ്ഞാനസ്നാനം എന്ന പ്രാരംഭകൂദാശ വഴിയാണ്.

പരിഛേദനം യഹൂദന് ദൈവാലായ പ്രവേശനത്തിന് അർഹത നല്കുന്നതു പോലെ ജ്ഞാനസ്നാനം ദൈവത്തിന്റെ ആലയമായ സഭയിൽ ക്രിസ്തിയാനിക്ക് പ്രവേശനം നല്കുന്നു. ബെനഡിക്റ്റ് 16-ാമൻ മാർപാപ്പാ സഭാപ്രവേശനത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു: ജീവിതത്തിലോ, മരണത്തിലോ ഒരിക്കലും ഉപേക്ഷിക്കാത്ത സുഹൃത്തുക്കളുടെ സമൂഹത്തിലേക്ക് മാമ്മോദീസാവഴി ശിശു പ്രവേശിപ്പിക്കപ്പെടുന്നു... ഇപ്പോൾ ശിശുവിനു പ്രവേശനം ലഭിച്ചിരിക്കുന്ന ഈ സുഹൃദ് സമൂഹം ഈ ദൈവകുടുംബം, എപ്പോഴും അവനോടൊപ്പം സഞ്ചരിക്കും. സഹനങ്ങളിൽപ്പോലും ജീവിതത്തിന്റെ ഇരുണ്ട രാത്രികളിൽപ്പോലും അങ്ങനെ ചെയ്യും. അത് അവന് ആശ്വാസവും സ്വസ്ഥതയും പ്രകാശവും നല്കും.

## 3. ജ്ഞാനസ്നാനം പാപികളുടെ മോചനം

ജ്ഞാനസ്നാനം പാപികൾ

ക്കുള്ള കർമ്മമാണെങ്കിൽ ഒരു പാപവും ചെയ്യാത്ത യേശു എന്തിന് ജ്ഞാനസ്നാനം സ്വീകരിക്കണം? പാപക്കറയില്ലാത്ത ദൈവത്തിന്റെ കുഞ്ഞാടായ യേശു എന്തുകൊണ്ട് മാനസാന്തരത്തിന്റെയും അനുതാപത്തിന്റെയും ജ്ഞാനസ്നാനം സ്വീകരിക്കണം? പുരോഹിതൻ ബലിമൃഗത്തെ പാപപരിഹാരബലിയായി അർപ്പിക്കുന്നത് ബലിമൃഗത്തിന്റെ പാപം ഇല്ലാതാക്കാനല്ല, പാപം ചെയ്ത മനുഷ്യന്റെ പാപം ഇല്ലാതാക്കാനാണ്. യേശുവും ദൈവത്താൽ പാപപരിഹാര ബലിക്കുവേണ്ടി നിശ്ചയിക്കപ്പെട്ട ബലിമൃഗമായ ആട്ടിൻകുട്ടിയാണ്. ആരാധകൻ ബലിമൃഗത്തിന്റെ പുറത്ത് കൈകൾവച്ച് പാപമെല്ലാം അതിനെ കെട്ടിയേല്പിക്കുന്നു. അവൻ ബലിമൃഗത്തിന്റെ തലയിൽ കൈവയ്ക്കണം. അത് അവന്റെ പാപങ്ങളുടെ പരിഹാരത്തിനായി സ്വീകരിക്കപ്പെടും (ലേവ്യ 1:4). യേശുവാകുന്ന ബലിമൃഗത്തിന്റെ മേൽ ലോകത്തിന്റെ പാപമെല്ലാം കെട്ടിയേല്പിക്കപ്പെട്ടു. അതുകൊണ്ടാണ് ദിവ്യബലിയിൽ നാം ഇങ്ങനെ പറയുന്നത് ഇതാ ദൈവത്തിന്റെ കുഞ്ഞാട്, ഇതാ ലോകത്തിന്റെ പാപം നീക്കുന്നവൻ .

ലോകത്തിന്റെ പാപം സ്വന്തം ചുമലിൽ ഏറ്റെടുത്ത യേശു പാപിയല്ല. കാരണം പാപം അവനറിയില്ലായിരുന്നു. അതുകൊണ്ട് ഹെബ്രായരുടെ പുസ്തകം പറയുന്നു. 'പിന്നെയോ, അവൻ ഒരിക്കലും പാപം ചെയ്തിട്ടില്ല' (ഹെബ്രാ 4:15). വീണ്ടും ഹെബ്രായരുടെ പുസ്തകം പറയുന്നു. 'പരിശുദ്ധനും ദോഷരഹിതനും നിഷ്ക്കളങ്കനും പാപികളിൽനിന്നു വേർതിരിക്കപ്പെട്ടവനും സ്വർഗ്ഗത്തിന്മേൽ ഉയർത്തപ്പെട്ടവനുമാണ് അവൻ' (ഹെബ്രാ 7:26). ഒരു പാപവും ചെയ്യാത്ത യേശു യോഹന്നാന്റെ ജ്ഞാനസ്നാനം സ്വീകരിക്കുക വഴി നമ്മെ എന്താണ് പഠിപ്പിക്കുക?

യോഹന്നാന്റെ ജ്ഞാനസ്നാനം സ്വീകരിക്കുക വഴി യേശു പാപിയാണെന്ന് ഏറ്റുപറയുകയല്ല ചെയ്തത്. നേരെമറിച്ച് ലോകത്തിന്റെ പാപങ്ങൾ സ്വന്തം ചുമലിൽ ഏറ്റെടുക്കുക വഴി യേശു പാപികളായ മനുഷ്യരുമായി താദാത്മ്യം പ്രാപിച്ചു. പാപികളായ മനുഷ്യരുമായി ഒന്നായതു കാരണം പാപികൾക്കുവേണ്ടിയുള്ള അനുതാപത്തിന്റെ ജ്ഞാനസ്നാനം യേശു യോഹന്നാനിൽ നിന്നും സ്വീകരിക്കുന്നു. യേശു സ്വന്തം പാപം നീക്കാനല്ല, ലോകത്തിന്റെ മുഴുവൻ പാപം നീക്കാനാണ് യോഹന്നാനിൽനിന്ന് ജ്ഞാനസ്നാനം സ്വീകരിക്കുന്നത്. കാരണം യേശുവിൽ ഒരു പാപവും ഇല്ലായിരുന്നു.

പരിശുദ്ധ ത്രിത്വത്തിലെ മൂന്നു ആളുകളെയും ഈ ലോകത്തിന് വെളിപ്പെടുന്ന ദിനമാണ് കർത്താവിന്റെ ജ്ഞാനസ്നാന തിരുനാൾ. മനുഷ്യന്റെ ആദ്യപാപത്താൽ അടക്കപ്പെട്ട സ്വർഗ്ഗം (ഉൽപ്പത്തി 3:23.24) തുറക്കപ്പെടുന്നത് യേശുവിന്റെ ജ്ഞാനസ്നാനത്തോടെയാണ് (മത്താ 3:16). തുറക്കപ്പെട്ട സ്വർഗ്ഗത്തിൽ നിന്ന് പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ യേശുവിന്റെമേൽ ഇറങ്ങി വന്നു. ആദിയിൽ ജലത്തിന്റെമേൽ ചലിച്ചുകൊണ്ടിരുന്ന ദൈവത്തിന്റെ ചൈതന്യം ആദ്യസൃഷ്ടി നടത്തിയെങ്കിൽ ക്രിസ്തുവിലൂടെ പുതിയ സൃഷ്ടി കർമ്മം ആരംഭിക്കുവാൻ വേണ്ടി പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ മേൽ ആവസിക്കുന്നു. ആത്മാവിന്റെ അഭിഷേകത്തിലൂടെ യേശു മിശിഹായായി ദൗത്യം ആരംഭിക്കുന്നു. ഈ ദൗത്യത്തിന് പിതാവായ ദൈവം അംഗീകാരം നല്കുന്നത് സ്വർഗ്ഗത്തിൽനിന്നുമുണ്ടായ സ്വരത്തിലൂടെയാണ്. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ■

# അവൻ ഞാനല്ല; എന്റെ പിന്നാലെയുണ്ട്

**ആണ്ടുവട്ടം രണ്ടാം ഞായർ (ജനു. 21)** ഏശ. 49: 3. 5-6, 1 കൊറി. 1: 1-3, യോഹ. 1:29-34

**ഫാ. പോൾ സണ്ണി**

യേശുവിന് നല്കിയ സ്നാനം യോഹന്നാന്റെ ഒരു പരീക്ഷണമായിരുന്നു. സത്യത്തിൽ സ്നാപകയോഹന്നാന് യേശുവിനെ വ്യക്തമായി അറിയില്ല. രക്തബന്ധത്തിന്റെ കാര്യമല്ല, ദൈവപുത്രനാണോ എന്ന കാര്യം. സ്നാനമായിരുന്നു തിരിച്ചറിവിന്റെ അടയാളം.

കാണും മുൻപ്
എത്ര വലിയവരായിരുന്നു നാം പരസ്പരം!
കണ്ടു കഴിഞ്ഞതും ചെറുതായി
മിണ്ടിത്തുടങ്ങിയപ്പോൾ നിസ്സാരരായി
ഇന്ന് ഒന്നിച്ചു നടന്നു തുടങ്ങുമ്പോൾ
കുറഞ്ഞു കുറഞ്ഞ്
ഉണ്ടെന്നു പറയാൻ പറ്റാത്ത
അത്രയും ആയിത്തീരുമോ
നാമന്യോന്യം?
ദൈവം കാണാമറയത്തായത്
എത്രനന്നായി അല്ലേ?

ജീവിത ദർശനങ്ങളെ കാച്ചിക്കുറുക്കുന്ന കവിതകളാണ് വീരാൻ കുട്ടിയുടേത്. മനുഷ്യജീവിതം ബന്ധങ്ങളുടേതാണ് ഈ ബന്ധങ്ങളുടെ ഊഷ്മളത നിലനിർത്തുക എളുപ്പമുള്ള കാര്യമല്ല. പലപ്പോഴും മനുഷ്യർ പഴയ മനുഷ്യരാകില്ല.

ഇസ്രയേലും ദൈവവും തമ്മിലുള്ള ബന്ധത്തെയും ഈ ജൈവികമാനത്തിൽ നിന്നുതന്നെയാണ് ബൈബിൾ കർത്താവ് ദൃശ്യവത്ക്കരിക്കുന്നത്. പ്രണയിതാക്കളുടെ ഇടയിൽ പിണക്കത്തിന് പല കാരണങ്ങൾ ഉണ്ട്. ദൈവം പിണങ്ങുന്നത് പാപത്തിന്റെ പേ

രിലാണ്. പാപം അവിടന്ന്വച്ചു പൊറുപ്പിക്കില്ല. പാപത്തിൽനിന്നും നിരന്തരം പിന്തിരിപ്പിക്കുന്ന ദൈവത്തെ കാണാം. അല്ലാത്തപ്പോൾ ദൈവം പ്രേമോപാസകനാണ്

എന്റെ സോദരീ, എന്റെ പ്രിയേ,
എന്റെ മാടപ്പിറാവേ, എന്റെ
പൂർണവതീ, തുറന്നുതരുക.
എന്റെ തല തുഷാരബിന്ദുക്കൾകൊണ്ടും
എന്റെ മുടി മഞ്ഞുതുള്ളികൾ
കൊണ്ടും നനഞ്ഞിരിക്കുന്നു (ഉത്ത 5:2)

ഇങ്ങനെ പാടുന്നത് ദൈവത്തിന്റെ കാല്പനികത തന്നെയാണ്. ഇസ്രയേലിനെ ദാസനായി കാണുന്ന ദൈവം അവരിലൂടെ മഹത്വം പ്രാപിക്കാനാണ് ഇഷ്ടപ്പെടുന്നത്. ഇസ്രയേൽക്കാരുടെ ദൈവം എന്നറിയപ്പെടാനാണ് ആഗ്രഹം. എന്തുകൊണ്ട് ഇസ്രയേൽമാത്രം പ്രിയങ്കരരാകുന്നു. യഹോവയിൽ വിശ്വസിക്കുന്നവർ യേശുവിന്റെ രക്തത്താൽ പുതിയ ഇസ്രയേലാകും.

വിപ്രവാസം അടിമത്വം തന്നെയാണ്. യാക്കോബ് ഒരു പുതിയ കുടുംബം വിപ്രവാസകാലത്ത് പടുത്തുയർത്തുമ്പോഴും അവന്റെ ചേതന പൂർവ്വ കുടുംബത്തിനായി തുടിക്കുന്നു. അപ്പൻ, സഹോദരങ്ങൾ ഇവരിൽ എത്തിച്ചേരാനുള്ള ഹൃദയതാളം. അവന്റെ വേരുകളിലേക്ക് കർത്താവ് അവനെ മടക്കിക്കൊണ്ടുവന്നു. യാക്കോബിന്റെ ഗോത്രങ്ങൾ പിന്നീട് ഉയർത്തപ്പെട്ടത് ചരിത്രം. രക്ഷയുടെ പ്രകാശം അത് ക്രിസ്തുതന്നെയെന്ന് ഏശയ്യ വ്യക്തമാക്കുന്നു.

അപ്പൂപ്പൻ താടി പറക്കുന്നതു കണ്ടിട്ടില്ലേ. കുഞ്ഞിനെ എന്നപോലെ വിത്തിനെ മടിയിൽ വച്ച്. ചിറകുകളില്ല, ആകാശം സ്വന്തമല്ല. എന്നിട്ടും പറക്കുന്നു ഈ വിത്ത് നാളെ എവിടെയെങ്കിലും ഒരു മരമാകും. ഇസ്രയേലിനോടു ദൈവം കാട്ടുന്ന മമതകൾ! സൗഹൃദം അടിസ്ഥാനപരമായി പങ്കാളിത്തമാണ് ˘ എന്ന് അരിസ്റ്റോട്ടിൽ.

യേശുവിനെ കൃത്യമായി അവതരിപ്പിക്കുന്നുണ്ട് സ്നാപകയോഹന്നാൻ. ക്രിസ്തുവിന്റെ അസ്തിത്വത്തെയാണ് വിവരിക്കുന്നത്.

## ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്

യഹൂദർ നൂറ്റാണ്ടുകളായി പാപപരിഹാരത്തിനായ് ആടുകളെ ബലിയർപ്പിച്ചുപോന്നു. യേശുവും ബലിക്കുള്ള ആടാണ്. ഇസ്രയേലിനു വേണ്ടിമാത്രമല്ല; ലോകത്തിനു മുഴുവനായും ഉള്ളവൻ. വെളിപാടിൽ യോഹന്നാൻ യേശുവിനെ ആടായി വിശേഷിപ്പിക്കുന്നുണ്ട് (വെളി. 5:6, 9:12, 7:17). പെസഹാക്കുഞ്ഞാടിനെയാണ് ഉദ്ദേശിക്കുന്നതെന്ന് പണ്ഡിതർ. ആദ്യജാതരെ സംരക്ഷിച്ചതിന്റെ ഓർമ്മയ്ക്കായി ചിന്തുന്നരക്തം. പ്രഭാതത്തിലും സായന്തനത്തിലും ദേവാലയത്തിൽ ബലിയർപ്പിച്ചിരുന്നത് ആടിനെയാണ് (പുറ 29:36-42).

അനേകരുടെ പാപമോചനത്തിനുവേണ്ടി ചിന്തപ്പെടുന്ന കുഞ്ഞാട് എന്ന് ഏശയ്യ (53:7). അബ്രഹാത്തിന് അർപ്പിക്കാൻ കഴിയാതെപോയ പുത്രബലിക്കുപകരം നല്കപ്പെടുന്നതാണ് പുത്രനായ യേശു. പുറപ്പാടിൽ പറയുന്ന പെസഹാക്കുഞ്ഞാടിനെ പാപമോചനത്തിനുവേണ്ടിയുള്ള ബലിയല്ല നല്കുന്നത്; അത് മരണത്തിൽ നിന്ന്, തിന്മയിൽനിന്ന് രക്ഷിക്കാനാണ് അർപ്പിക്കുന്നത്. പിന്നീട് യഹൂദപാരമ്പര്യത്തിൽ കുഞ്ഞാടിന്റെ രക്തത്തിന് വീണ്ടെടുപ്പിന്റെ അർത്ഥം ലഭിച്ചു. ഇസ്രയേലിൽ വിവിധതരത്തിലുള്ള പെസഹാ ആഘോഷങ്ങൾ നടന്നിരുന്നു: സീനായിലെ പെസഹ (സംഖ്യ 9:4-11) കാനായിലെ പെസഹ (ജോഷ്വ 5:10-11) ദൈവാലയ നിർമ്മാണശേഷം സോളമൻ മൂന്ന് വാർഷിക ആഘോഷങ്ങൾ നടത്തി: ഹെസക്കിയായുടെ പെസഹ (2 ദിനവൃത്ത 30)

ജോസിയായുടെ പെസഹ (2 രാജാക്ക 23:21-23)

എസ്രയുടെ പെസഹ (എസ്ര 6:11-22)

1 കൊറി 5:8 ൽ പറയുന്നു: അതിനാൽ അശുദ്ധിയും തിന്മയുമാകുന്ന പഴയ പുളിപ്പുകൊണ്ടല്ല, ആത്മാർത്ഥതയും സത്യവുമാകുന്ന പുളിപ്പില്ലാത്ത അപ്പംകൊണ്ട് നമുക്ക് തിരുനാൾ ആഘോഷിക്കാം. പുളിപ്പില്ലാത്ത ഈ അപ്പം നമുക്ക് കൈമോശം വന്നിരിക്കുന്നു. ആത്മാർത്ഥതയും സത്യവും അസ്തമിച്ചിരിക്കുന്നു. നമ്മുടെ ഭരണാധികാരികൾ നമുക്കായി അധ്വാനിക്കാൻ തയ്യാറല്ല. സത്യം പുളിച്ചുതേട്ടുന്നു. ഭാരതത്തിന്റെ ആത്മാവ് കളങ്കപ്പെടുന്നു. മത അടിസ്ഥാനത്തിൽ വിഭജനം, വർഗീയതയുടെ തേരോട്ടം. ഭരണഘടനയുടെ തലച്ചോർ പിളർക്കപ്പെടുന്നു.

## എന്നെക്കാൾ വലിയവൻ

എളിമപ്പെടുന്ന പ്രവാചകൻ. ആത്മപ്രശംസയില്ല. പിന്നാലെ വരുന്ന യേശുവിനെക്കുറിച്ചാണ് പ്രഭാഷണമെല്ലാം. തനിക്കുമുമ്പേ യേശു ഉണ്ട്. തന്നെക്കാൾ മുമ്പേ ജാതനായവൻ. ഭൂമിയിലെ പ്രായം വച്ചുനോക്കുമ്പോൾ സ്നാപകനാണ് മൂത്തവൻ. യേശുവിന്റെ അനാദികാലത്തെക്കുറിച്ചുള്ള കാര്യം ശരിവയ്ക്കുന്നതാണ് യഹൂദരോടുള്ള യേശുവിന്റെ മറുപടി: അബ്രഹാത്തിനു മുമ്പേ ഞാനുണ്ട് (യോഹ 8:58).

യേശുവിന് നല്കിയ സ്നാനം യോഹന്നാന്റെ ഒരു പരീക്ഷണമായിരുന്നു. സത്യത്തിൽ സ്നാപകയോഹന്നാന് യേശുവിനെ വ്യക്തമായി അറിയില്ല. രക്തബന്ധത്തിന്റെ കാര്യമല്ല, ദൈവപുത്രനാണോ എന്ന കാര്യം. സ്നാനമായിരുന്നു തിരിച്ചറിവിന്റെ അടയാളം. ആത്മാവ് ഇറങ്ങിവരുന്നത് ആരുടെ മേലാണ് അയാളാണ് ദൈവപുത്രൻ. ആത്മാവ് പ്രാവായിത്തന്നെ വന്നിരിക്കാനിടയില്ല. അതൊരു മേഘത്തുണ്ടാകാം. അശരീരിയായ ആത്മാവ് പ്രാവിന്റെ രൂപത്തിൽ കാണപ്പെട്ടു എന്നതത്രേ.

യേശു ദൈവപുത്രനാണെന്ന് യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നതായി പറയുന്നു. എന്താണ് ആ സാക്ഷ്യം? യേശുവിന്റെ ജ്ഞാനസ്നാനം! സ്നാനം സ്വീകരിച്ചവർക്കെല്ലാം പരിശുദ്ധാത്മാവ് ഇറങ്ങിവന്നില്ല. അത് യേശുവിലാണ് ആവസിച്ചത്.

## കടത്തുവഞ്ചിക്കാരൻ

തടാകക്കരയിൽ ചെറുപ്പം മുതൽ കടത്തുകാരനായി കഴിഞ്ഞ ഒരു വയോധികന് എന്താണ് പറയാനുള്ളത്. ഉമർ അക്ബർ എന്ന വള്ളക്കാരൻ ദാൽതടാകത്തിലെ കടത്തുകാരനാണ്. ദാൽതടാകത്തിനു ചുറ്റുമാണ് ശ്രീനഗർ നിലകൊള്ളുന്നത്. ശ്രീനഗറിന്റെ ജീവനസംസ്കൃതിയിൽ, ഈ തടാകത്തിന്റെ ജലഹൃദയമുണ്ട്. ഉമർ തടാകത്തെക്കുറിച്ചു പറഞ്ഞു: പതിനെട്ടു ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ള തടാകം. പരമ്പരാഗതമായ മത്സ്യബന്ധനം നടക്കുന്നുണ്ട്. മഹാസരിത് എന്നൊരു പൗരാണിക നാമം ഇതിനുണ്ട്. ശതധാര എന്നൊരു അരുവിയും ഇവിടെനിന്ന് ഉറവയെടുക്കുന്നുണ്ട്. സബർവാൻ പർവതസാനുക്കളിൽ നിന്നുള്ള ചില സ്രോതസ്സുകൾ ഈ മഹാസരിത്തിലേക്ക് ഒഴുകിയെത്തുന്നു. ശ്രീനഗറിലെ ഒട്ടേറെ സാധാരണക്കാരുടെ ജീവിതം ദാൽതടാകത്തിലെ ഓളങ്ങൾക്കൊപ്പം അലകൊള്ളുന്നു. നന്നേ ചെറുപ്പത്തിൽ, തടാകത്തിൽ വള്ളം തുഴയാൻ എത്തിയതാണ്. പത്തുവയസ്സുള്ളപ്പോൾ

തുടങ്ങി ഇതാ അമ്പതുവർഷങ്ങൾ ഈ വെള്ളത്തിന്റെ നനവിനും ഗന്ധത്തിനുമൊപ്പം പിന്നിട്ടിരിക്കുന്നു. പലപ്പോഴും സൈനിക നീക്കങ്ങൾ നടന്നിരുന്നു. കലാപങ്ങളും സംഘർഷങ്ങളും തണുത്ത ഈ ഭൂമിയെ ചൂടുപിടിപ്പിച്ചു. സഞ്ചാരികളൊഴിഞ്ഞ ദാൽതടാകം ശ്മശാനഭൂമി പോലെത്തോന്നും. കിളികൾപോലും പറക്കാത്ത ദിനങ്ങൾ, ഒഴിഞ്ഞു കിടക്കുന്ന ഹൗസ് ബോട്ടുകൾ, വാങ്ങാനാളില്ലാതെ പച്ചക്കറിവള്ളങ്ങൾ. സ്നേഹിതാ, കലഹങ്ങളിലൂടെ ആര് എന്താണ് നേടുന്നത്.

വിത്തിലൂടെ തന്നെത്തന്നെ കൊടുത്തുകൊണ്ടേയിരിക്കും മരം, ഒരു വിത്തും പാഴാക്കരുതെന്നാണ് മരം ആഗ്രഹിക്കുന്നത്. പരിശുദ്ധാത്മാവിന്റെ കൃപ സ്വീകരിക്കുന്നവർ ചിറകുമുളച്ചവരെപ്പോലെയാണ്. അവൻ പറക്കണം, സ്നേഹത്തിന്റെ സുവിശേഷ ഇടങ്ങളിലേക്ക്. ജീവന്റെ തുടിപ്പുകൾ നഷ്ടപ്പെട്ടിടത്ത് ജീവൻ നല്കാൻ. ഇരുൾ താഴ്‌വരകളിലെ വെളിച്ചമാകാൻ.

ഒരു യുവ വ്യക്തിയാൽ താൻ എന്താണ് കാണുന്നതെന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു. അവന്റെ അല്ലെങ്കിൽ അവളുടെ സ്വന്തം പാത തേടുന്ന ഒരാളെ, അവരുടെ രണ്ടു കാലുകളിൽ പറക്കാൻ ആഗ്രഹിക്കുന്ന ഒരാളെ, ലോകത്തെ അഭിമുഖീകരിക്കുകയും ഭൂമിയുടെ ചക്രവാളങ്ങളെ പ്രത്യാശയും വ്യാമോഹവും നിറഞ്ഞ കണ്ണുകളോടുകൂടി നോക്കുകയും ചെയ്യുന്ന ഒരാളെ ഞാൻ കാണുന്നു.... ഒരു ആഫ്രിക്കൻ പഴമൊഴി ഇതാണ് നിങ്ങൾ വേഗത്തിൽ പോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഒറ്റയ്ക്കു പോകുക. നിങ്ങൾ ദൂരെ പോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഒന്നിച്ചുപോകുക. ക്രിസ്തുവിന്റെ ദൗത്യങ്ങൾ നിർവഹിക്കുവാൻ ഇനിയുമേറെയുണ്ട്. അരക്ഷിതമായ ഈ കാലഘട്ടത്തിൽ വെല്ലുവിളികൾ പുതിയതാണ്. കാലം സമർപ്പിതരെ തേടുന്നു. പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കാൻ തയ്യാറായവരെ. ഒരു മൈൽ കൂടെ നടക്കാൻ ആവശ്യപ്പെടുന്നവനോടൊപ്പം രണ്ടുമൈൽ ദൂരം നടക്കാൻ. ■

# ഇനി നീ അലയേണ്ട, അരികിൽ നീ അണഞ്ഞീടു

**ആണ്ടുവട്ടം 3-ാം ഞായർ (ജനു. 28)** ഏശ. 9: 1-4, 1 കൊറി. 1: 10-13, 17, മത്താ. 4:12-23

**ഫാ. വിക്ടർ എവരിസ്റ്റസ്** IVDei

യേശുവിന്റെ ജനനവും (1:1 -2:23) പരസ്യജീവിതത്തിനുള്ള തയ്യാറെടുപ്പും (3:1-4:11) കഴിഞ്ഞുള്ള അവന്റെ പ്രവർത്തനത്തിന്റെ തുടക്കമാണ്. ഈ ഭാഗം (4:12-22). അതായത് സ്നാപകനിൽ നിന്നുള്ള സ്നാനവും (3:13-17) മരുഭൂമിയിലെ പരീക്ഷണവും (4:1-11) കഴിഞ്ഞാണ് യേശു ദൗത്യം ആരംഭിക്കുന്നതെന്ന് സാരം.

നസറത്തിൽ താമസമാക്കുന്ന യേശു പ്രഘോഷണം ആരംഭിക്കുന്നതും (4:12-17) ആദ്യ ശിഷ്യരെ വിളിക്കുന്നതുമാണ് പ്രമേയം (4:18-22).

ഹോളണ്ടിലെ ഒരു മത്സ്യബന്ധന ഗ്രാമം. കടലിന് ഭ്രാന്ത് പിടിച്ച ഒരു രാത്രി. ഉൾക്കടലിൽ തിരകൾ തട്ടി ഒരു മത്സ്യബന്ധന ബോട്ട് മറിഞ്ഞു. അപകടത്തിൽപ്പെട്ട ബോട്ട് ജോലിക്കാർ തീരത്തേക്ക് രക്ഷാ സന്ദേശം അയച്ചു. (SOS) കരയിലെ രക്ഷാ ബോട്ടിന്റെ തലവൻ സന്നദ്ധ പ്രവർത്തകരുമായി ഉറഞ്ഞു തുള്ളുന്ന തിരമാലകളെ വകഞ്ഞുമറ്റി അപകടം നടന്ന ദിക്കിലേക്ക് പാഞ്ഞു. റാന്തൽ വിളക്കുകൾ തൂക്കി ഗ്രാമീണർ കരയിൽ കാത്തിരുന്നു. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ കനത്ത മൂടൽ മഞ്ഞിനിടയിലൂടെ രക്ഷാബോട്ടിനെ കാണാനായി. സന്തോഷത്തോടെ കരയിൽ കാത്തിരുന്ന ജനങ്ങൾ അവരെ വരവേറ്റു. രക്ഷാ പ്രവർത്തകർ തീർത്തും അവശരായി മണലിൽ വീണു കിടക്കുകയായിരുന്നു. അതിനിടയിൽ ക്യാപ്റ്റൻ പറഞ്ഞു. ഒരാൾ കൂടി കടലിലുണ്ട്. അയാളെ കയറ്റിയിരുന്നുവെങ്കിൽ ബോട്ട് മുങ്ങിപോകുമായിരുന്നു. അതുകൊണ്ട് മറ്റൊരു സംഘം ഉടനെ കടലിലേക്ക് പോകണമെന്ന് ക്യാപ്റ്റൻ അലമുറയിട്ടു പറഞ്ഞു.

ആരുപോകുമെന്ന് എല്ലാവരും തമ്മിൽ തമ്മിൽ നോക്കുമ്പോൾ പതിനാറ് വയസ്സുള്ള ഹാൻസ് എന്ന കുട്ടി രക്ഷാ പ്രവർത്തനത്തിന് പോകാൻ മുന്നോട്ടു വന്നു. ഉടനെ അവന്റെ അമ്മ അവനെ തടഞ്ഞിട്ട് പറഞ്ഞു: മകനെ ദയവായി നീ പോകരുത്. പത്തു വർഷം മുമ്പ് നിന്റെ അപ്പൻ മരിച്ചത് ഒരു കപ്പൽ അപകടത്തിലാണ്. രണ്ടാഴ്ച മുമ്പ് നിന്റെ ചേട്ടൻ ഹോളിനേയും കടലിൽ കാണാതായി. ഇനി നീ മാത്രമാണ് എനിക്ക് തുണ.

ഹാൻസ് പറഞ്ഞു: അമ്മേ, എനിക്ക് പോകേണ്ടിയിരിക്കുന്നു. - എല്ലാവരും പറയുന്നത് എനിക്ക് പോകാൻ സാധ്യമല്ല, മറ്റാരെങ്കിലും പോകട്ടെ എന്നാണെങ്കിലോ? ഹാൻസ് അവന്റെ അമ്മയുടെ കൈയ്യിൽ ചുംബിച്ചു. സന്നദ്ധ സേവകരുടെ കൂടെ കടലിൽ അപ്രത്യക്ഷമായി.

സുവിശേഷത്തിൽ ക്രിസ്തുവിന്റെ ആദ്യ നാല് ശിഷ്യന്മാരെ കാണുന്നു. കടലോരത്ത് അവർ മത്രമല്ല വേറെ പലരും വഞ്ചിയിറക്കിയും വല നന്നാക്കിയും തീരത്തിരുന്നു. പക്ഷേ ക്രിസ്തുവിന്റെ വിളിയിൽ എല്ലാം ഉപേക്ഷിച്ചു അവർ പിറകേ ചെന്നു. ക്രിസ്തു ആ തീരത്തു നിന്ന് മറ്റു പലരേയും വിളിച്ചിട്ടുണ്ടാകും പക്ഷേ, സുവിശേഷത്തിൽ ഇടം പിടിച്ചത് വിളി കേട്ടവരുടെ പേരു മാത്രമാണ്.

ഒരു മണിക്കൂർ കടന്നുപോയി. അവസാനം മൂടൽ മഞ്ഞ് തുളച്ചുകൊണ്ട് ഒരു അസ്ത്രം പോലെ രക്ഷാ ബോട്ട് കുതിച്ചെത്തി. ബോട്ടിന്റെ അണിയിൽ തന്നെ തല ഉയർത്തിപിടിച്ച് ഹാൻസ് നിൽപുണ്ടായിരുന്നു. കൈകൊണ്ട് ആംഗ്യം കാണിച്ചു ക്യാപ്റ്റൻ വിളിച്ചു ചോദിച്ചു. നഷ്ടപ്പെട്ടുപോയ ആളെ രക്ഷിച്ചോ! സ്വയം നിയന്ത്രിക്കാനാവാതെ കരഞ്ഞുകൊണ്ട് ഉറക്കെ വിളിച്ചു പറഞ്ഞു; അതെ ഞങ്ങൾക്ക് അദ്ദേഹത്തെ കിട്ടി. എന്റെ അമ്മയോടു പറയൂ അതെന്റെ ചേട്ടൻ പോളാണെന്ന്.

സുവിശേഷത്തിൽ ക്രിസ്തുവിന്റെ ആദ്യ നാല് ശിഷ്യന്മാരെ കാണുന്നു. കടലോരത്ത് അവർ മത്രമല്ല വേറെ പലരും വഞ്ചിയിറക്കിയും വല നന്നാക്കിയും തീരത്തിരുന്നു. പക്ഷേ ക്രിസ്തുവിന്റെ വിളിയിൽ എല്ലാം ഉപേക്ഷിച്ചു അവർ പിറകേ ചെന്നു. ക്രിസ്തു ആ തീരത്തു നിന്ന് മറ്റു പലരേയും വിളിച്ചിട്ടുണ്ടാകും പക്ഷേ, സുവിശേഷത്തിൽ ഇടം പിടിച്ചത് വിളി കേട്ടവരുടെ പേരു മാത്രമാണ്. സുവിശേഷത്തിലും ചരിത്രത്തിലും ഇടം പിടിക്കുന്നത് രക്ഷപ്പെടുന്നവരുടെ പേരുകളാണ്.

മൊളോക്കോയിലെ കുഷ്ഠരോഗികൾക്കിടയിൽ ജീവിച്ചു മരിച്ച വിശുദ്ധ ഡാമിയനെക്കുറിച്ച് സാഹിത്യകാരൻ ആർ. എൽ.സ്റ്റിവൻസൺ ഇങ്ങനെ എഴുതി. നാം തോറ്റിടത്ത് മറ്റൊരാൾ ജയിച്ചിരിക്കുന്നു. നാം നോക്കി നിന്നിടത്ത് മറ്റൊരാൾ കയറിച്ചെന്നിരിക്കുന്നു. മനോഹരമായ മണിമാളികയിൽ ഉണ്ടുറങ്ങി നാം തടിച്ച് ചീർത്തപ്പോൾ മറ്റൊരാൾ എല്ലാമിട്ടെറിഞ്ഞ് പോരാടുന്നു.

വസന്തവേളയിൽ ഫലഭൂയിഷ്ഠമായ മണ്ണിൽ രണ്ടു വിത്തുകൾ അടുത്തടുത്ത് കിടന്നു. ആദ്യത്തെ വിത്ത് ഉടനെ പറഞ്ഞു. എനിക്കു വളരണം. എന്റെ വേരുകൾ ഭൂമിക്കടിയിലേക്ക് ആഴത്തിൽ ഇറങ്ങണം. ഈ മണ്ണിന്റെ തോട് പൊട്ടിച്ച് എനിക്ക് ആകാശത്തേക്ക് വളരണം. സൂര്യനെ കാണണം. ആ വിത്ത് അങ്ങനെ വളർന്നു.

രണ്ടാമത്തെ വിത്ത് ഇങ്ങനെ പറഞ്ഞു. എനിക്ക് പേടിയാവുന്നു. മണ്ണിനടിയിലേക്ക് ഇരുട്ടിൽ എന്തൊക്കെയാണുണ്ടാവുക. മണ്ണിന്റെ ആവരണം പൊട്ടിച്ചാൽ എന്റെ ഇളം നാമ്പുകൾ മുറിഞ്ഞുപോവില്ലേ. എന്റെ ഇലകൾ ഒച്ചു വന്നു തിന്നുകയില്ലേ? എന്റെ പുഷ്പങ്ങൾ വിരിയുമ്പോൾ കൊച്ചുകുട്ടികൾ അതു പറിച്ചെടുക്കില്ലേ? വേണ്ട. എല്ലാം ഭദ്രമാകും വരെ ഞാൻ ഇങ്ങനെ കിടക്കും. ആ വിത്ത് അങ്ങനെ കാത്ത് കിടന്നു. പറമ്പിൽ കൂടി നടന്നു വന്ന ഒരു പിടക്കോഴി രണ്ടാമത്തെ വിത്തിനെ ആഹാരമാക്കി. തുനിഞ്ഞിറങ്ങി വളരാൻ മടികാട്ടുന്ന നമ്മളിൽ ചിലരെ ജീവിതം വെറുതെയങ്ങു വിഴുങ്ങിക്കളയും. ■

# ആധികാരികമായ സഭാചരിത്രം പുറത്തു വരണം: ബിഷപ്പ് ഡോ.അലക്സ് വടക്കുംതല



ആലുവ: കേരള കത്തോലിക്കാ സഭയുടെ ചരിത്രമായി പുറത്തു വന്നിട്ടുള്ള പ്രസിദ്ധീകരണങ്ങളിലും ഡിജിറ്റൽ മാധ്യമങ്ങളിലും വരുന്ന വാർത്തകൾ പലതിനും വേണ്ടത്ര ആധികാരികത ഇല്ലാതെ പോകുകയോ, സത്യം തമസ്കരിക്കപ്പെടുകയോ ചെയ്യുന്നുണ്ടെന്നും, റോമൻ കത്തോലിക്കാ സഭാംഗങ്ങൾ ഇക്കാര്യങ്ങളിൽ കൂടുതൽ ജാഗരൂകരായിരിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യത ആണെന്നും കേരള റീജിയൻ ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി ഹെറിറ്റേജ് കമ്മീഷൻ ചെയർമാനും കണ്ണൂർ രൂപത അധ്യക്ഷനുമായ റൈറ്റ് റവ. ഡോ.അലക്സ് വടക്കുംതല അഭിപ്രായപ്പെട്ടു. കേരള കത്തോലിക്കാ സഭയുടെ പ്രകാശമാനമായ ഇന്നലെകൾ രേഖപ്പെടുത്തപ്പെട്ടപ്പോൾ അസത്യങ്ങളും അർദ്ധ സത്യങ്ങളും പലയിടത്തും കടന്നു കൂടിയിട്ടുള്ളത് സഭാംഗങ്ങൾ ചൂണ്ടിക്കാണിക്കുന്ന പ്രവണത വർധിച്ചു വരുന്നത് ആശാവഹമാണെന്നും, അല്മായർ ഉൾപ്പെടെയുള്ളവർ സഭ ചരിത്രം പഠിക്കുന്നതിനും മുൻകാല തെറ്റുകൾ തിരുത്തുന്നതിനും കർമ്മനിരതരാകുന്നത് പ്രോത്സാഹിപ്പിക്കപ്പെടണമെന്നും അദ്ദേഹം പറഞ്ഞു. കെആർഎൽസിബിസി ഹെറിറ്റേജ് കമ്മീഷൻ, കേരള ലാറ്റിൻ കാത്തലിക് ഹിസ്റ്ററി അസോസിയേഷൻ, ജോൺ ഓച്ചന്തുരുത്ത് മെമ്മോറിയൽ അക്കാദമി ഓഫ് ഹിസ്റ്ററി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ആലുവ കാർമ്മൽഗിരി സെമിനാരി ഓഡിറ്റോറിയത്തിൽ ചേർന്ന ചരിത്ര സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കെആർഎൽസിബിസി ഹെറിറ്റേജ് കമ്മീഷൻ സെക്രട്ടറി റവ.ഡോ.ആന്റണി പാട്ടപ്പറമ്പിൽ വിഷയാവതരണം നടത്തി. അസ്സോസിയേറ്റ് സെക്രട്ടറി മാത്തച്ചൻ അറയ്ക്കൽ ഇതുവരെയുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. കെഎൽസിഎച്ച്എ പ്രസിഡന്റ് മുൻ എം പി ഡോ. ചാൾസ് ഡയസ്, കെആർഎൽസിസി സെക്രട്ടറി ജനറൽ റവ ഫാ. തോമസ് തറയിൽ, കെആർഎൽസിസി അസ്സോസിയേറ്റ് ജനറൽ സെക്രട്ടറി റവ. ഡോ. ജിജു അറക്കത്തറ, കെഎൽസിഎച്ച്എ ഡയറക്ടർ റവ.ഫാ.റോക്കി റോബി കളത്തിൽ, ജനറൽ സെക്രട്ടറി ഡോ.ഗ്രിഗറി പോൾ, ആന്റണി പുത്തൂർ, ജസ്റ്റിൻ ബ്രൂസ്, ജോസഫ് മാനിഷാദ്, ജോർജ് എഡിസൺ, ഡോ.സൈമൺ കൂമ്പയിൽ, മാർഷൽ ഫ്രാങ്ക്, ആന്റണി ചടയമ്മുറി, ജോബി തോമസ്, ഫാ.മാത്യു പുതിയാത്ത്, ഫാ.ആന്റണി അറയ്ക്കൽ, ജെയ്സൺ ആദപ്പിള്ളി തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു. കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന് ആധികാരിക ചരിത്രശേഖരണം, ഡിജിറ്റൽ വെബ്സൈറ്റ് പരിപാലനം, രേഖകളുടെ പരിഭാഷ, എഴുത്തുകാരുടെ കൂട്ടായ്മ, പുസ്തക വിതരണം, വിഭവ സമാഹരണം എന്നിങ്ങനെ ആറു സമിതികൾ രൂപീകരിച്ചു. കേരളത്തിലെ റോമൻ കത്തോലിക്കാ രൂപതകളിൽ നിന്ന് ക്ഷണിക്കപ്പെട്ട 50 പേർ യോഗത്തിൽ പങ്കെടുത്തു.

Madonna™ ELECTRONICS
Since 1987
ISO 9001-2008 COMPANY




## പഞ്ചാബ് ബുംഗാ മൗണ്ട് കാർമൽ സ്കൂളിലെ സ്റ്റേജ് കർട്ടൻ പൾസേറ്റർ ഓട്ടോമേഷൻ സംവിധാനത്തിൽ !

പഞ്ചാബ് ഹോസിയാപൂർ ജില്ലയിലെ ബുംഗാ മൗണ്ട് കാർമൽ സ്കൂളിലെ 80 അടി നീളമുള്ള രണ്ട് സ്റ്റേജ് കർട്ടനുകൾ **PULSATOR** കർട്ടൻ ഓട്ടോമേഷൻ സംവിധാനത്തിൽ പ്രവർത്തിക്കുന്നു. കേരളത്തിലെ 14 ജില്ലകളിലും ഭാരതത്തിൽ 20 സംസ്ഥാനങ്ങളിലുമായി ഇപ്പോൾ 600-ൽപരം പള്ളിമണികളും **PULSATOR** സംവിധാനത്തിൽ ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്നുണ്ട്.

**PULSATOR:** നിലവിലുള്ള പള്ളിമണികൾ ഓട്ടോമാറ്റിക്കായും മാനുവലായും റിമോട്ട് ഉപയോഗിച്ചും അടിപ്പിക്കുന്ന സംവിധാനം.

**CHANT:** പള്ളികളിലെ നിലവിലുള്ള ആംപ്ലിഫയറിലൂടെ പള്ളിമണി ശബ്ദങ്ങൾ, പ്രാർത്ഥനകൾ, ഗാനങ്ങൾ എന്നിവ ഓട്ടോമാറ്റിക്കായും മാനുവലായും റിമോട്ട് ഉപയോഗിച്ചും പ്രവർത്തിക്കുന്ന സംവിധാനം.

**ALTAR CURTAIN AUTOMATION :** നിലവിലുള്ള അൾത്താര കർട്ടൻ (തിരുശ്ശീല) മാനുവലായും റിമോട്ടുപയോഗിച്ചും മാറ്റുന്ന ഓട്ടോമാറ്റിക് സംവിധാനം.

**MADONNA CHURCH BELLS :** യൂറോപ്യൻ ഗുണനിലവാരവും ആകൃതിയുമുള്ള പള്ളിമണികൾ നിർമിച്ചുനൽകുന്നു.

**SCHOOL BELL AUTOMATION:** നിലവിലുള്ള സ്കൂൾ ബെല്ലുകൾ ഓട്ടോമാറ്റിക്കായി അടിപ്പിക്കുന്ന സംവിധാനം.

**THURICOAL :** കരിയും തീയും നിലനിർത്തിക്കൊണ്ട് ധൂപാർച്ചനയിൽ ഓട്ടോമേഷൻ.

**HOLY WATER TOUCHLESS:** കരസ്പർശമില്ലാതെ ഹോളിവാട്ടർ ഓട്ടോമാറ്റിക്കായി കിട്ടുന്ന സംവിധാനം.

**Call: Felix Madonna - 98953 99881, 98952 98951**
Watch Pulsator channel in Youtube or visit: www.madonnapulsator.com

Pulsator® Patent
The Church Bell Ringer
ISO 9001-2008 Certified Company

MSME
सूक्ष्म, लघु एवं मध्यम उद्यम
MICRO, SMALL & MEDIUM ENTERPRISES
MAKE IN INDIA

Madonna Electronics
Madonna Building,
South Chittoor, Cochin - 682 027.
Kerala, India.
felixmadonna@gmail.com

## വചനജ്വാല

2024 ഫെബ്രുവരി മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# പ്രത്യാശയോടെ കാത്തിരിക്കാം

1. **പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം**
2. **സ്വാഗതം: കുടുംബനാഥൻ/ കുടുംബനാഥ**
3. **ആമുഖം**

ശിമയോൻ ദീർഘദർശി കണ്ട സകല ജനതകൾക്കുംവേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന രക്ഷയായ ക്രിസ്തുവിനെ അപരരിൽ കണ്ടുമുട്ടുവാനാണ് നാം ഈ ഭവനത്തിൽ ആയിരിക്കുന്നത്. ബെത്‌ലഹേമിലെ പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയേശുവിന്റെ ഹൃദയ നൈർമ്മല്യവും തിരുക്കുടുംബത്തിന്റെ ധ്യാനാത്മകതയും നമ്മുടെ കുടുംബങ്ങളിൽ തിളങ്ങി വിളങ്ങട്ടെ. വിജാതീയർക്കു വെളിപാടിന്റെ പ്രകാശമായവനും ഇസ്രായേലിന്റ മഹത്വവുമായവനെ ദർശിക്കുവാൻ നമ്മുടെ ഹൃദയങ്ങളെയും മനസ്സുകളെയും പാകമാക്കാം. ഈ ക്രിസ്തുമസ്സ് ഒരു ഓർമ്മയും അനുഭവവുമായിരിക്കണമേയെന്ന് നമുക്ക് പ്രാർഥിക്കാം.

4. **യേശുവിനെ ക്ഷണിക്കൽ**
5. **ദൈവവചന പാരായണം:**
   ***ലൂക്ക 2: 22-32***
6. **വചനഭാഗം പങ്കുവയ്ക്കൽ**
7. **നിശബ്ദധ്യാനം**

8. **വചനാനുഭവം പങ്കുവയ്ക്കൽ**
9. **വചനവിചിന്തനം**

നൽകിയിരിക്കുന്ന വചനഭാഗത്തെക്കുറിച്ച് ധ്യനിക്കുമ്പോൾ, മോശയുടെ നിയമപ്രകാരം തിരുക്കുടുംബം ദൈവലായത്തിലാണ്. പഴയ നിയമപ്രകാരം പ്രസവാനന്തരം ഒരു സ്ത്രീ നാൽപതു ദിവസം അശുദ്ധയായി കണക്കാക്കിയിരുന്നു. പിന്നീട് അവൾ ശുദ്ധയായിത്തീരുന്നത് പ്രമാണങ്ങളിൽ അനുശാസിക്കുന്നത് നിറവേറ്റുമ്പോഴാണ്. ഈ ക്രിസ്തുമസ്സിൽ ധ്യാനിക്കാൻ രണ്ട് ചിന്തകൾ പങ്കുവയ്ക്കുന്നു.

ഒന്ന്, പരിശുദ്ധ മറിയത്തിന്റെ ശുദ്ധീകരണം മാത്രമല്ല; ദൈവാലയത്തിന്റെ പ്രതിഷ്ഠിക്കപ്പെടേണ്ടവന്റെ ആദ്യ സന്ദർശനം കൂടിയാണ് അവിടെ സംഭവിക്കുന്നത്.

ദൈവാലയം. ശുദ്ധീകരണത്തിന്റെ ഇടവും ക്രിസ്തുപ്രതിഷ്ഠയുടെ ആലയവുമായി മാറുകയാണിവിടെ.

രണ്ട്, വൃദ്ധനായ ശിമയോന്റെ കാലങ്ങളായുള്ള കാത്തിരിപ്പിന്റെ സമ്മാനമാണ് ഉണ്ണിയേശു. ക്രിസ്തുവിനായുള്ള ക്ഷമയോടുള്ള കാത്തിരിപ്പ് ഒന്നുംതന്നെ ഒരിക്കലും പാഴാവില്ല എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ദീർഘദർശിയായ ശിമയോൻ.

കാത്തിരിക്കാൻ ആരെങ്കിലും ഉണ്ടായിരിക്കുക, പ്രത്യാശിക്കാൻ എന്തെങ്കിലും ഉണ്ടായിരിക്കുക, സ്നേഹിക്കാൻ ആരെങ്കിലും ഉണ്ടാവുക ഇതൊക്കെയാണ് ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന ചിന്തകൾ. ഫുൾട്ടൻ ജെ. ഷീൻ പറയുന്നുണ്ട്:

ക്ഷമയോടുള്ള കാത്തിരിപ്പ് പ്രവർത്തനങ്ങളുടെ അഭാവമല്ല; കൃത്യസമയത്ത് സാധ്യമാകുന്നൊരു മൂല്യമാണ്. ക്രിസ്തുവിന്റെ വരവിനായി ഹൃദയക്കൂടൊരുക്കി ക്ഷമാപൂർവ്വം കാത്തിരിക്കാൻ വരം നൽകണമേയെന്ന് യാചിക്കാം.

10. **ദൗത്യമേറ്റെടുക്കൽ**
11. **സ്വയം പ്രേരിതപ്രാർഥന**
12. **കർത്തൃപ്രാർഥന**
13. **സമാപനപ്രാർഥന**

**രണ്ടാം ഭാഗം**

1. **റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)**
2. **വരവ് ചെലവ് കണക്ക് അവതരണം**
3. **ശുശ്രൂഷാ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവതരണം**

(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)

4. **ചർച്ചയും പങ്കുവയ്ക്കലും**
5. **ഹാജർ**
6. **രഹസ്യപ്പിരിവ്**
7. **അറിയിപ്പുകൾ**
8. **നന്ദി**
9. **സമാപനഗീതം**

*തയ്യാറാക്കിയത്*
**കഴക്കൂട്ടം ഫെറോന,**
**ബി.സി.സി.കമ്മിഷൻ**




പൗരോഹിത്യ സ്വീകരണ വാർഷികവും ജന്മദിനവും
ആഘോഷിക്കുന്ന തോമസ് നെറ്റോ പിതാവിനും
പൗരോഹിത്യ സ്വീകരണ ജൂബിലി ആഘോഷിച്ച
ക്രിസ്തുദാസ് പിതാവിനും പ്രാർത്ഥന ആശംസകൾ...
- ശ്രീ. ജസ്റ്റിൻ -

SCORPION FINANCE
81/841, Kambikkakom, 81, Valiyaveli, Valiyaveli P.O - Thiruvananthapuram 695021

നേർക്കാഴ്ച

ജെ.സി.

# വിഴിഞ്ഞം ജനകീയസമിതി നടത്തിയ പഠനം ചില ഉൾക്കാഴ്ചകൾ

"വിഴിഞ്ഞം തുറമുഖ നിർമ്മാണം മൂലം തിരുവനന്തപുരം ജില്ലയിലെ കടൽത്തീരത്തും തീരക്കടലിലും ജൈവ വൈവിധ്യത്തിന് വിനാശകരമായ പ്രത്യാഘാതം ഉണ്ടാക്കുന്നു. തീരക്കടലിലെ പാറുകളിലെ സങ്കീർണമായ ആവാസ വ്യവസ്ഥയിലെ ജീവജാലങ്ങൾക്ക് നാശനഷ്ടം സംഭവിക്കുന്നു. തലമുറകളായി കടലിനെ ആശ്രയിച്ചുകഴിയുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവന മാർഗം ഇല്ലാതായി അവരുടെ സാംസ്കാരിക പൈകൃതവും നിലനിൽപ്പും കടലുമായുള്ള ബന്ധവും നശിപ്പിക്കപ്പെട്ടു. ഈ



മേഖലയിലെ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമായ കോവളം ബീച്ചിന്റെ മനോഹാരിത അപ്പാടെ തകർക്കുന്നതാണ് വിഴിഞ്ഞത്തെ നിർമിതികൾ.'' വിഴിഞ്ഞം തുറമുഖ പദ്ധതി സംബന്ധിച്ച് വിഴിഞ്ഞം ജനകീയ സമിതി നടത്തിയ പഠന റിപ്പോർട്ടിന്റെ കാതൽ. തീരസുസ്ഥിരത, ജൈവ വൈവിധ്യം, അതിവിശിഷ്ടപ്രകൃതി സൗന്ദര്യമേഖല മത്സ്യബന്ധന തുറമുഖത്തിനുണ്ടാകുന്ന ആഘാതം, ഡ്രെഡ്ജിംഗിന്റെ അപര്യാപ്ത, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം എന്നിവയെ സംബന്ധിച്ച ഡേറ്റയിൽ കൃത്രിമം കാണിച്ചും പലതും മറച്ചുവച്ചും വളച്ചൊടിച്ചുമാണ് സർക്കാർ (വിസിൽ) വിശദപഠന രേഖയും പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടും തയ്യാറാക്കിയതെന്ന് ജനകീയസമിതി റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. തീരത്തിനും കടലിന്റെ ആവാസവ്യവസ്ഥയ്ക്കും സമുദ്ര ജൈവ വൈവിധ്യത്തിനും വൻതോതിൽ നാശം വരുത്തുന്നതും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവനോപാധിയെയും തൊഴിലിടത്തെയും സാംസ്കാരിക ഭൂമികയെയും ബാധിക്കുന്നതുമാണ് വിഴിഞ്ഞം തുറമുഖപദ്ധതി.

മത്സ്യത്തൊഴിലാളികൾക്ക് സമൂഹത്തിൽ വിഴിഞ്ഞം തുറമുഖ നിർമ്മാണം നിമിത്തം ഭീമമായ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. പരമ്പരാഗത മീൻപിടുത്ത മേഖലയ്ക്ക് ഏറെ പ്രാധാന്യമുള്ള എട്ടുചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പ്രദേശം നഷ്ടപ്പെട്ടു. ഉപജീവനമാർഗം നഷ്ടപ്പെട്ടവർക്ക് നൽകിയ നഷ്ടപരിഹാരം അപര്യാപ്തമാണ്. മത്സ്യമേഖലയിലെ തൊഴിൽ നഷ്ടം തീരദേശത്തെ സ്ത്രീകളെയും സാരമായി ബാധിച്ചു. പുറത്ത് വീട്ടുജോലിക്കും മറ്റും പോകേണ്ട അവസ്ഥയാണവർക്ക്. കമ്പവല (കരമടി) വിഴിഞ്ഞത്തിന് വടക്കായി എട്ടുഗ്രാമങ്ങളിൽ നൂറിലേറെ ഉണ്ടായിരുന്നു. തീരശോഷണം മൂലം ഇനി വല വലിക്കാനാവില്ല. 3000 മത്സ്യത്തൊഴിലാളികളുടെ ജീവനോപാധിയാണിത്. തീരശോഷണം മൂലം തിരുവനന്തപുരം ജില്ലയിലെ കളിക്കളങ്ങൾ നഷ്ടമായിരിക്കുകയാണ്. സന്തോഷ്ട്രോഫി ഫുട്ബോൾ ടീമിലെ പ്രഗത്ഭരായ താരങ്ങളെ സൃഷ്ടിച്ച ഭൂമിയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. വിഴിഞ്ഞം തുറമുഖ നിർമാണം തുടങ്ങിയതിനുശേഷം 289 വീടുകൾ തകർന്നിട്ടുണ്ട്.

ജനകീയ പഠന സമഗ്ര റിപ്പോർട്ട് ലോകമത്സ്യത്തൊഴിലാളിദിനമായ നവം.21 ന് പ്രമുഖ ചരിത്രകാരനും എഴുത്തുകാരനും പരിസ്ഥിതി പണ്ഡിതനുമായ രാമചന്ദ്ര ഗുഹ പ്രകാശനം ചെയ്ത് നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി: "വിഴിഞ്ഞം തുറമുഖം കാലാവസ്ഥ വ്യവസ്ഥയെയും തീരത്തിന്റെ നിലനിൽപ്പിനെയും സാരമായി ആഘാതം സൃഷ്ടിക്കുമെന്നും അതുവഴി തീരജനതയുടെ സാമൂഹിക മേഖലകളെ തകർക്കുകയും അവരുടെ നിലനിൽപ്പിന് ഭീഷണിയായി തീരുകയും ചെയ്യുന്ന ഒന്നാണെന്നും അദ്ദേഹം പറഞ്ഞു. ജനങ്ങളുടെ അഭിപ്രായം തേടാതെ നടപ്പാക്കിയ പദ്ധതിയാണിതെന്ന് പഠന റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്. ആവാസ വ്യവസ്ഥയുടെ സംരക്ഷണവും തീരദേശവാസികളുടെ മൗലിക മനുഷ്യാവകാശങ്ങളും തമ്മിൽ അഭേദ്യബന്ധമുണ്ട്. മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്ത് അന്വേഷിക്കണം. ഇക്കാര്യത്തിൽ നാം സർക്കാരിൽ സമ്മർദ്ദം ചെലുത്തി മുന്നോട്ടുപോകേണ്ടതുണ്ട്.

NATIONAL BOARD OF ACCREDITATION
*ACCREDITED

# MARIAN
## ENGINEERING COLLEGE

Menamkulam, Kazhakuttom, Trivandrum- 695582
Affiliated to APJ Abdul KalamTechnological University
An ISO 9001-2015 Certified
Approved by AICTE

COLLEGE CODE **MCE**

**B.Tech**
- Civil Engineering *
- Mechanical Engineering*
- Computer Science & Engineering*
- Electronics & Communication Engineering*
- Electrical & Electronics Engineering
- Artificial intelligence & Machine Learning
- Electronics & Computer Engineering

**M.Tech**
- Geo Technical Engineering

**ELIGIBILITY: KEAM / JEE**
FOR ADMISSION CONTACT
**9495707111**
**9188447588**
**web: www.marian.ac.in**
**email: admission@marian.ac.in**

**100% RESULT IN M.TECH WITH 79% STUDENTS SECURING SGPA 10.**
**130+ STUDENTS PLACED THROUGH CAMPUS RECRUITMENT IN 2022 BATCH**
**SCHOLARSHIP WORTH 1.5 CRORES PER YEAR**
* B.Tech- ME, EC, CSE & CE
**VIBRANT START UP ECOSYSTEM, WITH ACTIVE IEDC**


RANK 1 NIKHILA A | RANK 2 RAIHANA S | RANK 3 KUMAR S SURRAJ
B. ARCH DEGREE EXAMINATION
UNIVERSITY RANK HOLDERS- CUSAT 2022

## m.CAP
MARIAN COLLEGE OF ARCHITECTURE & PLANNING
Managed by the Latin Archdiocese of Trivandrum
Recognized by Cochin University of Science and Technology
Approved by Council Of Architecture, New Delhi
Menamkulam, Kazhakuttom, Trivandrum- 695582
FOR ADMISSION CONTACT
**8281388111**
**9495707555**
**web: www.mcap.edu.in**
**email: marianarch.in@gmail.com**

GLORIOUS YEARS
10 YEARS OF EXCELLENCE

**B.Arch Seats - 80** ELIGIBILITY: NATA **COLLEGE CODE - MCR**

MARIAN GROUP OF INSTITUTIONS


Marian College of Arts & SciAence
Mob. 9526605413

LiFFA Little Flower Football Academy
+91 97468 70421

Marian Craft and Arts Centre for Excellence
+9183019 08450

St. Jacob's Training(B.Ed)College
0471 270 4251

Pub. Date : 01.01.2024
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 30.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto